മാതംഗലീല

വിവർത്തകൻ:

വള്ളത്തോൾ



Digitized By Kerala Sahitya Akademi

മാതംഗലീല

വിവൎത്തകൻ:

വള്ളത്തോൾ

Digitized By Kerala Sahitya Akademi

MATHANGALEELA
Translated by:
VALLATHOL
ഒന്നാംപതിപ്പ്: 1981 ആഗസ്റ്റ്
വില: 12ക.
പ്രസാധകന്മാർ:
വള്ളത്തോൾ ഗ്രന്ഥാലയം - ചെറുതുരുത്തി
അച്ചടി:
പ്രിയദർശിനി പ്രിന്റേഴ്സ് - ചെറുതുരുത്തി

Digitized By Kerala Sahitya Akademi

ക്ഷമാപണം

വള്ളത്തോൾ വന്നേരിയിൽ താമസിക്കുന്ന കാലത്ത് (1904) അയൽപക്കത്തുള്ള കടലായി മനയ്ക്കലെ നമ്പൂതിരിപ്പാട് ആവശ്യപ്പെട്ടപ്രകാരം തർജ്ജമ ചെയ്തുകൊടുത്തതാണ് 'മാതംഗലീല'. കടലായി മനയ്ക്കൽ അന്ന് ആനയുണ്ടായിരുന്നു. ഈ തർജ്ജമ നമ്പൂതിരിപ്പാടിന് പകർപ്പവകാശം കൊടുത്തിരുന്നിരിക്കണം. മാതംഗലീലയെപ്പററി പറയുമ്പോഴെല്ലാം, നമ്പൂതിരിപ്പാടിനു കൊടുത്തു എന്നേ അദ്ദേഹം അനുസ്മരിച്ചിരുന്നുള്ളു. പകർപ്പവകാശം കൊടുത്തതാവണമെന്നതിന്റെ ഉത്തമമായ തെളിവ്, അതിന്റെ പകർപ്പ്പോലും കയ്യിൽ സൂക്ഷിച്ചില്ലെന്നതുതന്നേ. ഈ കാരണത്താലാണ് ഈ തർജ്ജമ അദ്ദേഹം ജീവിച്ചിരിക്കുമ്പോൾ വെളിച്ചം കാണാതെ പോയത്.

എന്നാൽ വള്ളത്തോളിന്റെ മരണശേഷം, അത്ഭുതമെന്നു പറയട്ടെ, കടലായി മനയ്ക്കൽനിന്ന് നമ്പൂതിരിപ്പാടിന്റെ അനന്തിരവന്മാരിൽ ഒരാൾ ഒരു കയ്യെഴുത്തുകോപ്പി ഗ്രന്ഥാലയത്തിനയച്ചുതന്നു. 'ഇതു പഴയ റിക്കാർഡുകൾ തിരഞ്ഞപ്പോൾ കണ്ടുകിട്ടിയതാണ്; ഞങ്ങൾക്ക് ഇതുകൊണ്ടു പ്രയോജനമില്ല; നിങ്ങൾക്ക് പ്രയോജനപ്പെടുത്തുകയും ചെയ്യാം' എന്ന ഒരു കത്തോടുകൂടിയാണ് ആ കയ്യെഴുത്തുകോപ്പി അയച്ചുതന്നത്. വള്ളത്തോളിന്റെ സ്വന്തം കയ്പടയിൽ എഴുതിയിരുന്ന ആ

Digitized By Kerala Sahitya Akademi

പുസ്തകത്തിന്റെ സ്ഥിതി തുലോം ശോചനീയമായിരുന്നു. അതു കിട്ടിയപാടേ ഒരുസ്സൽ പകർപ്പെടുത്തു സൂക്ഷിച്ചു. തർജ്ജമയുടെ അവസാനത്തിൽ രണ്ടു ശ്ലോകങ്ങൾ നഷ്ടപ്പെട്ടു കഴിഞ്ഞിരുന്നു അപ്പോഴേയ്ക്കും!

ഇത് അച്ചടിയ്ക്കാൻ പല ശ്രമങ്ങളും ഈ കാലയളവിൽ നടത്താതിരുന്നില്ല. എന്നാൽ ഒന്നും സഫലീകരിച്ചില്ല. ഒടുവിൽ വള്ളത്തോൾപ്രസ്സിൽത്തന്നെ അച്ചടിയ്ക്കാൻ തീർച്ചപ്പെടുത്തി. ഞങ്ങളുടെ അപേക്ഷപ്രകാരം ഒരവതാരികയും സംസ്കൃത പാണ്ഡിത്യകേദാരമായ കെ. പി. നാരായണപ്പിഷാരടി എഴുതിത്തന്നു. ഇതു കഴിഞ്ഞിട്ടും വർഷം അഞ്ചാറായി! എന്നിട്ടും പുസ്തകം പ്രസിദ്ധീകരിയ്ക്കാൻ കഴിഞ്ഞില്ല. പ്രസ്സിലെ തിരക്കുമൂലം വള്ളത്തോളിന്റെ ജന്മശതാബ്ദിയാഘോഷാവസരത്തിൽ പ്രസിദ്ധീകരിയ്ക്കാമെന്ന ആഗ്രഹവും നിറവേറപ്പെട്ടില്ല! ഇരുപതുവർഷമായി ഈ കയ്യെഴുത്തു പുസ്തകം ഞങ്ങളുടെ പക്കൽ കിട്ടിയിട്ടെന്ന പരമാർത്ഥം ഞങ്ങൾ മറച്ചുവെയ്ക്കുന്നില്ല. ഈ പുസ്തകം അച്ചടിയ്ക്കാനവസരമുണ്ടാക്കിയ ശ്രീ. നാരായണൻനമ്പൂതിരിപ്പാടിന്നും, ഇതിന്നു സമുചിതമായ ഒരവതാരിക എഴുതിത്തന്ന ശ്രീ. കെ. പി. നാരായണപ്പിഷാരോടിയ്ക്കും നന്ദിപറഞ്ഞുകൊണ്ടു് ക്ഷമാപണപൂർവ്വം ഈ മാതംഗലീലാതർജ്ജമ മാതംഗപ്രേമികളുടെ കയ്യിൽ സമർപ്പിച്ചുകൊള്ളുന്നു.

— പ്രസാധകർ

Digitized By Kerala Sahitya Akademi

മാതംഗലീലയെപ്പററി

(മഹാകവി ഉള്ളൂർ)

മനുഷ്യാലയ ചന്ദ്രിക, മാതംഗലീല, കാവ്യോല്ലാസം എന്നീ മൂന്ന് ഉൽക്കൃഷ്ടകൃതികൾ തിരുമംഗലത്തു നീലകണ്ഠൻ നമ്പീശൻ രചിച്ചിട്ടുണ്ട്.

കാലം: നീലകണ്ഠൻ നമ്പീശന്റെ കാലത്തെപ്പററി ക്ലിപ്തമായി ഒന്നും പറവാൻ തരമില്ല. എന്നാൽ മനുഷ്യാലയചന്ദ്രികയിൽ ചേന്നാസ്സുനമ്പൂരിയുടെ തന്ത്രസമുച്ചയത്തെയും അതിന്റെ വിവരണാദി വ്യാഖ്യാനങ്ങളേയും സ്മരിയ്ക്കുന്നതുകൊണ്ട്, കൊല്ലം 650–ാമാണ്ടിനു മുമ്പല്ല അദ്ദേഹം ജീവിച്ചിരുന്നതെന്നു നിർണ്ണയിയ്ക്കാം. വാസ്തു വിദ്യയെപ്പററിയും അദ്ദേഹം പ്രതിപാദിയ്ക്കുന്നുവെങ്കിലും അതിന്റെ കാലം അനിർണ്ണീതമാകയാൽ തദനുരോധേന ഒരനുമാനത്തിനും മാർഗ്ഗം കാണുന്നില്ല. അദ്ദേഹം കേളല്ലൂർച്ചോമാതിരിയുടെ ശിഷ്യനാണെന്നു ചില പഴമക്കാർ പറഞ്ഞു കേട്ടിട്ടുണ്ട്. ഏതവണ്ണ ഇതരലക്ഷ്യങ്ങൾ ലഭിയ്ക്കുന്നതുവരെ അദ്ദേഹം കൊല്ലം എട്ടാം ശതകത്തിന്റെ പൂർവ്വാർദ്ധത്തിൽ ജീവിച്ചിരുന്നതായി സങ്കല്പിയ്ക്കുന്നതിൽ അനൌചിത്യമുണ്ടെന്നു തോന്നുന്നില്ല. കാവ്യോല്ലാസത്തിൽ, ഏകാവലി, പ്രതാപരുദ്രീയം, രസാർണ്ണവസുധാകരം എന്നീ അലങ്കാരഗ്രന്ഥങ്ങളെ സ്മരിയ്ക്കുന്ന അദ്ദേഹം ക്രി. പി. എട്ടാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ ജീവിച്ചിരുന്ന അപ്പയ്യദീക്ഷിതരേയും ജഗന്നാഥപണ്ഡിതരേയുംപററി ഒന്നും പ്രസ്താവിയ്ക്കുന്നില്ലെന്നുള്ളത് ഈ അനുമാനത്തിന് ഏറെക്കുറെ ഉപോൽബലകമാണ്,

Digitized By Kerala Sahitya Akademi

ജന്മസ്ഥലം —.........ഏതുവഴിയ്ക്കുനോക്കിയാലും അദ്ദേഹം വെട്ടത്തുനാട്ടുകാരനാണെന്നുള്ളതു നിസ്സംശയമാണ്. തൃപ്രങ്ങോട്ട് ക്ഷേത്രത്തിന്നു സമീപം തിരുമംഗലം എന്നപേരിൽ ഒരു മൃത്തതിൻെറ ഗൃഹം ഇന്നും ഉള്ളതായി അറിയുന്നു. പക്ഷേ 'യേഷാം ശ്രുതിഃപ്രണയിനി' എന്ന ശ്ലോകംകൊണ്ടു മനുഷ്യാലയചന്ദ്രികയുടെ കർത്താവ് ഒരു നമ്പൂരിയോ ശിവദ്വിജനോ അല്ലെന്നും 'തദ്ദേവപാദകമല' എന്ന ശ്ലോകംകൊണ്ടു ഒരമ്പലവാസിയാകണമെന്നുമാണല്ലോ അനുമാനിയ്ക്കേണ്ടത്.

മാതംഗലീല — ഗജശാസ്ത്രത്തെസ്സംബന്ധിച്ചിടത്തോളം മാതംഗലീലയെക്കാൾ പ്രചുരപ്രചാരവും പ്രമാണീഭൂതവുമായ ഒരു ഗ്രന്ഥം കേരളത്തിലില്ല. പ്രസ്തുത ഗ്രന്ഥം പന്ത്രണ്ടുപടലങ്ങളായിവിഭജിയ്ക്കപ്പെട്ടിരിയ്ക്കുന്നു. മനുഷ്യാലയ ചന്ദ്രികയെപ്പോലെ വിഭിന്നവൃത്തങ്ങളിലാണ് മാതംഗലീലയും വിരചിതമായിരിയ്ക്കുന്നത്. നാഗോൽപത്ത്യധികാരം, ശുഭലക്ഷണാധികാരം, അശുഭലക്ഷണാധികാരം. ആയുർലക്ഷണാധികാരം, വയോലക്ഷണാധികാരം, മാതനിർണ്ണയാധികാരം, മൂല്യവിശേഷാധികാരം, സത്വലക്ഷണാധികാരം, മതഭേദാധികാരം. ഗജഗ്രഹാധികാരം, ഗജരക്ഷണദിനത്തുചര്യാധികാരം, ആധോരണഗുണാധികാരം ഇവയാണ് പടലങ്ങളുടെ സംജ്ഞകൾ.

നാഗോൽപത്തി: അംഗരാജ്യത്തിൽ രോമപാദനെന്നു് പണ്ടു് ഒരു രാജാവുണ്ടായിരുന്നു. ദശരഥമഹാരാജാവിൻെറ ബന്ധുവായ ഒരു രോമപാദനുമായി നാം രാമായണത്തിൽ പരിചയപ്പെടുന്നുണ്ടല്ലോ. അദ്ദേഹംതന്നെയായി

Digitized By Kerala Sahitya Akademi

രിക്കുന്നു ഈ രോമപാദനും. ഒരിക്കൽ അനവധി ആനകൾ ഒന്നിച്ചുകൂടി അംഗരാജ്യത്തിലെ വിളവുകൾ നശിപ്പിക്കുകയും രോമപാദൻ കാട്ടിൽപോയി അവയെ പിടിച്ചുകൊണ്ടുവന്നു രാജധാനിയിൽ കെട്ടിയിടുകയും ചെയ്തു. അവ പാലകാവ്യമഹർഷിയുടെ ആനകളായിരുന്നു. അദ്ദേഹം തന്റെ ഗജങ്ങളെ അന്വേഷിച്ച് അംഗരാജ്യത്തിൽ ചെല്ലുകയും അവിടെ അവയെകണ്ട് അവയ്ക്കു വ്രണചികിത്സ ചെയ്യുകയും ചെയ്തു. അനന്തരം രോമപാദൻ ആ മഹർഷിയെ അർഗ്ഘ്യപാദ്യാദികൾ സംഭാവനചെയ്തു പ്രസാദിപ്പിച്ച് അദ്ദേഹത്തിനും ആ ഗജങ്ങൾക്കും തമ്മിലുള്ള ബന്ധത്തെപ്പററി ചോദിച്ചു. പാലകാവ്യൻ അതിനു താഴെ സംക്ഷേപിക്കുന്ന വിധത്തിൽ മറുപടി പറഞ്ഞു: 'പണ്ട് ആനകൾക്കു സ്വർഗ്ഗത്തിലോ ഭൂമിയിലോ യഥേഷ്ടം സഞ്ചരിക്കുവാൻ കഴിയുമായിരുന്നു. ഒരിക്കൽ ചില ആനകൾ ഹിമവൽപർവ്വതത്തിൽ നില്ക്കുന്ന ഒരു വലിയ വടവൃക്ഷത്തിന്റെ ശാഖകൾ നശിപ്പിക്കുകയും അപ്പോൾ അവിടെ തപസ്സുചെയ്തുകൊണ്ടിരുന്ന ദീർഘതപസ്സെന്ന മഹർഷി അതുകണ്ടു കോപിച്ച് 'ഇനി നിങ്ങൾ മനുഷ്യർക്കു വാഹനങ്ങളായി തീരുവിൻ' എന്ന് അവയെ ശപിക്കുകയും ചെയ്തു. അനന്തരം അവ പല രോഗങ്ങൾക്കും വശംവദങ്ങളായി. ബ്രഹ്മാവു കരുണയോടുകൂടി ആയുർവേദപരായണനായ ഒരു മുനി ഗജബന്ധുവായി കാലാന്തരത്തിൽ അവതരിക്കുമെന്നും, അദ്ദേഹം ഗജങ്ങളുടെ വ്യാധികളെ ശമിപ്പിക്കുമെന്നും അരുളിച്ചെയ്തു. അങ്ങിനെയിരിക്കെ ഒരവസരത്തിൽ വസുപുത്രിയായ ഗുണവതി എന്ന യുവതി മാതംഗമുനിയുടെ ആശ്രമത്തെ പ്രാപിക്കുകയും ദേവേന്ദ്രൻ തന്റെ തപോവിഘ്നത്തിന്നായി അയച്ച ഒരു സ്ത്രീയാണ് അവൾ എന്നു ശങ്കിച്ച് ആ മുനി അവളെ പിടി

Digitized By Kerala Sahitya Akademi

യാനയാകട്ടെ എന്നു ശപിയ്ക്കുകയും ചെയ്തു. അദ്ദേഹത്തിൻെറ ശാപമോചന വരം നിമിത്തം ആ പിടിയാന സാമഗായനമുനിയുടെ രേതസ്സു പാനംചെയ്കയും തൽഫലമായി പാലകാപ്യൻ എന്ന മുനികുമാരനെ പ്രസവിയ്ക്കുകയും ചെയ്തു. ആ പാലകാപ്യൻതന്നെയാണ് ഞാൻ' ഇങ്ങനെയുള്ള ആത്മകഥാകഥനത്തിനുമേൽ ഹസ്ത്യായുർവേദത്തെ സമഗ്രമായി അദ്ദേഹം അംഗരാജാവിനെ ഉപദേശിച്ചു. ഇതാണ് പുരാണ പ്രസിദ്ധമായ ഗജോൽപത്തി കഥ.

ഔത്തരാഹനായ പാലകാപ്യനാണ് ഹസ്ത്യായുർവേദത്തിൻെറ ഉപജ്ഞാതാവെന്നു മാത്രമേ ഊഹാപോഹ കുശലന്മാർ ഈ കഥയിൽനിന്നു ധരിയ്ക്കേണ്ടതായിട്ടുള്ളു.........

(കേരള സാഹിത്യചരിത്രം Part II & III
പേജ് 280–281)

Digitized By Kerala Sahitya Akademi

അവതാരിക

ഭാരതീയജീവിതത്തിൽ ഗജങ്ങൾക്ക് അതിപ്രധാനമായ ഒരു സ്ഥാനം പണ്ടുകാലം മുതല്ക്കേ ഉള്ളതാണ്. ഒരാനയുണ്ടാവുക എന്നതു് ഐശ്വര്യത്തിന്റെ ലക്ഷണമായിട്ടാണ് നാം കരുതി വരുന്നതു്. മഹത്ത്വപൂർണ്ണമായ ഒരു സമ്പത്തെന്ന നിലയിലും വാഹനമെന്ന നിലയിലും ചതുരംഗപ്പടയിലെ ഒരു പ്രധാനാംഗമെന്ന നിലയിലും ഏറ്റവും വലിയ അവസ്ഥയാണ് ഗജങ്ങൾക്ക് നൽകിയിട്ടുള്ളതു്. കേരളത്തിൽ ഇപ്പോൾ വേലകൾക്കും പൂരങ്ങൾക്കും ഉത്സവങ്ങൾക്കും മറ്റും ഉൽക്കർഷം നിശ്ചയിക്കുന്നതു് എഴുന്നെള്ളിക്കുന്ന ആനകളുടെ എണ്ണവും വലിപ്പവും ഭംഗിയും നോക്കീട്ടാണ്.

കാടുകളിൽ ജനിച്ചു് നാടുകളിൽ മാന്യപദവിയിൽ ജീവിക്കുന്ന മൃഗമാണ് ഗജം. നമ്മുടെ വളർത്തുമൃഗങ്ങളിൽ കാടുകളോടു ജന്മബന്ധമുള്ള മൃഗം ഗജം മാത്രമാണ്. മനുഷ്യരോടു് ഇത്രമാത്രം ഇണക്കവും സ്നേഹവുമുള്ള വല്ല വന്യമൃഗവും വേറെയുണ്ടോ എന്നു സംശയമാണ്.

മറ്റു മൃഗങ്ങളെ അപേക്ഷിച്ചു് ആനകൾക്കു് പല വിശേഷങ്ങളുമുണ്ടു്. കയ്യായി ഉപയോഗിക്കാൻ പറ്റുന്ന മൂക്കു്–തുമ്പിക്കയ്യ്, വായിൽ മുളച്ചു വരുന്ന കൊമ്പു്, വീശാൻ പറ്റുന്ന ചെവികൾ, വിരലില്ലാതെയുള്ള നഖങ്ങൾ, അകത്തൊതുങ്ങിയ വൃഷണങ്ങൾ, അകത്തേക്കു തിരിഞ്ഞ നാവു്, അകത്തേക്കിറങ്ങി തുമ്പിക്കയ്യിലൂടെ പുറത്തു വരുന്ന വിയപ്പ് എന്നു തുടങ്ങി മറ്റു മൃഗങ്ങളിൽ കാണാത്ത

Digitized By Kerala Sahitya Akademi

പല പ്രത്യേകതകളും ആനയ്ക്കു കാണാം. സവിശേഷപഠനമർഹിക്കുന്ന ഒരു മൃഗമാണ് ആന. മനുഷ്യനെപ്പോലെ ആനയ്ക്കും പരമായുസ്സ് നൂററിരുപതു വയസ്സാണ്.

പണ്ടത്തെ ഋഷീശ്വരന്മാരുടെ സൂക്ഷ്മദൃഷ്ടി ചെല്ലാത്തതോ അവരുടെ ശാസ്ത്രീയവിശകലനത്തിനു വിഷയമാകാത്തതോ ആയ യാതൊരു വിഷയവും ഇല്ല. ധർമ്മാർത്ഥകാമമോക്ഷശാസ്ത്രങ്ങളും നൃത്ത നാട്യ ഗീത വാദ്യാദികലകളും ആയുർവ്വേദധനുർവേദാദി തന്ത്രങ്ങളുമെന്നപോലെ ഗജാശ്വാദിലക്ഷണങ്ങളും ആ ക്രാന്തദർശികളുടെ നിഷ്കൃഷ്ട നിരൂപണത്തിനു വിധേയമായിട്ടുണ്ട്. ഗജായുർവ്വേദവും വൃക്ഷായുർവ്വേദവും പ്രത്യേകം ശാസ്ത്രമായിത്തന്നെ വളന്നു വന്നിട്ടുണ്ട്.

പാലകാപ്യമുനിയാണ് ഗജലക്ഷണശാസ്ത്രത്തിൻെറ കർത്താവ്. ഗജചികിത്സാവിധികൾ അതിൽ അതിപ്രധാനമാണ്. 12000 ശ്ലോകമുള്ള ഒരു ശാസ്ത്രമാണ് പാലകാപ്യമെന്ന ഗജലക്ഷണഗ്രന്ഥം. ആനക്കാട്ടുകളും ആനകളെപ്പിടിച്ചു വളർത്തുന്നതിൽ വളരെ പ്രതിപത്തിയുള്ള ജനങ്ങളും ധാരാളമുള്ള കേരളത്തിൽ പാലകാപ്യത്തിനു പണ്ടു കാലം മുതൽക്കേ നല്ല പ്രചാരമുണ്ടായിരുന്നു. അതിനെ ആസ്പദമാക്കിയും സ്വാനുഭവങ്ങളെ പുരസ്കരിച്ചും സംസ്കൃതകൃതികളും ഭാഷാകൃതികളും പലതും ഇവിടെ ഉണ്ടായിട്ടുണ്ട്. ഒടുവിൽ നാനൂറോളം സംവത്സരങ്ങൾക്കു മുമ്പ് തിരുമംഗലത്തു നീലകണ്ഠൻ എന്ന പണ്ഡിതകവി സംസ്കൃതത്തിൽ ഒരു സംഗ്രഹഗ്രന്ഥം നിർമ്മിച്ചു. അതാണ് മാതംഗലീല. മേപ്പത്തൂർ ഭട്ടതിരിയുടെ അച്ഛൻ മാതൃദത്തൻ ഭട്ടതിരിപ്പാട്, ഗുരുനാഥനായിരുന്ന തൃക്കണ്ടിയൂർ അച്യുതപ്പിഷാരോടി, കേളല്ലൂർ നീലകണ്ഠസോമയാ

Digitized By Kerala Sahitya Akademi

ജി, പുതുവനച്ചോറാരി, വടശ്ശേരി പരമേശ്വരൻ, വാസുദേവകവി മുതലായി പല പല പണ്ഡിതന്മാരും അക്കാലത്തു് വെട്ടത്തു നാട്ടിലുണ്ടായിരുന്നു. വെട്ടത്തുനാടു ഭരിച്ചിരുന്ന രവിവമ്മരാജാവിൻെറ എല്ലാവിധം പ്രോത്സാഹനവും ലഭിച്ചിരുന്ന ആ പണ്ഡിതന്മാരിൽ പ്രമുഖവ്യക്തിയായിരുന്നു നീലകണ്ഠൻ. അദ്ദേഹം നമ്പീശനായിരുന്നുവെന്നും മൂസ്സായിരുന്നുവെന്നും രണ്ടഭിപ്രായമുണ്ടു്. തച്ചുശാസ്ത്രത്തിൽ മനുഷ്യാലയചന്ദ്രികയെന്നും അലങ്കാരശാസ്ത്രത്തിൽ കാവ്യോല്ലാസമെന്നും ഓരോ സംക്ഷിപ്തകൃതികൾ നിമ്മിച്ചിട്ടുള്ള അദ്ദേഹം വലിയൊരു ആനക്കമ്പക്കാരനുമായിരുന്നു. 'മാതംഗലീലാചരിതാന്തരാത്മാ'വാണു് താനെന്നു് അദ്ദേഹം ആദ്യം തന്നെ തുറന്നു പറയുന്നുണ്ടു്.

പന്ത്രണ്ടു സർഗ്ഗത്തിൽ വിവിധവൃത്തങ്ങളിലുള്ള 251 പദ്യംകൊണ്ടു് നീലകണ്ഠൻ ഗജലക്ഷണശാസ്ത്രം മാതംഗലീലയിൽ സംഗ്രഹിച്ചിരിക്കുന്നു. ആനകളുടെ ഉത്ഭവം, നല്ല ആനകളുടെയും ചീത്ത ആനകളുടെയും ലക്ഷണങ്ങൾ, ആനകൾ ദീർഘായുസ്സുകളോ, അല്പായുസ്സുകളോ എന്നു കണ്ടു പിടിക്കാനുള്ള ലക്ഷണങ്ങൾ, ആനകൾക്കു വയസ്സെത്രയായി എന്നു കണ്ടു പിടിക്കാൻവേണ്ടി അതാതു പ്രായത്തിൽ ആനകൾക്കു വന്നുചേരുന്ന അവസ്ഥാഭേദങ്ങൾ, അവയുടെ ഉയരം വണ്ണം നീളം മുതലായവയെ ആസ്പദമാക്കിയുള്ള ഗുണദോഷങ്ങൾ, വില നിശ്ചയിക്കുവാനുള്ള മാർഗ്ഗം, സ്വഭാവഭേദം, മദഭേദം, ആനകളെ പിടിക്കുവാനുള്ള ഉപായങ്ങൾ, ഗജചികിത്സകർ, ആനപ്പാപ്പാന്മാക്കുണ്ടാവേണ്ട ഗുണങ്ങൾ എന്നീ വിഷയങ്ങളെയെല്ലാം ഇതിൽ സംഗ്രഹിച്ചു പ്രതിപാദിക്കുന്നുണ്ടു്. ഗജചികിത്സകൾക്കാണു് പ്രാധാന്യം.

Digitized By Kerala Sahitya Akademi

ഗജങ്ങളുടെ ഉത്പത്തിയെക്കുറിച്ചുള്ള ഒരു പശ്ചാത്തല കഥയിലൂടെയാണ് ഗ്രന്ഥം അവതരിപ്പിക്കുന്നത്, കഥയുടെ ചുരുക്കം ഇവിടെ വിവരിക്കാം

ചമ്പാപുരിയിൽ വാണിരുന്ന അംഗരാജാവായ രോമപാദന്റെ രാജ്യത്ത് കാട്ടാനകളുടെ ശല്യം വർദ്ധിച്ച് എന്തുചെയ്യേണ്ടൂ എന്നു വിചാരിച്ചിരിക്കെ യദൃച്ഛയാ ഗൌതമാദിമഹർഷിമാർ രോമപാദനെ കാണാൻ വന്നു അദ്ദേഹം അവരെ യഥാർഹം സൽക്കരിച്ചു. സന്തുഷ്ടരായ മഹർഷിമാർ രോമപാദന്ന് കാട്ടാനകളെപ്പിടിച്ചുകെട്ടുവാൻ കഴിവുണ്ടാകുമെന്ന് വരം നല്കി. കാട്ടാനകളെക്കണ്ടുപിടിക്കാൻ കാട്ടിൽ തേടി നടക്കുന്ന രാജഭൃത്യന്മാർ സാമഗായന മഹർഷിയുടെ ആശ്രമത്തിനടുത്ത് കാട്ടാനകളെയും അവയ്ക്കിടയിൽ കളിക്കുന്ന പാലകാപ്യമഹർഷിയേയും കണ്ടു, നേരം സന്ധ്യയായാൽ പാലകാപ്യൻ ആനകളെ വിട്ടു ആശ്രമത്തിലേക്കു പോകുന്നു. വർത്തമാനമെല്ലാം ഭൃത്യന്മാർ പറഞ്ഞറിഞ്ഞ രോമപാദൻ, പാലകാപ്യൻ ആശ്രമത്തിലേക്കുപോയ സമയത്ത് ആ ആനകളെ പിടിച്ചു കെട്ടിക്കൊണ്ടുവന്ന് ഗൌതമാദി മഹർഷിമാർക്ക് ദാനം ചെയ്തു. നാട്ടുകാർക്ക് കാട്ടാനശ്ശല്യം ഒഴിവാവുകയും ചെയ്തു.

പാലകാപ്യൻ പിറേറന്നു പതിവുപോലെ ചെന്നപ്പോൾ ആനകളെക്കണ്ടില്ല. അവയെത്തിരഞ്ഞു തിരഞ്ഞു ചമ്പാപുരിയിലെത്തിയപ്പോൾ ബന്ധനത്തിൽപ്പെട്ടു സങ്കടത്തിലായ ആനകളെക്കണ്ടു. അവയുടെ ശരീരത്തിലുണ്ടായിരുന്ന വ്രണങ്ങളെല്ലാം പാലകാപ്യൻ ചികിത്സ ചെയ്തു സുഖപ്പെടുത്തി.

Digitized By Kerala Sahitya Akademi

ഗജങ്ങളുടെ ഇടയിൽ പാലകാപ്യമഹർഷിയെക്കണ്ട പ്പോൾ ഗൌതമാദി മഹർഷിമാർ ചോദിച്ചു— ''അങ്ങെ ന്തിനാണ് ഈ ആനകൾക്ക് ചികിത്സ ചെയ്യുന്നതു് ? ആ നകളെക്കുറിച്ച് അങ്ങേയ്ക്ക് ഇത്രമാത്രം സ്നേഹമുണ്ടാവാൻ കാരണമെന്തു്?'' പാലകാപ്യൻ അവരുടെ ചോദ്യങ്ങൾ ക്ക് യാതൊരു മറുപടിയും പറഞ്ഞില്ല. ഗൌതമാദിക ളിൽ നിന്ന് ഈ വിവരമറിഞ്ഞപ്പോൾ രോമപാദൻതന്നെ പാലകാപ്യനെ ചെന്നു കണ്ടു സൽക്കരിച്ച് കുലനാമാദി കൾ ചോദിച്ചു. അദ്ദേഹത്തോടും ഒന്നും മിണ്ടിയില്ലാ പാലകാപ്യൻ. രോമപാദൻ പിന്മാറിയില്ല. ഭക്തി പ്രശ്രയപൂർവ്വം അദ്ദേഹം വിടാതെകൂടി വീണ്ടും ചോദി ച്ചു. അപ്പോൾ സന്തുഷ്ടനായ പാലകാപ്യൻ രോമപാദ നോട്ട് ആത്മകഥ വിവരിക്കാൻ തുടങ്ങി.

പണ്ട് ആനകൾക്ക് ആകാശത്തും സഞ്ചരിക്കാമായി രുന്നു. ഹിമാലയത്തിൻെറ വടക്ക് ഇരുനൂറുയോജന വി സ്താരത്തിൽ പടന്നു പന്തലിച്ചു നില്ക്കുന്ന ഒരു പേരാൽമര മുണ്ടായിരുന്നു. ആ പേരാലിന്മേൽ ആനകൾ ചെന്നിരു ന്നു. അതിൻെറ കൊമ്പുകൾ പൊട്ടിവീണു. അപ്പോൾ ചുവട്ടിൽ താമസിച്ചിരുന്ന ദീർഘതപസ്സെന്ന മഹർഷി കോപിച്ച് ആനകളെശ്ശപിച്ചു. അതിൻെറ ഫലമായി ആനകൾക്ക് ആകാശഗതിയില്ലാതാവുകയും മനുഷ്യവാ ഹനങ്ങളായി അധഃപതിക്കേണ്ടിവരികയും ചെയ്തു, ദി ഗ്ഗജങ്ങളെ മാത്രം ദീർഘതപസ്സ ശപിച്ചില്ല.

ദിഗ്ഗജങ്ങൾ തങ്ങളുടെ വംശത്തിലുള്ള എല്ലാ ഗജങ്ങ ളോടും കൂടി ബ്രഹ്മാവിൻെറ അടുക്കൽച്ചെന്നു സങ്കടം പറ ഞ്ഞു—'ഭഗവാനേ! ഞങ്ങളുടെ വംശത്തിൽ ജനിച്ചവക്ക്

2

Digitized By Kerala Sahitya Akademi

ഭാഗ്യദോഷത്താൽ ഭൂമിയിൽ ജീവിക്കേണ്ടതായി വന്നിരിക്കുന്നു. അവർക്കു ഭക്ഷണദോഷം നിമിത്തം രോഗങ്ങൾ ബാധിക്കുമല്ലോ. എന്താണ് അവർ ചെയ്യുക?'

ബ്രഹ്മാവ് മറുപടി പറഞ്ഞു—'ഗജബന്ധുവായ ഒരു മഹർഷി അടുത്ത കാലത്തുതന്നെ ജനിക്കും. ആയുർവ്വേദവിദഗ്ദ്ധനായ അദ്ദേഹം ഗജരോഗങ്ങളൊക്കെ മാററിക്കൊള്ളും.'

ബ്രഹ്മാവിന്റെ ആശ്വാസവചനം കേട്ട് ദിഗ്ഗജങ്ങൾ മടങ്ങിപ്പോന്നു. മററു ഗജങ്ങൾ ശാപമനുസരിച്ച് ഭൂമിയിലും വന്നുചേർന്നു.

പിന്നീട് ബ്രഹ്മാവ് സർവ്വസൌന്ദര്യസാരം കൊണ്ട് താൻ സൃഷ്ടിച്ച ഒരു സുന്ദരി കണക്കിലേറെ ഗർവ്വിഷ്ഠയായിക്കാണുകയാൽ അവളെ ശപിച്ചു. തന്മൂലം അവൾ ഭാർഗ്ഗവമഹർഷിയുടെ പുത്രിയായി ജനിച്ചു. ഗുണവതിയെന്നു പേരായ ആ കന്യക, സ്ഥലവിശേഷദർശനകൌതുകം നിമിത്തം മതംഗമഹർഷിയുടെ ആശ്രമത്തിൽ എത്തിച്ചേർന്നു അവളെക്കണ്ടപ്പോൾ മതംഗമഹർഷി വിചാരിച്ചു—എന്റെ തപസ്സു മുടക്കുവാൻ ദേവേന്ദ്രനയച്ചു വന്നവളാണിവളെന്ന്. 'ഇവൾ ഒരു പിടിയാനയായിപ്പോകട്ടെ' എന്നു പെട്ടെന്നു ശപിക്കുകയും ചെയ്തു. പിന്നെയാണ് മനസ്സിലായത് ഗുണവതി നിരപരാധയാണെന്ന്. ഉടനെ ശാപമോക്ഷവും കൊടുത്തു—'സാമഗായനമഹർഷിയുടെ ശുക്ലം കുടിച്ച് നീ ഒരു പുത്രനെ പ്രസവിക്കും, അന്നു നിന്റെ ശാപവും തീരും' എന്ന്.

ഒരു ദിവസം ഒരു യക്ഷി സ്വപ്നത്തിൽ സാമഗായനമഹർഷിയെ പ്രാപിച്ചു ഉടനെ സാമഗായനൻ ആശ്രമ

Digitized By Kerala Sahitya Akademi

ത്തിന്റെ പുറത്തുപോയി മൂത്രവിസർജ്ജനം ചെയ്തു. മൂത്രത്തോടൊപ്പം ശുക്ലവും സ്രവിച്ചു. മഹർഷി ആശ്രമത്തിലേക്കു മടങ്ങിയ ഉടനെ ഒരു പിടിയാന–ഗുണവതി–ശുക്ലസഹിതമായ ആ മൂത്രം വന്നു കുടിച്ചു. താമസമുണ്ടായില്ല. അവരം ഗർഭിണിയായി. വായിലൂടെ ഒരു മകനെ പ്രസവിക്കയുംചെയ്തു. ശാപമോക്ഷം ലഭിച്ച ഗുണവതി, പുത്രനെ സാമഗായന മുനിക്കു കൊടുത്ത് സ്വർഗ്ഗത്തിലേക്കു മടങ്ങി. സാമഗായനൻ പുത്രന് ജാതകർമ്മാദികരം കഴിച്ച് പാലകാപ്യനെന്നു പേരിട്ടു വളർത്തി. ആ പാലകാപ്യൻ പന്തീരായിരം കൊല്ലം ഗജങ്ങളോടൊപ്പം ജീവിച്ച് അവയുടെ ഭക്ഷ്യാഭക്ഷ്യങ്ങളും ഇഷ്ടാനിഷ്ടങ്ങളുമെല്ലാം ശരിയായി മനസ്സിലാക്കി.

അല്ലയോ രോമപാദരാജാവേ! ആ പാലകാപ്യനാണ് ഞാൻ.

ഇതു കേട്ടപ്പോരം രോമപാദന് വളരെ അത്ഭുതം തോന്നി. അദ്ദേഹം ഗജങ്ങളെസ്സംബന്ധിച്ച് തുടർച്ചയായി അനേകം ചോദ്യങ്ങരം ചോദിച്ചു. ആ ചോദ്യങ്ങരംക്കു മറുപടിയായി പാലകാപ്യൻ ഗജോൽപത്തി മുതൽ ചികിത്സാവിധികളടക്കം സകല കാര്യങ്ങളും പറഞ്ഞുകൊടുത്തു. അതാണ് പാലകാപ്യമെന്ന പ്രസിദ്ധ ഹസ്ത്യായുർവ്വേദ ഗ്രന്ഥം.

മഹാരോഗസ്ഥാനം, ക്ഷുദ്രരോഗസ്ഥാനം, ശല്യസ്ഥാനം, ഉത്തരസ്ഥാനം എന്നിങ്ങനെ നാലു സ്ഥാനങ്ങളിലായി നൂററിഅറുപതദ്ധ്യായം പാലകാപ്യത്തിലുണ്ട്. മുന്നൂററിപ്പതിനഞ്ചു രോഗങ്ങളുടെ നിദാനലക്ഷണാദികളും ചികിത്സകളും അതിൽ വിവരിക്കുന്നുണ്ട്. പന്തീരായി

Digitized By Kerala Sahitya Akademi

രം ശ്ലോകമുള്ള ഈ പാലകാപ്യത്തിന്റെ സാരസംഗ്രഹമാണ് തിരുമംഗലത്തു നീലകണ്ഠന്റെ മാതംഗലീല. കേരളീയരുടെ ഗജലക്ഷണശാസ്ത്രഗ്രന്ഥമാണത്.

നമ്മുടെ ആട്ടക്കഥാസാഹിത്യത്തിൽ ഗജപര്യായമായിട്ട് സാമജമെന്നൊരു പദം ധാരാളം പ്രയോഗിച്ചു കാണാം. ഗജഗാമിനി എന്നർത്ഥത്തിൽ സാമജഗാമിനി എന്നു പ്രയോഗിക്കുന്നു. എന്നാൽ ഗജങ്ങൾക്ക് ആ പേർ കിട്ടിയതെങ്ങനെയെന്ന് സാമാന്യം പണ്ഡിതന്മാർക്കുപോലും അറിഞ്ഞുകൂടാ. സാമവേദത്തിൽ നിന്നത്രേ ദിഗ്ഗജങ്ങളുടെ ഉൽപ്പത്തി. സൂര്യഗോളം ഏതണ്ഡത്തിൽ നിന്നാണോ ഉണ്ടായതു് ആ അണ്ഡത്തിന്റെ രണ്ടു ഓടുകൾ രണ്ടുകയ്യിലും വെച്ച് ബ്രഹ്മാവ് ഏഴ സാമമന്ത്രങ്ങൾ അഖണ്ഡമായി ഗാനം ചെയ്തു. അപ്പോൾ വലത്തെ കയ്യിലെ ഓടിൽനിന്നു് ഐരാവതമുണ്ടായി. പിന്നെ ഓരോ സാമങ്ങളായി വെവ്വേറെ ഗാനം ചെയ്തു. അപ്പോൾ പുണ്ഡരീകാദികളായി പിന്നെയുള്ള ഏഴ ദിഗ്ഗജങ്ങളുമുണ്ടായി. ഇടത്തെ കയ്യിലെ ഓട്ടിൽനിന്നു് അഭ്രമുതുടങ്ങി ക്രമത്തിൽ എട്ടുപിടിയാനകളുമുണ്ടായി. അവയാണ് ഐരാവതാദി ദിഗ്ഗജങ്ങളുടെ കൂട്ടുകാരികൾ. ആ ദിഗ്ഗജങ്ങളിൽനിന്നു് പുത്രപൌത്രാദി ക്രമേണ മറ്റു ഗജങ്ങളെല്ലാം ഉളവായി. ഇങ്ങനെയാണ് ഗജോൽപത്തിയെക്കുറിച്ച പാലകാപ്യാദികൾ പറയുന്നത്. അങ്ങനെ സാമഗാനത്തിൽനിന്നു ജനിച്ചതുകൊണ്ടാണ് ആനകൾക്ക് സാമജങ്ങളെന്നു പേർ വന്നതു്. അതിരിക്കട്ടെ.

മാതംഗലീലയ്ക്കു് ഭാഷയിൽ വ്യാഖ്യാനങ്ങളും ഗദ്യവിവർത്തനങ്ങളും സംഗ്രഹങ്ങളും മറ്റും മുമ്പുതന്നെ പലതും

Digitized By Kerala Sahitya Akademi

ഉണ്ടായിട്ടുണ്ടു്. എന്നാൽ പദ്യവിവർത്തനം ഉണ്ടായിട്ടില്ല. ആ ന്യൂനത പരിഹരിക്കാനെന്നവണ്ണം മാതംഗലീലാകർത്താവായ നീലകണ്ഠൻെറ നാട്ടുകാരൻതന്നെയായ മഹാകവി വള്ളത്തോൾ ഒരു വിവർത്തനം തയ്യാറാക്കി വെച്ചിട്ടുണ്ടു് എന്തു കാരണത്താലോ അതദ്ദേഹം പ്രസിദ്ധപ്പെടുത്തുകയുണ്ടായില്ല.

ശാസ്ത്രഗ്രന്ഥങ്ങളുടെ വിവർത്തനത്തിൽ അർത്ഥത്തിൻെറ സ്പഷ്ടതയ്ക്കാണല്ലോ പ്രാധാന്യം. അക്കാര്യത്തിൽ മറേറതുവൃത്തത്തെക്കാളും അനുഷ്ടുപ്പുവൃത്തത്തിനു് അസാമാന്യശക്തിയുണ്ടു്. അതുകൊണ്ടാവണം ശാർദ്ദൂലവിക്രീഡിതാദി ദീർഘവൃത്തങ്ങളിൽ നിബദ്ധമായ മാതംഗലീലയുടെ വിവർത്തനം അനുഷ്ടുപ്പുവൃത്തത്തിലാക്കിയതു്. രണ്ടും മൂന്നും നാലും ശ്ലോകങ്ങളെക്കൊണ്ടാണു് ഓരോ ശ്ലോകത്തിൻെറയും വിവർത്തനം നിർവ്വഹിച്ചിട്ടുള്ളതു്. അർത്ഥം വേണ്ടത്ര സ്പഷ്ടമാക്കാൻ അതുകൊണ്ടു് മഹാകവിക്കു തികച്ചും സാധിച്ചിട്ടുമുണ്ടു്.

ആനയെഴുന്നള്ളിപ്പിന്നു വളരെയധികം പ്രാധാന്യം നല്കിവരുന്ന കേരളത്തിലെ ഗജപ്രിയന്മാരുടെ കൈകളിൽ ഈ വിവർത്തനം ഞാൻ സാദരം ഉപഹരിച്ചുകൊള്ളുന്നു.

കെ. പി. നാരായണപ്പിഷാരോടി

'നാരായണീയം'

തൃശ്ശൂർ—4

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

മാതംഗലീല

മൂലം

നൃസിംഹയാദവൌ ദൈത്യസമൂഹോഗ്രാടവീദവൌ
രാജമാനൌ ഭജേ 'രാജരാജമംഗല'വാസിനൌ. 1

മാതംഗവക്ത്രം പ്രണിപത്യ ദൃഷ്ട്വാ
മാതംഗശാസ്ത്രം മുനിപുംഗവോക്തം
മാതംഗലീലാചലിതാന്തരാത്മാ
മാതംഗലീലാം രചയാമി താവൽ. 2

പരിഭാഷ

മാതംഗവക്ത്രനഥ, ഭാരതിയമ്മ, കുന്നിൻ-
മാത,ംഗയോനിമഥനൻ, മലർമങ്കയാളും
മാതംഗമുക്തിദനമെന്നിവരെപ്പണിഞ്ഞു
മാതംഗലീല മലയാണ്മയിലോതിടുന്നേൻ. 4

മൂലം:—ഉത്പത്തിശ്ശുഭലക്ഷണാന്യശുഭല—
ക്ഷ്മായുർവയോലക്ഷണം
മാനം മൂല്യവിശേഷസ്ത്വമദഭേ—
ദാശ്ച ക്രമാദ്ദന്തിനാം

Digitized By Kerala Sahitya Akademi

വന്യാനാം ഗ്രഹണം ച രക്ഷണദി നർത്വാ
ചാരഭേദാദികം
നാഗാധ്യക്ഷഗുണാദികം ച സകലം
സംക്ഷേപതോ വക്ഷ്യതേ. 3

പരി: ഗജങ്ങളുടെ യുത്പത്തി, ലക്ഷണം,
ചീത്തലക്ഷണം,
ആയുർവയോലക്ഷണവുമളവേ,വം വിലത്താം 2

സത്വഭേദം, മദമ്പാടിൻഭേദവും ക്രമമാംവിധം
കാട്ടാനയെപ്പിടിയ്ക്കേണ്ടും തോതും രക്ഷാക്രമങ്ങളും 3

ദിനത്തുചര്യാദികളും പാപ്പാന്റെ ഗുണാദിയും
എല്ലാം ചുരുക്കമായിട്ടു ചൊല്ലാൻ ഭാവിയ്ക്കയാണു
[ഞാൻ.

മൂലം: ആസീദംഗാധിരാജസ്സുരപതിസദൃശോ
വിശ്രുതോ രോമപാദോ
ഗംഗാതീരേ കദാചിത് പരിജനസഹിത-
സ്സോഽഥ ചമ്പാനഗര്യാം
ആസീനോ രത്നപീഠേ വിപിനഗജകൃതം
സർവസസ്യാദിനാശം
കൈശ്ചിദ്വിജ്ഞാപിതോഽചിന്തയദവനിപതിഃ
കിന്നു കാര്യം മയേതി. 4

പരി: പണ്ടുണ്ടായ് രോമപാദാഖ്യൻ തുംഗശ്രീ
യംഗഭൂമിപൻ;
ഗംഗാതീരത്തവൻ ചമ്പാപുരിവാണു സസൈന്യനായ്.
സസ്യങ്ങൾ കാട്ടാനകളാൽ മഥിയ്ക്കപ്പെട്ട സംഗതി
ിലരപ്പോളുണർത്തിച്ചു കേട്ടു ചിന്തയിലായ് നൃപൻ.

Digitized By Kerala Sahitya Akademi

മൂലം: കാലേഽസ്മിൻ ഗൌതമോ നാരദഭൃഗുമൃഗച–
ർമ്മാഗ്നിവേശാരിമേദാഃ
കാവ്യോ മാതംഗചര്യാദയൃഷിവൃഷഭാ
ദൈവതാനാം നിയോഗാൽ
ചമ്പാം പ്രാപ്താ നൃപേണാസനകുസുമഫലാ–
ദ്യൈസ്സമാരാധിതാസ്തേ
വന്യാൻ നാഗാൻ ഗൃഹീതും പ്രദദുരഥ വരം
ചാദരാദംഗപായ. 5

പരി: അന്നേരം ദൈവയോഗത്താലങ്ങു വന്നു മഹർഷിമാർ:
ഗൗതമൻ, നാരദ, ഭൃഗു, മൃഗചർമ്മാഗ്നിവേശരും
ശുക്രാരിമേദർ മാതംഗചര്യനും മുതലായവർ;
പൂജിച്ചിതവരെബ്ഭൂപനർഘ്യപാദ്യാസനങ്ങളാൽ;
സൽകാരംകൊണ്ടു സന്തുഷ്ടരായ മാമുനിമാർകളും
നൃപന്നു കാട്ടാനകളെപ്പിടിപ്പാൻ വരമേകിനാൻ.

മൂലം: രാജ്ഞാ തേന ഗജഗ്രഹായ സചിവാ
ന്നന്നാശ്ചരന്തോ വനേ
സ്തേഽപശ്യൻ പഥി സാമഗായനമൃഷിം
തിഷ്ഠന്തമപ്യാശ്രമേ
ആരാദ്വാരണയൂഥമത്ര വിഹര-
ന്തം പാലകാപ്യം മുനിം
ശ്രീമന്തം ഗജയൂഥഗം വിരഹിതം
തേനൈവ സന്ധ്യാസ്വ തത്. 6

Digitized By Kerala Sahitya Akademi

പരി: പിന്നീട കാട്ടാനകളെപ്പിടിപ്പാൻവേണ്ടി മന്നവൻ
ചൊല്ലിവിട്ടോരമാത്യന്മാർ കാട്ടിൽ ച്ചുററിനടന്നുതേ.
അവർ കണ്ടോരാശ്രമത്തിൽസ്സാമഗായനയോഗിയെ;
അതിന്നടുത്തായ് ക്രീഡിച്ചും കരീന്ദ്രനികരത്തെയും.
ആനകാംക്കിടയിൽക്കണ്ടോർ പാലകാപ്യമഹർഷിയെ;
സന്ധ്യതോറുമവൻ വേർപെട്ടിട്ട കണ്ടൂ ഗജങ്ങളെ.

മൂലം: അംഗേശായ നിവേദിതം തദഖിലം
ഭൃത്യൈസ്സു ഗത്വാ ഗജാ-
നസ്മിന്നാശ്രമഗേ മുനാവഥ ഗൃഹീ-
ത്വാഗത്യ ചമ്പാം ക്ഷണാത്
ഏതാൻ ഗൗതമനാരദാദിമുനിവ-
ര്യേഭ്യോ ദദൗ; തേ പുനഃ
സ്തംഭേ താൻ സുദൃഢം നിയമ്യ സുഖമ-
ത്രോഷുസ്തഥാന്യേ ജനാഃ 7

പരി: ആ വാർത്തയെല്ലാം ഭൃത്യന്മാർ ചൊല്ലി
കേട്ടംഗരാജനും,
പാലകാപ്യൻ പർണ്ണശാല പുക്കിരിക്കെ,ഗ്ഗജങ്ങളെ
പിടിച്ചുകൊണ്ടുവന്നാശു ഗൗതമാദ്യർക്ക നല്കിനാൻ.
അവററിനെത്തളച്ചിട്ട സുഖമായ് വാണിതങ്ങവർ;
നാട്ടാക്കൊഴിഞ്ഞൂ കാട്ടാനക്കൂട്ടത്താലുള്ള ശല്യവും.

മൂലം: ശുശ്രൂഷാദ്യം ച കൃത്വാ മുനിരഥ ജനക-
സ്യാശ്രമാത് പാലകാപ്യ-
സ്തം ദേശം പ്രാപ്യ യത്ര സ്ഥിതമഥ ഗജയൂ-
ഥം തദസ്മിന്ന ദൃഷ്ട്വാ

Digitized By Kerala Sahitya Akademi

സർവത്രാന്വിഷ്യ ചമ്പാം മുനിരഥ ഗതവാൻ
സ്നേഹതോ വ്യാകുലാത്മാ
നാഗാനാം ദുഃഖിതാനാം വ്രണശമനചികി–
ത്സാദിരക്ഷാം ചകാര. 8

പരി: തിരിച്ചെത്തീ പാലകാപ്യൻ പർണ്ണശാല
യിൽനിന്നുടൻ;
മാതംഗനിരയെക്കാണാഞ്ഞാതങ്കത്തോടെ മാമുനി
എല്ലാടവും തിരഞ്ഞിട്ട ചമ്പാപുരിയിലെത്തിനാൻ;
കണ്ടാനങ്ങു തളയ്ക്കപ്പെട്ടിണ്ടലാണ്ട ഗജങ്ങളെ;
അവയ്ക്കു ചെയ്താൻ സ്നേഹത്താലോരോ വ്രണ
ചികിത്സയും.

മൂലം: തത്രസ്ഥാ ഗൗതമാദ്യാ ദദൃശുരഥ മുനിം
മൗനസമ്പന്നമേനം
ശ്രീമന്തം ഹസ്തിയൂഥസ്ഥിതമപി മുനയ–
സ്തത്ര പപ്രച്ഛുരേവം:
'കസ്മാത്തേഷാം വ്രണാല്പിനസി ഗജനിവഹേ
തേ കൃപാ കേന ജാതേ–'
ത്യേതൈസ്സംപൃച്ഛ്യമാനോ മുനിഭിരപി സ കി–
ഞ്ചിന്ന ച പ്രത്യുവാച. 9

പരി: അങ്ങെഴും മുനിമാരാനക്കൂട്ടത്തിൽപ്പാലകാപ്യനെ
കണ്ടിട്ടവനൊടീവണ്ണം ചോദിച്ചു ഗൗതമാദികൾ:
'എന്തിനാണീഗ്ഗജങ്ങൾക്കു ചെയ്‌വൂ വ്രണചികിത്സ
നീ?
ഇവററിലുൾക്കൃപ നിനക്കുണ്ടാവാനെന്തു കാരണം?
പാലകാപ്യനതിന്നൊന്നുമുത്തരം ചൊല്ലിയില്ലഹോ!

Digitized By Kerala Sahitya Akademi

മൂലം: തം വൃത്താന്തം മുനീന്ദ്രൈർഗദിതമഥ നിശ-
മ്യാംഗരാജോऽത്ര ഗത്വാ
പാദ്യാർഘ്യാദ്യൈസ്സമാരാധ്യ ച മുനിമന്ത ത-
ജ്ജന്മനാമാദി സർവം
പപ്രച്ഛ ശ്രോതുകാമഃ ക്ഷിതിപതിരമുനാ
താപസേനാഥ കിഞ്ചി-
ന്നോക്തോ ഭൂയോऽപ്യപൃച്ഛൻ മുനിമമുമനഘം
ഭക്തിനമ്രോ നരേന്ദ്രഃ 10

പരി: ആ വൃത്താന്തം മുനിശ്രേഷ്ഠരംഗരാജനൊടോതിനാർ
ചെന്നു ഭൂപാലനം പാലകാപ്യനെപ്പൂജചെയ്തുടൻ
ചോദിച്ചാനറിവാൻവേണ്ടിഗ്ഗോത്രനാമാദിയൊക്കയും.
അപ്പോഴുമാ മുനിശ്രേഷ്ഠൻ മൗനമുദ്ര വിടായ്കയാൽ
വീണ്ടും ഭക്തിയൊടേ താന്തു കുപ്പിച്ചോദിച്ചു മന്നവൻ.

മൂലം: അംഗേശം പാലകാപ്യോ മുനിരഥ പരിതു-
ഷ്ടോऽബ്രവീത്: 'കാമചാരാ
മാതംഗാഃ കാമരൂപാ ദിവി ഭുവി ച യഥേ-
ഷ്ടം പുരാ സഞ്ചരന്തഃ;
പ്രാലേയാദ്രേരുദീച്യാം ദിശി വടവിടപീ
ദ്വേ ശതേ യോജനാനാം
വിസ്താരായാമയുക്തോ ഭവതി; ഗജവരാ-
സ്തേത്ര തസ്മിൻ നിപേതുഃ 11

പരി: അംഗരാജൻെറ നൽഭക്തി കാൺകയാൽ
പരിതുഷ്ടനായ്
പാലകാപ്യൻ മുനിശ്രേഷ്ഠൻ ചേലോടുത്തരമോതി
നാൻ:

Digitized By Kerala Sahitya Akademi

'പണ്ടു കുംഭിപ്പരിഷകൾ കാമരൂപികളാകയാൽ
ചരിച്ചിരുന്നു വാനത്തും മന്നിടത്തും യഥേഷ്ടമേ.
ഒരു നാൾ തോന്നിയവിധം സഞ്ചരിക്കുന്ന ദന്തികൾ
ഹിമവാന്റെ വടക്കുള്ളോരാലിന്മേൽച്ചെന്നു കൂടി
നാർ.
വണ്ണവും പൊക്കവുമതിന്നുണ്ടിരുന്നൂറു യോജന;

മൂലം: ശാഖാ തൈഃ പരിപാടിതാശ്രമപദേ
തത്രസ്ഥിതസ്താപസോ
നാമ്നാ ദീർഘതപസ്തതഃ കുപിതവാൻ
നാഗാൻ ശശാപാഞ്ജസാ
തസ്മാത്തേ ഖലു കാലചാരരഹിതാ
നാഗാബഭൂവുർഗതാഃ
മർത്ത്യാനാമപി വാഹനത്വമഥ; നോ-
ശപ്താസ്തു ദിക്കുഞ്ജരാഃ 12

പരി: താഴേ വീണിതതിൻകൊമ്പൊന്നൊടിഞ്ഞാ
ശ്രമഭൂമിയിൽ.
അപ്പോളങ്ങമരും ദീർഘതപസ്സെന്ന മുനീശ്വരൻ
പെട്ടെന്നു രുഷ്ടനായിട്ടു ശപിച്ചൂ വാരണങ്ങളെ.
ശാപത്താൽക്കാമസഞ്ചാരമില്ലാതായ് കരികൾ
ക്കഹോ!
മർത്ത്യവാഹനമെന്നുള്ള നിലയും വന്നുകൂടിതേ.
ദിഗ്ഗജങ്ങളെയാകട്ടേ ശപിച്ചില്ലാ തപോധനൻ;

മൂലം: ദിങ്നാഗാസ്സഹ സർവകുഞ്ജരകുലൈ-
ർഗത്വാട്ബ്രുവൻ പത്മജം:
ദേവാസ്മത്കുലജന്മനാം വിധിവശാദ്-
ഭൂമീം ഗതാനാമപി

Digitized By Kerala Sahitya Akademi

രോഗാഃസ്യുർവിഷമാതിഭോജനവിരു-
ദ്ധാജീർണ്ണഭുക്താദിഭിഃ'
പ്രോക്തന്മൈരതിദുഃഖിതൈരിതി പുന-
സ്താൻ പ്രോക്തവാൻ പത്മഭൂഃ 13

പരി: അവ സർവഗജോപേതരായ്ച്ചെന്നജനൊ
ടോതിനാർ:
''സ്വാമിൻ, ഞങ്ങടെ വംശക്കാർ ശാപത്താലൂഴി
പുക്കപോയ്:
അവക്കേല്ലിലയോ രോഗം വിഷമാധ്യശനാദിയാൽ?
അതിന്നെന്താണ വഴി?'യെന്നവ ദുഃഖത്തൊടോതവേ
അലിവുകൊണ്ടുലോകേശനരുളിച്ചെയ്തിതിങ്ങനെ:

മൂലം: 'കശ്ചിന്നാതിചിരാദ് ഭവിഷ്യതി ചരം
മാതംഗബന്ധുർമ്മുനി-
സ്വായുർവേദപരായണോഽതിനിപുണോ
വ്യാധീൻ ഹരിഷ്യത്യസൗ'
ഇത്യുക്താ ദിഗനേകപാശ്ച വിധിനാ
യാതാ യഥാ സ്വം ദിശം:
ദിങ്മാതംഗകുലോദ്ഭവാശ്ച പൃഥിവീം
യാതാഃ പരേ ശാപതഃ. 14

പരി: 'ഏറെ വൈകാതൊരു മുനിയുണ്ടാം മാതംഗ
ബന്ധുവായ്;
ആയുർവേദജ്ഞനാദ്ദേഹം രോഗങ്ങളൊഴിവാക്കിടും,'
എന്നു കേട്ടാട്ടിഗജങ്ങൾ തൻതൻദിക്കാൻ മേവിനാർ;
മററുള്ളാനകളോ, ശാപംകൊണ്ടു ഭൂമിയിലെത്തിതേ.

മൂലം: ധാത്രാ യക്ഷനരാമരാസുരരുചാ-
സ്സംഗൃഹ്യ വാണീവ യാ

Digitized By Kerala Sahitya Akademi

സൃഷ്ടാ, സാ രുചിരാ കദാപി വിധിനാ
ശപ്താഥ ദുർഗർവതഃ;
തസ്മാത് സാ വനകന്യകാ ഗുണവതീ
നാമ്നാഽഭവദ് ഭാർഗവാത്
സൈഷാഥാശ്രമമാഗതാ ബത മതം-
ഗസ്യാതികൗതുഹലാത്. 15

പരി: പിന്നെ ബ്രഹ്മാവു സൃഷ്ടിച്ചു വാണിയെപ്പോ
ലൊരുത്തിയെ,
യക്ഷദേവാസുരനരലക്ഷ്മിയെല്ലാമെടുത്തുതാൻ,
ഒരുനാളം ദുർമ്മദത്തള്ളൽകൊണ്ടാ ത്രൈലോക്യസുന്ദരി
ശപിക്കപ്പെട്ടുപോയ് രുഷ്ടനായിത്തീർന്ന വിരിഞ്ച
നാൽ.
അതിനാൽ വസുവാം പെണ്ണിലവരം ഭാർഗ്ഗവപുത്രി
യായ്
പിറന്നുതേ ഗുണവതിയെന്ന പേരോടുമൂഴിയിൽ.
ഒരു നാളാഗ്ഗുണവതി പെരുതായ കുതുഹലാൽ
മതംഗനാം മുനീന്ദ്രൻെറയാശ്രമം ചെന്നു പൂകിനാൾ.

മൂലം: 'ശക്രേണ പ്രഹിതാ ത്വിയം മമ തപോ-
വിഘ്നായ തേനേ'തി സാ
ശപ്താ; പ്രാപകരേണതാം മുനിരഥ
ജ്ഞാത്വാനഘാം താം ക്ഷണാത്;
'ഭദ്രേ, ഹസ്തിനി, സാമഗായനമുനേഃ
ശുക്ലപ്രപാനാദ്യദാ
പുത്രസ്തേ ഭവിതാ തദാ തവ ഭവേ-
ച്ഛാപാന്ത'മിത്യബ്രവീത്. 16

Digitized By Kerala Sahitya Akademi

പരി: 'തപം മുടക്കവാനിന്ദ്രനയച്ചോരവളാണിവൾ'
എന്നു കണ്ടോക്കമെനിയെശ്ശപിച്ചു, ഹന്ത, മാമുനി.
ശാപത്താലായവൾ പിടിയാനയായ്ത്തീർന്ന ശേഷമേ
വാസ്തവം ദിവ്യദൃക്കാൽപ്പാർത്തറിഞ്ഞുള്ളൂ തപോധനൻ.
പെട്ടെന്നുണ്ടായ കോപത്തിലനുതാപത്തോടേ മുനി
അവളോടരുളിച്ചെയ്തു: 'ഭദ്രേ, ദുഃഖിയ്ക്കവേണ്ട നീ.
സാമഗായനധന്യർഷിതൻെറ ശുക്ലം കുടിയ്ക്കയാൽ
പുത്രനുണ്ടാം നിന;.ക്കന്നു ശാപം, ഹസ്തിനി,തീരുമേ.'

മൂലം: യക്ഷീ കാചന സാമഗായനമുനിം
സ്വപ്നേ സമാപൈകദാ;
ഗത്വാഽഥാശ്രമതോ ബഹിരമ്മുനിവരോ
മൂത്രം ചകാരാഞ്ജസാ
മൂത്രേണേന്ദ്രിയമസ്രവത്തദപിബദ്-
ഗേഹം പ്രവിഷ്ടേ മുനൗ
ശീഘ്രം ഗർഭമധത്ത സാ ച കരിണീ
സൂതേസ്മ പുത്രം മുഖാത്. 17

പരി: പിന്നെ സ്വപ്നത്തിലൊരുനാൾ യക്ഷീസംഭോഗമേല്ക്കയാൽ
പുറത്തുപോന്നുടൻ മൂത്രം വീഴ്ത്തിനാൻ സാമഗായനൻ.
മൂത്രത്തോടൊപ്പമേ വാർന്ന ശുക്ലമപ്പിടിയാനപോയ്
കുടിച്ചു, താപസൻ പർണ്ണശാലയുൾപ്പുക്കശേഷമേ.
ഉടൻ ഗർഭം ധരിച്ചിട്ടാപ്പിടിയാനയൊരുണ്ണിയെ
പ്രസവിച്ചു വായിലൂടെ: മുനിവാക്കു പിഴയ്ക്കുമോ?

Digitized By Kerala Sahitya Akademi

മൂലം: ദത്വാ തം മുനയേ മുദാ നിജസുതം
സന്ത്യജ്യ സാ ഹസ്തിനീ-
ഭാവം ചാഥ ദിവം ജഗാമ സഹസാ
ശാപാദ്വിമുക്താ സുഖം;
പ്രീതോഽസാവഥ സാമഗായനമുനി-
സ്തജ്ജാതകർമ്മാദികം
കൃത്വാഖ്യാമപി പാലകാപ്യ ഇതി ദി-
വ്യോക്ത്യാ ചകാരാസ്യ ച. 18

പരി: കുട്ടിയെത്താപസേന്ദ്രങ്കൽക്കൊടുത്തേല്പിച്ചുഹസ്തിനി
ശാപവും വിട്ടു മുക്തയായ് വാനിലേയ്ക്കു ഗമിച്ചുതേ.
പ്രീതനായ്ജ്ജാതകർമ്മാദി ചെയ്തിട്ടാസ്സാമഗായനൻ
പുത്രന്നു പാലകാപ്യപ്പേരിട്ടു വാനവർ ചൊല്ലയാൽ.

മൂലം: സോഽക്രീഡച്ച ഗജൈഃ കരേണുകലഭൈ-
സ്സാകം നദീനിർഝര-
പ്രസ്ഥേഷ്വപ്സു ച രമ്യഭൂമിഷു ചരൻ
പർണ്ണാംബുഭോജീ മുനിഃ
അബ്ദാനത്ര തു ഷട്സഹസ്രയുഗളീ-
സംഖ്യാനമീഷാമസൗ
ഭക്ഷ്യാഭക്ഷ്യസുഖാസുഖേംഗിതഹിതാ-
നിഷ്ടാനി സർവം വിദൻ. 19

പരി: അപ്പാലകാപ്യനാർ പൊയ്ക ചോല മുമ്പാമിട
ങ്ങളിൽ
ആന പെണ്ണാന കൊച്ചാനക്കൂട്ടമൊത്തു കളിയ്ക്കയായ്.
പന്തീരാണ്ടാനകളുടെ ഭക്ഷ്യാഭക്ഷ്യം ഹിതാഹിതം
സുഖദുഃഖവുമോർത്തുംകൊണ്ടവൻ ചുററി വനങ്ങളിൽ.

Digitized By Kerala Sahitya Akademi

മൂലം: 'മാമംഗാധിപ, സാമഗായനസുതം
തം പാലകാപ്യം മുനിം
വിദ്ധി ത്വംഗനൃപോഽമുനാ മുനിവരേ-
ണോക്തഃ പരം വിസ്മിതഃ
സംപൃഷ്ടോഽഥ മുനിർഗജാർത്ഥമമുനാ
രാജ്ഞാ പുനസ്തം നൃപം
നാഗോത്പത്തിശുഭാദിലക്ഷണചികി-
ത്സാദ്യം ക്രമാദബ്രവീത്: 20

പരി: 'അപ്പാലകാപ്യനല്ലോ ഞാൻ സാമഗായന
നന്ദനൻ.'
എന്നു കേട്ടംഗരാജാവു നിർഭരം വിസ്മയിച്ചുപോയ്.
പിന്നെബ്ഭൂപന്റെ ചോദ്യത്താൽപ്പാലകാപ്യൻ
ചൊല്ലിനാൻ.
ഗജങ്ങളുടെയുത്പത്തിലക്ഷണോപക്രമാദികം:

മൂലം: 'ധർമ്മാത്മികാ സൃഷ്ടിരനേകപാനാം
ഹിതായ യജ്ഞസ്യ ച ദേവതാനാം
വിശേഷതോ രാജഹിതായ; യസ്മാ-
ദ്യത്നേന നാഗാഃ ഖലു രക്ഷണീയാഃ 21

പരി: 'യജ്ഞങ്ങളുടെ രക്ഷയ്ക്കും ദേവകൾക്കു ഹിതത്തിനും
വിശേഷാൽ രാജന്മാർക്കുമല്ലോ തീർത്തു ഗജങ്ങളെ
അതിനാൽധർമ്മമായുള്ളൊന്നീസ്സൃഷ്ടി നിനയ്ക്കുകിൽ;
തന്മൂലമീയാനകളെ യത്നിച്ചും കാത്തുകൊള്ളണം.

മൂലം: മാർത്താണ്ഡസ്യ യതോഽണ്ഡതോ ജനിരഭൂദ്-
ബ്രഹ്മർഷിഭിർദ്ദർശിതം
സന്ദീപ്തം കില തത് കപാലയുഗളം
പാണിദ്വയേനാദരാത്

Digitized By Kerala Sahitya Akademi

സപ്താഗായദജഃ പ്രഗൃഹ്യയുഗപത്
സാമാന്യൈരാവതോ
നാഗോഽഭ്രദഥ സപ്ത വാരണവരാ
ജാതാ പൃഥഗ്ഗാനതഃ 22

പരി: സൂര്യൻ ജനിച്ചോരണ്ഡത്തിൻകപാലം രണ്ടു കഷ്ണമായ്
പ്രകാശിച്ചതു ധാതാവെക്കാട്ടീ ബ്രഹ്മർഷിമാരവർ.
ആക്കപാലപ്പൊളികളെ രണ്ടു കൈയാലുമൊപ്പമേ
ആദരം പൂണ്ടെടുത്തേഴു സാമം പാടീ പിതാമഹൻ.
അന്നേരമൈരാവതമെന്നുള്ളൊരാന പിറന്നതേ;
വെവ്വേറെപ്പാടിയതിനാൽ മറേറഴു കരിമുഖ്യരും.

മൂലം: ജാതാ ദക്ഷിണഹസ്തസംസ്ഥിതകപാ-
ലാദേവമഷ്ടൗ ഗജാ
വാമസ്ഥാച്ച വശാഃ ക്രമേണ ജനിതാ
ജായാശ്ച തേഷാമഥ
പുത്രാസ്സത്വബലാന്വിതാശ്ച ബഹവഃ
പൗത്രാദയോപി ക്രമാത്
സ്വൈരം ചേരുരശേഷലോകവനധൃ-
ന്യദ്രിഷ്വമീ വാരണാഃ. 23

പരി: വലങ്കൈചേർത്തോടിൽനിന്നീമട്ടുണ്ടായെട്ടു കുംഭികൾ;
ഇടങ്കൈചേർത്തോടിൽനിന്നാപ്പിടിയാനകളും ക്രമാൽ.
അവക്കുണ്ടായ് സത്വവാന്മാർ പുത്രപൗത്രപ്രപൗത്രരും,
ആത്യന്തികം സുഖം ചുററീ പാരെങ്ങും പർവ്വതാദിയിൽ.

Digitized By Kerala Sahitya Akademi

മൂലം: ഇന്ദ്രാഗ്ന്യാദിദിഗീശവാഹനതയാ
ദേവാസുരായോധനേ
യാതാ നാഗവരാശ്ച ദുദ്രുവുരഥോ
ഭീതാ വിരിഞ്ചാന്തികേ;
തമ് ജ്ഞാത്വാ മദപൂരുഷോऽപി വിധിനാ
സൃഷ്ടസ്തദാവേശിതാ
മത്താ ദൈത്യചമൂം നിഹത്യ യയുരി-
രിന്ദ്രാദ്യൈര്യുതാ സ്വാം ദിശം. 24

പരി: ദിക്പാലർതൻ വാഹനമായ്ച്ചമഞ്ഞാക്കരജ
രോത്തമർ
ദേവാസുരരണേ പേടിച്ചോടി ബ്രഹ്മങ്കലെത്തിനാർ.
മദപൂരുഷനെസ്സൃഷ്ടിച്ചവരിൽച്ചേർത്തു പത്മജൻ:
അതിനാൽ മത്തരായ്ത്തീർന്നു ഭയം കൈവിട്ടിതാനകരം.
പിന്നെദ്ദേവാസുരപ്പോരിൽത്തിരിച്ചെത്തിഗ്ഗജോത്തമർ
ദൈത്യരെക്കൊന്നു ദിക്പാലരൊത്തു തൻദിക്കപൂകിനാർ.

മൂലം: ദുർവാസാഃ പ്രദദാവമർത്ത്യപതയേ
ദിവ്യാം സ്രജം സാദരം;
താമൈരാവതമർദ്ദിതാമപദയം
ദൃഷ്ട്വാ മുനിശ്ശപ്തവാൻ;
തച്ഛാപേന വിനഷ്ടമാപ്തുമഖിലം
ചൈശ്വര്യമുന്മഥ്യമാ-
നേऽബ്ധാവഭ്രമുവല്ലഭോ ജനി തതഃ
ക്ഷീരാബ്ധിജോऽസൗ സ്മൃതഃ 25

പരി: ദിവ്യപ്പൂമാലയൊന്നേകീ ദുർവാസാവിന്ദ്രനാ
സ്ഥാനത്തിൽ;
അതിനൈരാവതം മർദിച്ചതു കണ്ടൃഷി രുഷ്ടനായ്.

Digitized By Kerala Sahitya Akademi

ദുർവ്വാസാവിൻെറ ശാപത്താലിന്ദ്രന്നൈശ്വര്യമൊക്കവേ
നഷ്ടമായതു വീണ്ടെടുപ്പാൻ കടയപ്പെട്ടു പാല്ക്കടൽ.
അതിൽ നിന്നു ഭൂഭൃത്താമൈരാവതമുദിച്ചുതേ;
അതിനാലവനെച്ചൊല്‌വൂ ദുഗ്ദ്ധാംബുധിജനെന്നുമേ.

മൂലം: ജാതാ ഭദ്രദ്വിപേന്ദ്രാഃ കൃതയുഗസമയേ
ലക്ഷണേതാഭിയുക്താ-
സ്ത്രേതായാം മന്ദജാത്യാഃ ഖലു ഗജപതയോ
ദ്വാപരാഖ്യേ യുഗേ ച
നാഗാശ്ചൈതേ മൃഗാഖ്യാസ്തദനു കലിയുഗേ.
ശ്ചൈവ സങ്കീർണ്ണജാത്യാ
നാഗാനാം ജാതിഭേദോജ്ജനിരിഹ കഥിതാ
കാലയോഗാനുരൂപാ. 26

പരി: ഉണ്ടായ്‌ കൃതയുഗത്തിങ്കൽബ്‌ഭദ്രജാതി
ദ്വിപോത്തമർ;
ജനിച്ചു മന്ദജാതിക്കാർ ത്രേതയിൽ ദ്വാപരത്തിലും;
മൃഗസങ്കീർണ്ണജാതിക്കാർ കലികാലത്തുദിച്ചുതേ—
കാലാനുരൂപമീവണ്ണമുണ്ടായീ നാലുജാതിയിൽ.

ഭദ്രലക്ഷണം മൂലം:

നാതിസ്ഥൂലാഖിലാംഗഃ പ്രഥമയുഗവയ-
സ്തോത്ഭവഃ പുടലാഭോ
നാത്യായാമീ സഹിഷ്ണുർദ്ധരണിധരചര-
സ്സാത്ത്വികോऽന്വർത്ഥവേദീ
ധീരസ്തേജസ്യുദഗ്രോ ജലധരനിനദഃ
കാംക്ഷിതോ ധേനുകാഭിഃ
ശൂരഃ പിംഗാക്ഷിദന്തോ ഭവതി ച സമദോ-
ഷഃ ശുഭോ ഭദ്രനാമാ. 27

Digitized By Kerala Sahitya Akademi

ഭദ്രലക്ഷണം പരിഭാഷ:

കൃതമെന്ന യുഗത്തിങ്കൽ വസന്തത്തുവിലുത്ഭവം,
ഏറെത്തടിയ്ക്കാത്തംഗങ്ങളാം, പാതിരിപ്പൂക്കളൊത്തൻനിറം,
നീളത്തിനൊത്ത തടിയുമേററം സംഹനനശക്തിയും
സത്വവായ്പദ്രിസഞ്ചാര,മനുത്ഥജ്ഞത, ധൈര്യവും
മികവേറിയ തേജസ്സും മുകിലിന്നൊത്തൊരൊച്ചയും
പിടിയാനകൾ കാമിച്ച വടിവും നല്ല ശൗര്യവും
തേനിൻനിറത്തിലാം കൊമ്പും മിഴിയും ദോഷസാമ്യവും
ചേർന്നോരു ഭദ്രമാമാന ഭദ്രമാകുന്നു മന്നവ!

മന്ദലക്ഷണംമൂലം:

ത്രേതായാം ശീതകാലോത്ഭവ ഉഭയചരോ
　　　ദ്ദമനാ ഹ്രസ്വകണ്ഠോ
നായാമീ മന്ദഗാമീ ഹരിരുചി നയന-
　　　സ്താമസഃ കൃഷ്ണശോഭഃ
നാഗഃ ശ്ലേഷ്മ പ്രധാനോ നതവിപുലരദഃ
　　　സ്ഥൂലവൃത്താംഗശോഭീ
കാമീ ഗംഭീരവേദീ കഥിത ഇതി ബുധൈ-
　　　ർമ്മന്ദനാമാ ഗജേന്ദ്രഃ 23

മന്ദലക്ഷണം പരിഭാഷ:

ത്രേതയിൽ ശീതകാലത്തു ജാതൻ ശൈലനദീചരൻ
മനസ്സിലല്പലുടയോൻ കഴുത്തു കുറുതായവൻ
നീളം കുറഞ്ഞവൻ മെല്ലേ നടപ്പോൻ ഹരിതേക്ഷണൻ
ഏറെത്തമോഗുണം ചേർന്നോൻ കുറുത്തോൻ കഫമേറി
　　　യോൻ
തടിച്ചുരുണ്ടമെയ്യുള്ളോൻ താന്ന വൻകൊമ്പുമുള്ളവൻ
ഗംഭീരവേദി നല്കാമി ഗജേന്ദ്രൻ മന്ദനാണപോൽ,

Digitized By Kerala Sahitya Akademi

മൃഗലക്ഷണം മൂലം:

നാഹായാമപ്രഹീണഃ കൃശനിഖിലതനു-
ർധൂസരച്ഛായകായോ
ബഹ്വാശ്യുത്താനവേദീ ചപലമതിരതി-
ക്രോധനസ്സിന്ധുചാരീ
സ്ഥൂലാക്ഷോ ഹ്രസ്വവാലശ്ചരമയുഗപയോ-
വാഹകാലപ്രജാത-
ശ്ചണ്ഡഃ പിത്തപ്രധാനോ മൃഗ ഇതി കഥിതോ
വാരണോഽസൗ കനീയാൻ. 29

മൃഗലക്ഷണം പരിഭാഷ:

തടി നീളങ്ങൾ കുറവായുടലാകെച്ചടച്ചുമേ
നിറത്തിനിത്തിരി വെളുപ്പിയന്നും തീററിയേറിയും
ഉത്താനവേദിയായ് ദേഷ്യം വാച്ചുംച്ചാപല്യ
മേന്തിയും
ആററിൽച്ചരിച്ചും വൻകണ്ണു ചെറുവാലിവചേർന്നമേ
കലികാലത്തു വർഷത്തിൽജ്ജനിക്കും ചെറുതാം ഗജം
പിത്തപ്രധാനമുച്ചണ്ഡം മൃഗജാതിയിലുള്ളതാം.

സങ്കീർണ്ണലക്ഷണം മൂലം:

പ്രത്യേകം ഭദ്രജാത്യാദി-
പ്രോക്തലക്ഷണസങ്കരാത്
സങ്കീർണ്ണജാത്യാ മാതംഗാഃ
കലൗ തേ ബഹുലാ യുഗേ. 30

സങ്കീർണ്ണലക്ഷണം പരിഭാഷ:

ഭദ്രാദിലക്ഷണമിടകലർന്നുള്ള ഗജങ്ങൾതാൻ
സങ്കീർണ്ണജാതിജ,രിവരേയറും കലിയുഗാന്തരേ,

Digitized By Kerala Sahitya Akademi

മൂലം: നാഗാസ്സർവത്ര ഗത്യാ; ഗജ ഇതി വിജയാദ്
ഗജ്ജനാദേവ; ഹസ്തീ
വേധോഹസ്തപ്രസൂത്യാ; രിപുനരപൃതനാ-
വാരണാദ്വാരണോऽപി;
മാതംഗോ വർത്മമൃത്ത്വാഃ; മതിജരയതി കം
കുഞ്ജരഃ; പാദതോദാത്
പത്മീ പത്മപ്രസക്ത്യാ ദ്വിപ ഇതി മുഖതോ
ഹസ്തതോऽപി പ്രപാനാത്. 31

പരി: നീളേ നടപ്പുള്ളതിനാൽ നാഗമെന്നോത്തമാനയെ;
ജയത്താൽഗ്ഗർജ്ജനത്താലും ഗജമെന്നുരചെയ്‌വുതേ.
ബ്രഹ്മഹസ്തത്തിൽനിന്നുണ്ടായതുകൊണ്ടഥ
ഹസ്തിയായ്;
രിപുസേനാവാരണത്താലത്രേ വാരണമെന്ന പേർ.
മാർഗ്ഗം മർദ്ദിയ്ക്കയാലാന മാതംഗപ്പേരിയന്നതായ്;
ദഹനം ജാസ്തിയാം മൂലം കുഞ്ജരാഭിഖ്യ നേടിതേ.
പത്മപ്രസക്തിയോ പത്തിൻവേഗമോകൊണ്ടു
പത്മിയായ്;
വായ്കൊണ്ടു തുമ്പിക്കൈകൊണ്ടും പാനത്താൽ
ദ്വിപമായിതേ.

മൂലം: ശുണ്ഡാവാലധിദന്തൈശ്ച
ചതുർഭിശ്ച പദൈരപി
പ്രഹരന്തീ യതസ്തസ്മാ-
ദഷ്ടപ്രഹരണാ ദ്വിപാഃ. 32

Digitized By Kerala Sahitya Akademi

പരി: തുമ്പിക്കൈയാൽക്കൊമ്പുകളാൽ വാലാൽക്കാൽ നാലിനാലുമേ
പ്രഹരിയ്ക്കുന്നതിന്മൂലമഷ്ടപ്രഹരണം ഗജം.

മൂലം: ഇമേ ബിഭ്രതി സർവ്വേഭ്യ -
സ്സത്വേഭ്യോऽഭ്യധികം വപുഃ
കാന്തത്വാച്ച തഥാ പ്രാഹു-
രിഭാനേതാൻ മഹർഷയഃ. 33

പരി: എല്ലാജ്ജന്തുക്കളെക്കാളും മേലെയായ ശരീരവും
ഭംഗിയും കണ്ടിഭപ്പേരൊന്നിവയ്ക്കിട്ടു മഹർഷിമാർ.

മൂലം: പ്രശസ്തകരസംയോഗാദ്-
കരിണോ ദന്തിനസ്തഥാ
സിന്ധുരസ്സിന്ധുരമണാ-
ദേവം നിർവചനം ക്രമാത്. 34

പരി: ദന്തത്തിൻനന്മയാൽദ്ദന്തി, കരത്തിൻനന്മയാൽ ക്കരി,
സിന്ധുരം സിന്ധുരതിയാലേവം നിർവചനക്രമം.

മൂലം: ജിഹ്വായാഃ പരിവൃത്തിരന്തരധികം
ദാഹോऽനലാദ് ബ്രഹ്മണോ
മൂർച്ഛാഭാവരജോംബുപങ്കവിഹൃതീ
സ്വസ്വേദസമ്മോഹനം
മർത്ത്യനാം വഹനം ച ദീർഘതപസോ
ദേവത്വഹാനിർഭൃഗോ-
വിണ്മൂത്രേരിതിസ്സ്വകേ വരുണതോऽ-
ന്തർസ്സ്വേദതാ ശാപതഃ. 35

Digitized By Kerala Sahitya Akademi

പരി: ആനകൾക്കാശ്രയാശൻെറ ശാപം പററിയ കാരണം
നാവിന്നു മാററമാപ്പെട്ടിതകത്തു കടച്ചൂടമേ.
മുഷ്ടാമാവം, പൊടിചളിതണ്ണീർക്കളികളിൽസ്സുഖം,
തന്നുക്കറിഞ്ഞുകൂടായ്കയിവ ധാതാവു നല്കിനാൻ.
പണ്ടു ദീർഘതപസ്സിൻെറ ശാപമൂലമനേകപർ
അണിമൈശ്വര്യം നശിച്ചിങ്ങു മർത്ത്യവാഹനമായിതേ.
പിണഞ്ഞു ഭൃഗുശാപത്താൽത്തൻവിണ്മൂത്രങ്ങളിൽക്കൊതി
വരുണൻെറ വരംമൂലം വിയർപ്പുള്ളിലുമായിതേ.

മൂലം: സ്വാംശോ ദത്തോ ന ദേവൈർഹവിഷ ഇതി ഹുതാശഃ കദാചിത്തിരോഭൂത്
ക്രുദ്ധോऽന്വേഷ്ടും പ്രണുന്നാ ദിഗധിപകരിണോ ബ്രഹ്മണാ വഹ്നിമേനം
ഗത്വാ തേ ത്വാശ്രയാശ ശ്രമമഥ മഹിഷീം ധർഷയാമാസുരഗ്നേഃ
സ്സോऽയം തത ക്രന്ദനാത്താനശപദലമിമാം... സ്തത്പ്രഭാവാന്ന ദഗ്ധും: 36

പരി: ഒരിക്കൽത്തൻഹവിർഭാഗം വാനോരേകാഞ്ഞു രുഷ്ടനായ്
മറഞ്ഞ വഹ്നിയെത്തേടാൻ വിട്ട ദിഗ്ദ്വിപരേവിധി.
അവരഗ്ന്യാശ്രമം കേറി സ്വാഹയെപ്പിടികൂടിനാർ;
തൻപത്നി കേണാർത്തു കേട്ടങ്ങണഞ്ഞിതു പാവകൻ.
ബ്രഹ്മാവിൻെറ മഹത്ത്വത്താൽച്ചുട്ടെരിയ്ക്കരുതായ്കയാൽ
ദിക്കരിങ്ങളെ ക്രുദ്ധൻ ശപിച്ചു ഹവ്യവാഹനൻ:

Digitized By Kerala Sahitya Akademi

മൂലം: പൂർവം യൂയം വിധാതുർവചനനിശമനാത്
സർവമേവം പ്രകർമ്മഃ
കർമ്മേത്യാസ്യഗ്രതോ ദ്രാഗവദത യദതീ-
വോദ്ധതാ ഹന്ത തസ്മാദ്
ജിഹ്വായാ വോ സ്ഥ നിത്യം പരിഗതിരപി ദോ-
ഹോന്തരിത്യഗ്നിശാപം
പ്രാപ്താനാം പഞ്ചജന്മാ സദയമഥ ദദൌ
പാംസു പങ്കാംബുസൌഖ്യം. 37

പരി: ''ഇതെല്ലാം ഞങ്ങൾചെയ്യാമെന്നജനോടന്നു ഗർവ്വോടേ
ചൊന്ന നിങ്ങൾക്ക നാവിന്നു മാററമാമുള്ളിൽ വേകലാം.
മാഴ്കേണ്ട ദിഗ്ദന്തികളേ, പൊടിനീർചേറിവററിനാൽ
സ്വസ്ഥരാം നിങ്ങളെ''ന്നപ്പോളാശ്വസിപ്പിച്ചു പത്മജൻ.

മൂലം: ഗത്വാ നാഗാ ഭൃഗോരാശ്രമമവനിരുഹോ-
ല്ലാടനം ത്വഗ്നിഹോത്രേ
വിണ്മൂത്രാന്യത്ര ചക്രുസ്തദനു മുനിവരേ-
ണാത്തരോഷേണ തൂർണ്ണം
ആഘ്രായാത്മീയമൂത്രം ശകൃദപി ച നിജ-
ന്താലു സങ്കർഷണഞ്ചാ-
പ്യാതന്വന്തോ ഭവന്ത്വിത്യുരുതരതവസാ-
ത്തേന ശപ്താഃ കദാചിൽ. 38

പരി: ഒരിക്കൽച്ചെന്നു നാഗങ്ങൾ ഭൃഗുവിൻ പർണ്ണശാലയിൽ
പിണ്ഡവും മൂത്രവും വിട്ടാരഗ്നിഹോത്രത്തിലെങ്ങുമേ

Digitized By Kerala Sahitya Akademi

അതിൽച്ചൊടിച്ചൃഷിശ്രേഷ്ഠൻ ശപിച്ചൂ
വാരണങ്ങളെ;
'തങ്ങൾതൻ മലമൂത്രങ്ങൾ കൊതിപ്പോരായ്
ബ്ഭവിയ്ക്കുവിൻ!.'

മൂലം: യുദ്ധേ ദേവാസുരേ പ്രാഗ്രണശിരസി ഗജ-
സ്വേദപീഡാസഹിഷ്ണും
ദേവൗഘം പ്രേക്ഷ്യ പാശി ദ്രുതമഥ കരിണാം
സ്വേദമന്തർവ്യധാനിൽ
തസ്മാദന്തഃപ്രവൃത്താൽ വിസൃജതി കരതഃ
സ്വേദബിന്ദൂൻ കരീന്ദ്രാ
മുഷ്ക്കാഭാവസ്ത്വജോക്ത്യാ ദ്രുതതരഗതയേ
സ്വൈരമായോധനാദൌ. 39

പരി: പണ്ടു ദേവാസുരപ്പോരിൽപ്പോർത്തലയ്ക്കൽ
ഗ്ഗജങ്ങളെ
വിയർത്തുവാടിക്കണ്ടിട്ടു സഹിയ്ക്കാതായി ദേവകൾ.
അപ്പോൾ വിയർപ്പകത്താക്കി ജലേശന,തുകൊണ്ടു
താൻ
തുമ്പിക്കൈവഴിയായ് സ്വേദം കളയുന്നിതു
ന്തികൾ.
സ്വൈരമായ്പ്പോരിലും മററും വേഗമോടേ നടക്കു
വാനാ
ഗജങ്ങൾക്കൊക്കെ വൃഷണമില്ലാതാക്കി പിതാ
മഹൻ.

മൂലം: സർവ്വേഷാം മദകൃദ്വസന്തസമയഃ
പ്രോക്തോ വിശേഷാദസൌ
നാഗാനാം ഹി തതോ വസന്തജനിതാ-
യേ തേത്ര ഗന്ധദ്വിപാഃ

Digitized By Kerala Sahitya Akademi

തേഷാം സ്വേദപുരീഷമൂത്രമദതോ-
യാഘ്രാണനാദഞ്ജസാ-
മാദ്യന്ത്യന്യഗജാശ്ച തേജയകരാ
ഗന്ധദ്വിപാ ഭൂഭുജാം. 40

പരി: വസന്തമാനകൾക്കെല്ലാം വിശേഷിച്ചും മദപ്രദം
വസന്തകാലത്തുണ്ടാകുന്നവ ഗന്ധദ്വിപങ്ങളാം-
അവററിൻ പിണ്ഡവും മൂത്രം വിയർപ്പും മദതോയവും
നാററിയാലുടനേ മത്തന്മാരാം മററു ഗജങ്ങളും
ആഗ്ഗന്ധസിന്ധുരക്കൂട്ടം രാജാക്കന്മാൎക്കു കേവലം
ജയമേകുന്നതെന്നത്രേ ശാസ്ത്രജ്ഞരുടെ നിശ്ചയം.

നാഗോല്പത്തി എന്ന ഒന്നാം പടലം കഴിഞ്ഞു.

രണ്ടാം പടലം

ആനകളുടെ ശുഭലക്ഷണം.

മൂലം: മസ്തകദ്വിതയം ദന്താവാസനം വംശ ഏവ ച
ഷഡേതേപ്രോന്നതായസ്യ സഗജോരാജവാഹനം. 1

പരി: തണ്ടെല്ലാസനവും രണ്ടു മസ്തകം രണ്ടു കൊമ്പുമേ
ഉയൎന്നിരിയ്ക്കിലാക്കുംഭി ശുഭമാം രാജവാഹനം.

മൂലം: പുഷ്കരദ്വിതയം കോശോ ജിഹ്വോഷ്ഠഗുദതാലു ച
സപ്തൈതേ രക്തതനവോയസ്യസദ്വിരദോത്തമഃ 2

പരി: തുമ്പിക്കയ്യിൻ തലകളും കണയും ചുണ്ടുതാലുവും
ഗുദവും നാവുമേഴെണ്ണം ചുകന്നുള്ളാന നല്ലതാം.

Digitized By Kerala Sahitya Akademi

മൂലം: വിംശത്യാനഖസംഖ്യയാഽഞ്ചിതപദഃ
സ്ഫാരോന്നതിഃ കുംഭയോ-
രച്ഛിദ്രാഞ്ചലരക്തകർണ്ണയുഗള-
സ്സുശ്ലക്ഷ്ണ കക്ഷഃ കരീ
സവ്യാത്യുന്നതമൌക്തിക ദ്യുതിരദ-
സ്സമ്പൂർണ്ണകക്ഷിഃ ക്രമ-
സ്ഥൂലജ്ജ്വായതചാരുബാലധികരഃ
പൂഗീ ഫലശ്യാമളഃ 3

പരി: പത്തുംപത്തും നഖംചേൎന്ന നൽക്കാൽ, പൊങ്ങിയ മസ്തകം,
തുളവീട്ടുതുടുത്തോരു കർണ്ണാഗ്രം, ശ്ലക്ഷ്ണകക്ഷവും,
ഉയൎന്ന മുത്തൊളിവലങ്കൊമ്പു വീൎത്തുള്ള കക്ഷിയും
ക്രമാൽത്തടിച്ച നേരേനീണ്ടഴകാം വാലുതുമ്പിയും
പൈങ്ങയാകുമടയ്ക്കയ്ക്കു തുല്യമാം ശ്യാമവർണ്ണവും
ചേൎന്നിരിയ്ക്കുന്നതാമാന നല്ലതല്ലോ നരോത്തമ!

മൂലം: സ്നിഗ്ദ്ധശ്യാമതനുശ്ച ഖഡ്ഗസദൃശ-
ഛായോഽഥവാ സ്വസ്തിക-
ശ്രീവത്സാരിദരാബ്ജലാഞ്ഛനലസദ്-
ബിന്ദു പ്രകാശാരുണഃ
ക്രോഡോദ്യജ്ജഘനസ്ഥലേഽഥ ദൃഢക-
ക്ഷിസ്ത്രസ്ത സൽപിണ്ഡികോ.
വിസ്തീർണ്ണാധികമാംസളോന്നതകലാ-
ഭോഗോ നൃപാർഹോ ഗജഃ 4

പരി: മിനുത്ത കൃഷ്ണനിറമോ, തെളിവാളെതിർ വർണ്ണമോ
ഉയൎന്ന കൈകാംതൻമധ്യ,മുയൎന്ന ജഘനസ്ഥലം

Digitized By Kerala Sahitya Akademi

ശ്രീവത്സശംഖചക്രാബ്ജസ്വസ്തികങ്ങടെ മട്ടിലായ്
തുടുത്ത പുള്ളികളു,റപ്പിയന്ന വയറ,ങ്ങിനെ
കിഴിഞ്ഞ നല്ലകാൽവണ്ണ, മാംസവായ്പൊത്തുയന്നതായ്
പരന്നതാം പിൻവളവെല്ലിവയുള്ളാനയുത്തമം.

മൂലം: ബൃഹദായത വൃത്തകന്ധരാ-
സ്സ്വജലാംഭോദഗഭീര ഗജ്ജിതാഃ
കലവിംഗമധുപ്രഭേക്ഷണാ-
സ്ത്രിവലിസ്കന്ധകരാ ഗജാശ്ശുഭാഃ 5

പരി: തടിച്ചു നീണ്ടുരുണ്ടുള്ള കഴുത്തും കരികാംക്കഹോ,
നീർകൊണ്ട കാർകൊണ്ടലിനൊത്തോരു ഗംഭീര ശബ്ദവും
മധുനാരായണപ്പക്ഷി നിറമാകിയ കണ്ണുമേ
തുമ്പിക്കരത്തിൽ സ്കന്ധത്തിൽ മുമ്മൂന്നു വരയും ശുഭം.

മൂലം: സുസ്നിഗ്ദ്ധതാരന യനാനന പുഷ്ടരാശ്ച
ചൂതപ്രവാളരുചി കോമളകോശദണ്ഡാഃ
രക്താരവിന്ദരുചിരാഃ കളകണ്ഠനാദാ-
സ്തേ്യതേ ഗജാഃ ശുഭകരാഃ ഖലു പാത്ഥിവാനാം. 6

പരി: പാരം മിനുപ്പെഴും കൃഷ്ണമണിയോടൊത്ത കണ്ണുകൾ
തുടുത്ത തുമ്പിക്കയ്യെററം, ചുകന്നിട്ടുള്ള പുള്ളികൾ,
മാന്തളിർക്കൊത്ത നിറവും മയവും കലരും കണ,
കയിൽനേരൊച്ചയിവയുള്ളാന രാജജയപ്രദം.

മൂലം: തുംഗദക്ഷിണ വിഷാണകോടയോ
ബിന്ദുചിത്രിതമഹാകരാനനാഃ

Digitized By Kerala Sahitya Akademi

ഗൂഢസന്ധിദൃഢഗാത്ര പശ്ചിമാഃ
പാൎത്ഥിവേന്ദ്ര തവ വാഹനോചിതാഃ 7

പരി: വമ്പിച്ച തുമ്പിക്കൈമേലും മുഖത്തും ചില
പുള്ളികളും,
കാണപ്പെടാത്തേപ്പുകളൊത്തുറപ്പുടയ പിമ്പുറം,
വലകൊമ്പിൽ തലയ്ക്കൊട്ടു പൊക്കവും ചേൎന്ന
വാരണം
നന്ന വാഹനമാക്കീടാനങ്ങയ്ക്കു പൃഥിവീപതേ!

മൂലം: ചാപോന്നതായത നിഗൂഢസുവംശപൃഷ്ഠാഃ
കാന്താഘനസ്തനസമാനസരോമകുംഭാഃ
നിസ്തീൎണ്ണകൎണ്ണഹനുനാഭിലലാട ഗുഹ്യാ-
സ്താമ്രോഷ്ഠതാലുരദനാഃ കരിണോ നൃപാൎഹാഃ 8

പരി: വില്ലുപോലെ നീണ്ടുയൎന്ന മറഞ്ഞ നട്ടെല്ലൊടും
രോമങ്ങളിയലും പെൺപോർമുലനേർമസ്തകത്തൊടും
നെററികാതിണനാഭിയ്ക്കും ഗുഹ്യത്തിന്നും പരപ്പേടും
ചുകന്ന ചുണ്ടുമണ്ണാക്കും നാവുമൊത്ത ഗജം ശുഭം.

മൂലം: സിന്ദൂരസാന്ദ്രസമബിന്ദു വിചിത്രിതാംഗഃ
കൂൎമ്മോന്നതൈൎദ്വിതവ വിംശതിഭിൎന്നഖൈശ്ച
ചന്ദ്രപ്രഭൈശ്ചസഹിതോ ബലസത്വധൈൎയ്യൈ-
രുദ്ഗാരസൌരഭയുതോഽപി കരീ നൃപാൎഹഃ 9

പരി: സിന്ദൂരനിറമാം പുള്ളി ചിന്നുന്നവയവങ്ങളും,
ആമപ്പുറംപോലുയൎന്ന സോമനൊക്കുംനിറത്തിലായ്
പതിനെട്ടോയിരുപതോ നഖവും, ബലംസത്വവും
ധൈൎയ്യവും തേട്ടലിൽസ്സൌരഭ്യവുമുള്ളാനയും ശുഭം.

Digitized By Kerala Sahitya Akademi

മൂലം:

ഭഗ്നവ്യാല ജളാതുരാംശ്ചകളഭാൻ
ഹിത്വാ പ്രതാപാന്വിതഃ
കർമ്മണ്യോ / ഷ്ടവിധ പ്രഹാരകുശല—
ശ്ശൂരോ ദൃഢോ വേഗവാൻ
സർവ്വപ്രാണിവധേ സമുദ്യതമനാഃ
സൽഭിർയ്യുതോ / ലക്ഷണൈ—
ര്യ്യോ / ന്തോവളപുംഗവസ്സ നൃപതേ
സംഗ്രാമയോഗ്യോ ഭവേൽ. 10

പരിഭാഷ:

മുറിപെട്ടോൻ ദുസ്സ്വഭാവി മന്ദൻ രോഗിയിവററിനെ
ഒഴിച്ചു കർമ്മസാമർത്ഥ്യം, പ്രതാപം, കായദാർഢ്യവും
ഊക്കം ശൌര്യവു, മെട്ടംഗത്താലേററം പ്രഹരിക്കലും,
എല്ലാ പ്രാണിയെയും കൊൽവാനുത്സാഹവു
മെഴുന്നതായ്
സല്ലക്ഷണങ്ങൾ ചേന്നോരു നല്ല കുഞ്ജരമാണഹോ,
പോരിന്നു തക്കതായൊന്നു മന്നവന്മാക്കു മന്നവ!

മൂലം:

യുധ്യന്തി കേവലം യോധാഃ വഹന്ത്യേവഹയാരഥാഃ
വാരണാസ്തു നരേന്ദ്രേർഹാം യുധ്യന്തി-
ച വഹന്തി ച. 11

പരിഭാഷ:

കേവലം യോധർ പോർ ചെയ്‌വോർ, തേർവഹിപ്പവ
വാജികൾ
ഗജങ്ങളോ നരേന്ദ്രക്കു പോർ ചെയ്‌വവ വഹിപ്പവ.

Digitized By Kerala Sahitya Akademi

മൂലം:

സാരംഗസിംഹ ശുകവാനരമല്ലഹംസ-
കാദംബകൈരപി ഗതിസ്സദൃശീ ശുഭാസ്യാൽ
ഗന്ധർവ്വ കിന്നര സുപർണ്ണക സൂകരൈശ്ച
ശാർദ്ദൂല രാജശരഭോരഗ ചക്രവാകൈഃ 12

പരിഭാഷ:

മാൻ, സിംഹം, തത്ത, കീശേന്ദ്രനന്നവും, കളഹംസവും
ഗന്ധർവൻ, കിന്നരൻ, താർക്ഷ്യൻ, പന്നിയെട്ടടിമാൻ, ഫണി
ചക്രവാകം വമ്പുലിയെന്നിവററിൻ നടപോലവേ
നടയുള്ളാനകൾ പരം ശുഭലക്ഷണശാലികൾ.

മൂലം:

ജിഹ്വാമൂലസമുത്ഭവം നിഗദിതം
ഫേനായിതം സ്യാദ്രുതം
തൽപോതായിതമോഷ്ഠതാലുജനിതം
തൽകണ്ഠജം ഗർജ്ജിതം
തൽപ്രോക്തം ഹസിതം കപോലകരജം
സർവ്വം തദേതച്ഛുഭം
ക്ഷുത്ത്വച്ഛോക ഭയോത്ഭവം നിഗദിതം
നിന്ദ്യം പരം ദന്തിനാം 13

പരിഭാഷ:

നാവിൻകടയ്ക്കൽ നിന്നുണ്ടാം ശബ്ദം ഫേനായിതം പ്രഭോ
പോതായിതം പോലുണ്ടാക്കം ചുണ്ടുമുണ്ടാക്കിടും രവം
കണ്ഠത്തിൽനിന്നുള്ളൊച്ചയ്ക്കാണത്രേ ഗർജ്ജിതമെന്നുപേർ
കവിൾ തുമ്പിക്കരരവം ഹസിതം വസുധാപതേ!

Digitized By Kerala Sahitya Akademi

ഇതെല്ലാം നല്ലതെന്നല്ലോ ചൊല്ലുന്നു ചൊല്ലെഴും ബുധർ
പൈദാഹം ഭയവും മാലുംമൂലമുള്ളൊച്ച ചീത്തയാം.

മൂലം:

ഗാംഭീര്യസൌമ്യഹൃഷ്ടാഃ
സ്വസ്ഥാഃശൃംഗാരിണാസ്തഥാ സ്നിഗ്ദ്ധാഃ
നാദാശ്ശുഭാ നരാധിപഃ
ഷഡേവ കഥിതാ ഗജേന്ദ്രാണാം. 14

പരിഭാഷ:

ഗാംഭീര്യവും, സൌമ്യതയും, രോഗമില്ലായ്ക, ഹർഷവും
ശൃംഗാരവും, സ്നിഗ്ദ്ധതയുമുള്ളാനകരം ശുഭങ്ങളംപോൽ.

മൂലം:

ഹസ്തേന മൃദംഗരവം
കർണ്ണാഭ്യാം ദുന്ദുഭിസ്വനം ചൈവ
ദർദ്ദുരരവ മുഖേന ച
കരോതിയഃ പൂജിതസ്സ ഗജരാജഃ 15

പരിഭാഷ:

തുമ്പിക്കയ്യാൽ മിഴാവൊച്ച, ചെവിയാൽ ദുന്ദുഭിസ്വനം
വായ്കൊണ്ടു മദ്ദളധ്വാനമിവകൂട്ടും ഗജം ശുഭം.

മൂലം:

ഹംസ സാരസ മയൂരകോകില-
വ്യഘ്രസിംഹവൃഷ സന്നിഭസ്വരാഃ
പൂജിതാഃ കരഭകാകജംബുക-
ക്രോഡവാനർ സമാനശോഭനോഃ 16

Digitized By Kerala Sahitya Akademi

പരിഭാഷ:

അരയന്നം, മയിൽ, കുയിൽ, വണ്ടാരങ്കോഴി,
മാൻ പുലി
സിംഹമെന്നിവയെപ്പോലെ ശബ്ദിക്കും ഗജവും ശുഭം
കുറുക്ക,നൊട്ടകം, കാക്ക, കരങ്ങനഥ പന്നിയും
ഇവയ്ക്കുനേരായ് ശ്ശബ്ദിയ്ക്കും ഗജമോ ചീത്തയാണപോൽ.

മൂലം:

ഗുണഗ്രാമസമഗ്രാശ്ശ്യേഃഝീനാധികനഖാഗജാഃ
ദോഷാനേവ പ്രകർവന്തി വിപരീതാശ്ശ-
ശോഭനാഃ

പരിഭാഷ:

നല്ലാനയും, നഖങ്ങൾക്കൊരേററക്കുറവിരിയ്ക്കുകിൽ
ദോഷമേ ചെയ്യുവെയ്യുള്ള മറിച്ചായാൽ ശുഭം തരും.

ശുഭലക്ഷണമെന്ന രണ്ടാം പടലം കഴിഞ്ഞു.

മൂന്നാം പടലം

അശുഭലക്ഷണം

മൂലം:

ഹീനാധിക്യ നഖാംഗ ദൃശ്യവൃഷണോ
ഹ്രസ്വാംഗുലിർവ്വാമനോ
മണ്ഡൂകോദര കബ്ജ നീലശബള
ശ്യാവാഭതാലൃസ്തഥാ

Digitized By Kerala Sahitya Akademi

സ്ഥൂലശ്ചാതിതനൂർജ്ജ ളകസദൃശ-
ശ്വാത്തുല്യ പാർശ്വ ദ്വയോ-
രുക്ഷോ നിർമ്മദ നീചപുഷ്ക്കരകരഃ
പൂജ്യോന ചായം ഗജഃ 1

പരിഭാഷ:

അംഗങ്ങൾക്കും നഖങ്ങൾക്കും കുറവോ പുനരേററമോ,
കാണാത്തക്കോരു വൃഷണം, കുറുതാം വിരല,ങ്ങിനെ
ഉയർച്ചക്കുറവും, ക്ലന്നം, തവളയ്ക്കൊത്തതാം വയർ
നീലമായ് ചിത്രനിറമായ്ക്കരുവാളിച്ച-താലുവും
തടി,യേറെച്ചുടപ്പു,ട്ടയ്ക്കൊത്ത മട്ടി,രുപാർശ്വവും
ശരിയല്ലായ്ക, മദമില്ലായ്ക, രൂക്ഷശരീരവും
നീളമില്ലാത്ത തുമ്പിക്കയ്യീമട്ടായിട്ടമാനകൾ
ശ്രേഷ്ഠങ്ങളല്ലെന്നറിക രോമപാദമഹീപതേ!

മൂലം:

രാജിഗ്രന്ഥിയുതാതി രൂക്ഷശബള-
സ്ഥൂലേ വിഷാണേ കിലാ-
സ്യസ്നിഗ്ദ്ധാസമ ശുഭ്രബിന്ദുമഗതി
ഹ്രസ്വാസ്സിരാഭിസ്തതാ
മേഢ്രോയസ്യ കൃശോതി വക്ര വിപുല-
വ്യാവിദ്ധസഗ്രന്ഥി കോ-
ഹ്രസ്വോ ബാലധിരല്പപേചകകലാ-
പൃഷ്ഠസ്സ നിന്ദ്യോഗജഃ 2

പരിഭാഷ:

വരയോടും മുഴയോടുമേററം പരുപരുപ്പൊടും
നാനാനിറത്തോടുമൊരേവണ്ണമാകിയ കൊമ്പൊടും

Digitized By Kerala Sahitya Akademi

മിന്നപ്പററു നിരപ്പററ വെൺപുള്ളി നികരത്തൊടും
വളഞ്ഞു മുഴയോടൊത്തു കുറുതാകിയ വാലൊടും
ഏററം മെലിഞ്ഞോ സ്ഥൂലിച്ചോ വളഞ്ഞോ-
കുറുതായിയോ
ഞരമ്പു ചിന്നിയിട്ടുള്ള കണയോടും ചുണങ്ങൊടും
കറഞ്ഞ പുറവും വാലിൻകട പിൻവളവെല്ലുമായ്
കാണപ്പെടും ഗജം തീരെച്ചീത്തയാകുന്നു പാത്ഥിവ!

മൂലം:

ലക്ഷ്യമുഷ്ക്കാസ്തു മാതംഗാ യത്രതിഷ്ഠന്തി പാത്ഥിവഃ
ഹന്യതേ തത്ര നൃപതിസ്സുതേനസ്സുഹൃദാപിവാ. 3

പരിഭാഷ:

സ്പഷ്ടമാം വൃഷണം ചേൎന്നൊരാനയെങ്ങുണ്ടു മന്നവ!
അങ്ങുള്ള നൃപനെക്കൊല്ലും പുത്രനോ മിത്രമോ ദ്രുഢം.

മൂലം:

കണ്ണ്ഹീനോദക്ഷിണതശ്ചാതുർവണ്യ വിനാശനഃ
വാമതോ ഹ്യഗ്നിനാശോ വാ രോഗോ വാ തത്ര
ഭൃഭൃതാം 4

പരിഭാഷ:

വലഞ്ഞെവിയ്ക്കു വൈകല്യമുള്ളോരാനയെ വാങ്ങിയാൽ
നന്നല്ലാ നാലുജാതിയ്ക്കും നാശമേല്ക്കും നരേശ്വര!
ഇടഞ്ഞെവിയ്ക്കു വൈകല്യമുള്ളാന മരുവുന്നെടം
അഗ്നിബാധ ഭവിച്ചീടും രാജാക്കന്മാൎക്കു രോഗമോ.

മൂലം:

ത്വാശന്തനാല്യ നഖരാദിഷു പുഷ്പിതോയ
സ്ത്വാജ്യോത്ര തദ്ദഹനലേപന കർമ്മയദ്വാ

Digitized By Kerala Sahitya Akademi

തച്ഛാന്തികർമ്മസകലം പ്രതിവാരണംച
തച്ഛേദനം ചമതിമാൻ വിധിവൽ പ്രകുര്യാൽ 5

പരിഭാഷ:

തോലണ്ണാക്കു നഖം കൊമ്പുമുതലായവ പൂക്കുകിൽ
ആഗ്ഗജത്തെയുപേക്ഷിയ്ക്കു വേണമെന്നാണു നിശ്ചയം
അല്ലെങ്കിൽത്തിയ്യു വെച്ചിട്ടോ മുറയ്ക്കുരസിയോ ബുധൻ
ഛേദിച്ചോ ലേപനംചെയ്തോ പൂത്തിട്ടുള്ളതു മാററണം.

മൂലം:

ഹൃഷ്ടോത്യർത്ഥം രജന്യാം ഭ്രമതിഖലു ദിവാ
പ്രാക്പ്രഹൃഷ്ടശ്ശുകന്ദൈഃ
ക്ലുജൻ വാഞ്ഛൻ വിയത്യുൽപതിതു മഹസ്സദാ
ബാലദണ്ഡേന വീജൻ
ഗാത്രോൽകർഷീച ബാഢം മുഹുരപിച വമേ
വർത്തതേയശ്ച യന്തു-
സ്തം വിദ്യാദ്വ്യാളഹസ്തീത്യഖില ഗുണഗണാ-
ഢ്യോപി നഗ്രാഹ്യ ഏഷഃ 6

പരിഭാഷ:

രാവിൽപ്പെരുത്തു സന്തോഷം, പകൽനേരത്തൊരുഗ്ര-
ഭ്രമം,
മുമ്പുറംകളിത്ത കിളികരം കൂകുമ്പോളൊത്തു കൂകലും
മേല്പോട്ടുചാടാൻ ഭാവിയ്ക്കലെപ്പൊഴും വാലുവീശലും
പാപ്പാന്നു കീഴടങ്ങായ്ക ദേഹമേററമുരക്കലും
ദുർല്ലക്ഷണങ്ങളാണാനയ്ക്കീ, മട്ടാം ദുഷ്ടഹസ്തിയെ
വാങ്ങിക്കൂടാ ഗുണഗണമെല്ലാമുണ്ടെന്നിരിയ്ക്കിലും.

Digitized By Kerala Sahitya Akademi

മൂലം:

പോതാനപിതാ വാ കരിണീ സഗർഭാ
ലബ്ധാ ഭവേൽ വാഹനകോശനാശഃ
തപോവനേവാ സ്വവനേ ഽഥ പാപി
നീതാർപ്പയേദ്ദിഗ്ഗജദേവപൂജാം. 7

പരിഭാഷ:

പിടിയെക്കുട്ടിയോടൊത്തോ ഗർഭമൊത്തോ-
കിടയ്ക്കുകിൽ
ഭണ്ഡാരവും വാഹനവുമാകമാനം നശിച്ചുപോം
അവയെത്താപസക്കാട്ടിലവററിൻ കാട്ടതന്നിലോ
വിട്ടേച്ചു ദിഗ്ഗജശ്രേഷ്ഠദേവപൂജ കഴിയ്ക്കണം.

അശുഭലക്ഷണമെന്ന മൂന്നാം പടലം കഴിഞ്ഞു

നാലാം പടലം

ആയുർല്ലക്ഷണം

മൂലം:

സ്നിദ്ധദന്തനഖരോമചക്ഷുഷോ
ദീർഘകണ്ണകരബാല വംശിനഃ
പ്രാക്പ്രദേശേ പരിപൂർണ്ണ ലക്ഷണാ-
സ്തുല്യമസ്തകതലാശ്ചിരായുഷഃ 1

പരിഭാഷ:

കൊമ്പു കൺ നഖരോമങ്ങളം നൈമയത്തോടുകൂടിയും
തുമ്പിക്കൈ ചെവി വാൽ തണ്ടെല്ലിതെല്ലാം
നെടുതായുമേ

Digitized By Kerala Sahitya Akademi

മുൻഭാഗം ലക്ഷണം മുററും തികഞ്ഞുമിരു മസ്തകം
തുല്യമായുമിരുന്നെന്നാൽ ദീർഘായുസ്സുള്ളതാഗ്ഗജം.

മൂലം

സപ്തരക്തതനവഃ ഷഡുന്നതാം
സുപ്രഭാവമനസഃ സുഗന്ധയഃ
നീല നീരദനിഭാവിരാവിണോ-
ദചിത്രിരോമ നിലയാശ്ചിരായുഷഃ.

പരിഭാഷ:

ഏഴംഗങ്ങൾക്കൊരു ചുകപ്പാ,റംഗങ്ങൾക്കപൊക്കവും
നെഞ്ഞൂക്കം നല്ല മണവും കന്നൽക്കാറെതിർവണ്ണവും
രണ്ടുമൂന്നും രോമമുള്ള രോമക്കുഴികളും പ്രഭോ,
പ്രൌഢശബ്ദവുമാനയ്ക്കു ദീർഘായുസ്സിന്റെ ലക്ഷണം.

മൂലം:

ഗാത്രോത്തമാംഗനയതാനനകണ്ണുകണ്ഠ-
വക്ഷോവിഷാണകരസത്വരുചോ ചരാണി
അംഗാനി ചേതി സകൃശാനിവയോദശാഭിഃ
ക്ഷേത്രാണ്യമൂനി കരിണാം ദശചദ്വയം ച. 2

പരിഭാഷ:

നട, കണ്ണും, തല, മുഖം, കഴുത്തു, ചെവി, മാറിടം
തുമ്പിക്കൈ, കൊമ്പു, ടൽ, കണ, ഗജങ്ങൾക്കപരാംഗവും
വയോദശകളോടൊക്കമീരാറംഗങ്ങളിവയിന്നെ
ക്ഷേത്രങ്ങളെന്നു കീർത്തിപ്പെട്ടന്നു ശാസ്ത്രദക്ഷരാൽ.

Digitized By Kerala Sahitya Akademi

മൂലം:

ക്ഷേത്രാണാം യാവതാം പൂണ്ണ-ലക്ഷണംയസ്യദൃശ്യതേ
ദശാസ്താവത്യ ഏവായുസ്തസ്യേത്യാഹ-
ബൃഹസ്പതിഃ 3

പരിഭാഷ:

ക്ഷേത്രമെത്രയൊരാനസ്കു കാണ്മൂ ലക്ഷണപൂണ്ണമായ്
അത്ര പത്തുവയസ്സുണ്ടാമതിന്നെന്നാൻ ബൃഹസ്പതി.

മൂലം:

ത്രീണിപഞ്ചസപ്താഷ്ടൌ ലിംഗാന്യേതാനി-
യസ്യവൈ
ആയുസ്സലഭതേ താവൽദീഘ്മിത്യസ്യമേമതിഃ 5

പരിഭാഷ:

മൂന്നോ ലക്ഷണമഞ്ചോഴേഴോയെട്ടോ ഭവിയ്ക്കിലും
ദീഘായുസ്സാഗ്ഗജത്തിന്നു കിട്ടുമെന്നെൻെറ നിശ്ചയം.

മൂലം:

ചതുത്ഥീ മൃഗജാത്യസ്യ മന്ദജാത്യസ്യവാഷ്ടമീ
ദ്വാദശീ ഭദ്രജാത്യസ്യ പരമായുരിഹോച്യതേ. 6

പരിഭാഷ:

മൃഗജാതിഗജത്തിന്നു നാല്പതും, മന്ദനെൺപതും
ഭദ്രന്നു നൂററിരുപതും പരമായുസ്സു ചൊൽവൂതേ.

ആയുർലക്ഷണമെന്ന നാലാം പടലം കഴിഞ്ഞു.

Digitized By Kerala Sahitya Akademi

അഞ്ചാം പടലം

വയോലക്ഷണം

മൂലം:

ആ ദ്വാദശാബ്ദാദ്വയസാജ്ഘന്യോ
മധ്യശ്ചതുർവിംശതി വത്സരാൽ പ്രാക്
ആഷഷ്ടി സംവത്സരതഃ പുരായം
മാതംഗവര്യോ വയസോത്തമാഖ്യഃ 1

പരിഭാഷ:

പന്ത്രണ്ടമിരുപന്ത്രണ്ടും വയസ്സറുപതുംവരെ
ക്രമാലാനയ്ക്കു പേർ ചൊൽവൂ ജഘന്യൻ മദ്ധ്യനുത്തമൻ.

മൂലം:

ശ്ലക്ഷ്ണസ്സുതാമ്രോമൃദു ഗാത്രരോമ
നിദ്രാലുരങ്കുരിത ഹസ്തലക്ഷ്യഃ
അവ്യക്തരൂപാംഗയുതഃ സ്തനാർത്ഥീ
ബാലാഹ്വയോയം പ്രഥമേത്തുവർഷേ. 2

പരിഭാഷ:

മിനുപ്പു, ചോപ്പു, മെയ്യിന്നും രോമങ്ങൾക്കും മൃദുത്വവും
മുളച്ചുവന്ന നൽത്തുമ്പിക്കയ്യു,മേററമുറക്കവും,
അവ്യക്തമാമാകൃതിയും മുലപ്പാലിന്നു കാംക്ഷയും
കാൺകിലൊന്നാം വയസ്സാന്ന ബാലനെന്നറികാഗ്ഗജം.

മൂലം:

കിഞ്ചിൽ സാന്ദ്രനഖോതി രാഗരസനോ—
ഷ്ഠാദിഃപയോല്പം പിബൻ

Digitized By Kerala Sahitya Akademi

കിഞ്ചിൽചാരു തൃണാദിഖാദിതു മനാഃ
ഗാത്രാന്തരേ ലോഹിതഃ
ദ്രാക്ധാവത്യനിമിത്തമേവ മുദിതഃ
പ്രായസ്സിതാ മീലിതോ
നമ്രാക്ഷോ നയനപ്രമോദകൃദയം
വർഷദ്വയേഃ പൂർച്ചകഃ 3

പരിഭാഷ:

നഖമല്പമുറച്ചോ, ഷ്ഠ ജിഹ്വാദികരം ചുകന്നുമേ
മുലപ്പാലേറെ നുകരാതി, ഉമ്പുല്ലുകരം തേടിയും,
വയററത്തു തുടപ്പാൻ,മതിവേഗത്തിലോടിയും
അഹേതുവായ് പ്രസാദിച്ചും, മുക്കാലും മിഴിചിമ്മിയും
നമ്രാക്ഷനായും കണ്ണിന്നുമോദം ചേർത്തുമിരുന്നിടും
രണ്ടാംവയസ്സിൽ ദ്വിരദം, തൽപ്പേർ പൂർച്ചകനെന്നു-
പോൽ.

മൂലം:

സ്ഫുടനഖവിദുസന്ധിശ്രോത്ര ദന്തപ്രവേഷു—
ച്ഛവിരുരസി സബിന്ദുഃ കണ്ണപിഞ്ഛരൂഷ-
യോ ത്വ
ശ്രുവസി ശിരസി കേശ്യുന്നമ്രശീർഷസ്തൃണാദീ
ദ്രഢതര രദപംക്തിശ്ചോപസപ്പസ്തൃതീയേ 4

പരിഭാഷ:

നഖം, കുംഭാന്തരം, സന്ധി. തുമ്പിക്കൈ, ചെവി,
കൊമ്പിവ
സ്പഷ്ടങ്ങളായ്ത്തീരുകയും, തലപൊങ്ങിച്ചുനില്ക്കയും
ചെവിത്തുമ്പത്തു മാറത്തും പുള്ളിയുള്ളവനാകയും
കാതിന്മേലും തലയിലും രോമങ്ങളുള്ളവാകയും,

Digitized By Kerala Sahitya Akademi

പുല്ലുതിന്നുകയും, പല്ലുനല്ലവണ്ണമുറയ്ക്കുയും
മൂന്നാംവയസ്സിൽ ചിഹ്നങ്ങളുപസപ്പാഖ്യനാഗ്ഗജം.

മൂലം:

വിലാംഗനിഷ്ഠോശവിലോഹിതഃ പയോ-
ദ്വിടപ്രോഹസന്ദാനഘനസ്തൃണപ്രിയഃ
കൃഷ്ണാന്തതാലു! പൃഥുലശ്ചതുഷ്ടയേ
മനാക്പ്രരോഹദ്ദുശനോ ഹി ബർബരഃ 5

പരിഭാഷ:

നാലാംവയസ്സിൽ നിഷ്ഠോശവിലാംഗങ്ങൾ ചുകന്നിടും
മുലപ്പാൽ നുകരാ, പ്രോഹസന്ദാനങ്ങൾ കനപ്പെടും
പുൽതിന്നും, താലുവിന്നററം കറുക്കും പുഷ്ടിവന്നിടും
കൊമ്പും മുളച്ചുവന്നീടും ബർബരാഭിഖ്യനാദ്വിപം.

മൂലം:

കാഷ്ഠത്വക്തനുസേവനസ്തനുകചഃ പങ്കാംബു-
പാംസുപ്രിയഃ
സ്വല്പം ഹൃഷ്യതി കോപമേതിച സുഖാ ദുഃഖം
യതംബുദ്ധ്യതേ
ശബ്ദാദീനപി വേത്തിയന്ന്യവശഗോഹ്യത്താനവിൽ
പ്രോല്ലസദ്
ഘണ്ടാവഗ്രഹദന്തഏഷകളഭഃ പ്രാപ്തസ്സമാം
പഞ്ചമീം. 6

പരിഭാഷ:

അഞ്ചാംവയസ്സിലല്പാല്പം മരത്തിൻ തോലുതിന്നിടും
ചളിവെള്ളം പൊടികളിൽക്കളിപ്പാനിച്ഛതേടിടും,

Digitized By Kerala Sahitya Akademi

ഹർഷിയ്ക്കുമല്ലം കോപിയ്ക്കും, സുഖാസുഖമറിഞ്ഞിടും
ശബ്ദവും മററുമറിയും, പാപ്പാൻ ചൊന്നതുകേട്ടിടും
നെററി കൊമ്പും പിങ്കഴുത്തും തെളിഞ്ഞുതാന-
വേദിയാം
ഈ പ്രായത്തിൽഗ്ഗജത്തിന്നു ചൊൽവുകളഭമെന്നു പേർ.

മൂലം:

പിഞ്ഛരൂക്ഷകണുകടസൃകവിലാഗനേത്ര-
കൂടാഗ്രകണ്ണയുഗളപ്രതിമാനദേശേ
യസ്യാദ്രബിന്ദുസുഭഗോവലിഹീനവർഷ്മാ
നൈകാരികം തമിഹ ഷട്സ്സമമാമനന്തി. 7

പരിഭാഷ:

കണ്ണാഗ്രം, കടവായ്, കണ്ണം, കടക്കൺ, കവിൾ,
കാതുകൾ,
വിലാഗ,മിരുകൊമ്പിൻെറ നടുവെന്നീസ്ഥലങ്ങളിൽ
ചേലൊത്ത പുള്ളികളൊടും ചുളി വീഴാത്ത മെയ്യുമായ്
കാണാമാറാം വയസ്സിങ്കൽ നൈകാരികനവന്നു പേർ.

മൂലം:

ഘനനഖതലസന്ധിപ്രോഹസന്ദാനചിക്കാ-
പലികരനഖശീർഷോദന്ത ഖാദീസകണ്ഡൂഃ
സ്ഫുടചരണ ജവാവസ്കാരവാൻ സപ്തവർഷ-
സ്ത്വിശ്ശരിതികഥിതോ സൌസ്തിശ്ച്ഛദോഃപൃഷ്ഠ-
രാഗ്രഃ 8

പരിഭാഷ:

സന്ധിപ്രോഹം നഖതലം ചിക്കാവലി ശിരസ്സുകൾ
സന്ദാനം കൈത്തലമിവയെല്ലാമുറപ്പുളവായിയും

Digitized By Kerala Sahitya Akademi

നന്നായ് കടിച്ചുതിന്നും മെയ്യുരച്ചേററം ചൊറിഞ്ഞുമേ
കാൽവേഗവുമവസ്കാരദേശവും വ്യക്തമായിയും
കയ്യും തുമ്പിക്കരെത്തുമ്പും മിനുത്തുമെഴമാനയോ
ഏഴാംവയസ്സിൽനില്ക്കുന്നോൻശിശുവെന്നാണവന്നു
പേർ.

മൂലം:

ഘനതലനഖസന്ധിഃ ക്ഷിപ്രരോഹി വ്രണൌഘോ
മൃദുമൃദയവസാശീസംചലദ്ദന്തപങ്ക്തി;
ചപലമതിരജസ്രംവർഷഘർഷീ പ്രഹർഷീ
പ്രഹരണമൃദുകോ സാവഷ്ടമേ മജ്ജനാഖ്യഃ 9

പരിഭാഷ:

ഉരസ്സുമേപ്പും നഖവുമിളക്കം പല്ലിനേററിടും
വല്ലപാടും മുറികൾപെട്ടെന്നാലുടനുണങ്ങിടും
മൈവെച്ചുരസ്സും വർഷിക്കും സദാ ചപലബുദ്ധിയായ്
പതുക്കെ പ്രഹരിച്ചീടുമെട്ടണ്ടാമാന മജ്ജനൻ.

മൂലം:

ശ്ലേക്ഷ്ണഃസ്രവതി ധേനമമുക്തശുക്ലഃ
സ്നിഗ്ദ്ധച്ഛവി; പ്രതതദന്തചയഃ പൃഥൂരാഃ
യോ രന്ധ്രസന്ധിഷുഘനസ്സുദൃഢപ്രഹാരീ
ദന്താരുണം നവസമാപ്രഭവം വദന്തി. 10

പരിഭാഷ:

വെളുക്കും കണ്ണുകറം, പിടിയാനതൻ പുറമേറിടും
എന്നാൽ ശുക്ലം സ്രവിക്കില്ലാ, പല്ലൊട്ടുക്കഒ നിരന്നിടും

Digitized By Kerala Sahitya Akademi

മാർപരക്കം തുളകളുമേപ്പുമെല്ലാം തടിച്ചിടും
കാന്തിക്കൊരുമിനപ്പുണ്ടാം ഗാഢമായ് പ്രഹരിച്ചിടും
ഇവയിലൊമ്പതാമത്തെ വയസ്സെന്നു ധരിക്കണം
ഈ പ്രായമായാലാനക്കുപേർ ദന്താരുണനെന്നുപോൽ.

മൂലം:

സഞ്ജാത ശുക്ലുപ്ലവനേസ്ഥിരാംഗഃ
പ്രഹൃഷ്ടമേഢ്രഃ സ്ഥിരജാതദന്തഃ
തേജോ ബലാഢ്യോ ദശമേസ്യഖാദീ
യൂഥപ്രഹർഷീ ച സ ഏവ ചിക്കഃ 11

പരിഭാഷ:

ശുക്ലുമുണ്ടാകയും, മേഢ്രഹർഷവും, പല്ലുരയ്ക്കയും
തേജോബലോന്നതി, ഗതിസ്ഥൈര്യവും നല്പതീററിയും
കൂട്ടത്തിലെത്തിയാൽ ഹർഷിക്കയുമീ ലക്ഷണങ്ങളാൽ
പത്താംവയസ്സെന്നറിക, ചിക്കനെന്നാക്കരിക്കുപേർ.

മൂലം:

ഉത്സാഹീസ്ഫുടഗാത്ര സന്ധിസുഭഗോ
ഗർഭപ്രഭോ ദുഃഖഭാക്
സപ്രോഹാദി വലിർഘനപ്രഹരണം
പീതാഭദന്തച്ഛവിഃ
ദുർഗ്ഗസ്ഥാനരതസ്സ്പൃഹശ്ലഥജംഘലഃ
പ്രസ്ഫാരകണ്ണാഞ്ചലഃ
പ്രോതാഖ്യഃസ്മരവേഗവിക്രമബലീ
യാതോ ദ്വിതീയാം ദശാം. 12

Digitized By Kerala Sahitya Akademi

പരിഭാഷ:

ഉത്സാഹവുമുടൽസ്സന്ധിവ്യക്തിയും സുഭഗത്വവും
ഗർഭമുണ്ടാകലഴലും പ്രോഹാദിയ്ക്കു ചുളിച്ചിലും,
ശക്തികൂടും പ്രഹരവും, കൊമ്പിന്മേൽ മഞ്ഞവർണ്ണവും
കണ്ണാഗ്രജ്വലനാവസ്ഥാരങ്ങൾ ഭംഗിയിലാകയും
ദൃഗ്ഗത്തിലിഷ്ട കാമഭ്രാന്തുക്കേററം വിക്രമങ്ങളും
വയസ്സിരുപതാവോളംകാണാം, പ്രോതാഖ്യാനാ-
ദ്വിപം.

മൂലം:

തത്തമാനവിഭക്തകണ്ഠരസനോ-
ത്സംഗാദിരുദ്യന്മദ
ഘ്രാണസ്സർവ്വഗുണാന്വിതോ ദൃഢരണ-
സ്സ്നിഗ്ദ്ധരോമച്ഛവിഃ
ക്ഷീബാക്ഷഃപ്രിയദർശനോഽക്ഷിവിലസ-
ദ്വൃദ്ധിഃസ്വധീഃ കോപനോ
ഹന്താ ധാത്രു സമസ്തഗുവ ജവനോ
യാതസ്തൃതീയാം ദശാം. 13

പരിഭാഷ:

വയസ്സുമുപ്പതാവോളം മദഗന്ധമുദിച്ചതായ്
വേണ്ടുംവലിപ്പംവന്നൊത്ത കൊമ്പുത്സംഗംകഴുത്തുമായ്
പോരിന്നുറപ്പുടയതായ്ഗ്ഗുണമൊട്ടുക്കിയന്നതായ്
സ്നിഗ്ദ്ധരോമച്ഛവിയായിളകും കൺകളുള്ളതായ്
കാഴ്ചയിൽബ്ഭംഗിയുള്ളൊന്നായ്പ്പുഷ്ടപഞ്ചേന്ദ്രി-
യാഢ്യമായ്
നൽബുദ്ധി കോപമറിവും ഹിംസാരസവുമുള്ളതായ്

Digitized By Kerala Sahitya Akademi

ധാതുക്കൾക്കേഴിനും സാമ്യമൊത്തതായുമിരുന്നിടും
ഈ പ്രായത്തിൽഗ്ഗജത്തിന്നുചൊല്ലും ജവനനെന്നു
പേർ 33

സന്ദാനാദി പ്രദേശത്തു മാച്ചിലില്ലാച്ചുളിച്ചിലും,
കാലംവന്നാൽ മദമ്പാടും നിദ്രയില്ലാതിരിക്കലും 34

പുകകണ്ടാലെതിർഗജമാണെന്നോർത്താത്തഹർഷമേ
ഗർജ്ജിക്ക കോൾമയിർക്കൊൾക പോരാടുന്നതി-
നിച്ഛയും 35

വയസ്സുനാല്പതാവോളം ലക്ഷണങ്ങളിതൊക്കെയാം
ഈ പ്രായത്തിൽഗ്ഗജത്തിന്നുചൊല്ലും കല്യാണനെന്നു-
പേർ 36

സന്ദാനാദ്യങ്ങളിൽ മദംവാനും ചുളികൾതിങ്ങിയും
കവിൾത്തടം കൺചെവികൾക്കുള്ളോരഴകുകൂടിയും 37

വെക്കം മദിച്ചും പെട്ടെന്നു മോദിച്ചും ശൌര്യമേന്തിയും
എല്ലാം സഹിച്ചുമെപ്പോഴും നീരണിക്കവിളൊത്തുമേ 38

കാണപ്പെടും പിന്നെ വയസ്സമ്പതാകും വരെയ്ക്കുമേ
ഈ പ്രായത്തിൽജ്ഗത്തിന്നുയോധനെന്നാണുപേരെടോ 39

വയസ്സറുപതാവോളം വലിതൻമീതെ വീണിടും
തേജോധാതിവിന്ദ്രിയങ്ങൾക്കു ശക്തിക്കുറവു തട്ടിടും 40

ചീളിയും ചെവിയും ചുണ്ടും മററും രോമാഢ്യമായിടും
കൊമ്പിൻകട പുറത്തെയ്ക്കു കാണുമാറായ്ച്ചുമഞ്ഞിടും 41

Digitized By Kerala Sahitya Akademi

വയസ്സെഴുപതാവോളം പിത്താഗ്നികം ചുരുങ്ങിയും
വാതം വളർന്നും മെയ്യേററം സ്തംഭിച്ചും കഫമേറിയും 42

ശോഭയ്ക്കുമിന്നസംവിട്ടും നിറംവല്ലാതെയായിയും
അംഗചേഷ്ട കറഞ്ഞിട്ടുമിരിയ്ക്കും ദ്വിരദം പ്രഭോ! 43

വയസ്സങ്ങെഴുപത്തൊന്നുതുടങ്ങീട്ടെൺപതാംവരെ
കവിൾത്തട്ടിൽ കഫംവാർന്നും സദാ കണ്ണീരുചാടിയും 44

ശോഭയ്ക്കുമിന്നസംവിട്ടും നിറമോ വഷളായിയും
കാമം നിലച്ചും, പേടിച്ചു കൂട്ടത്തിൽക്കൂടിടാതെയും 45

കൊമ്പിൻവളർച്ചയും നിന്നും വീര്യംതീരെച്ചുരുങ്ങിയും
മുറി പെട്ടാലുടനുണങ്ങാതെയും കാന്തിനീങ്ങിയും 46

രോമം മുറിഞ്ഞുപൊയ്ക്കൊണ്ടുമെപ്പോഴും കണ്ണുചിമ്മിയും
കാണപ്പെടും കുഞ്ജരമെന്നറിഞ്ഞാലും മഹീപതേ! 47

വയസ്സുപിന്നെത്തൊണ്ണൂറാംവരെ ദ്വിരദമൂഴിപ!
കഴുത്തുചാഞ്ഞു പല്ലാടിച്ചേഷ്ടയെല്ലാംചുരുങ്ങിയും 48

കൊമ്പിൽകടയിൽനിന്നംഭസ്സൊലിച്ചു മൃദുളാശിയായ്
കാന്തിയ്ക്കുമിന്നസംവിട്ടു മദദ്വേഷണദാം നീങ്ങിയും 49

മെയ്യെങ്ങും ചുളിവീണംഗം തളർന്നേററമുറങ്ങിയും
കൂട്ടത്തിൻപിറകേയാത്രചെയ്‌വോനായുമിരുന്നിടും 50

വാൽ തുമ്പിക്കൈ ചെവി ചുമലിവയ്ക്കുയവുതട്ടിയും,
രോമംകൊഴിഞ്ഞു,കൊമ്പാടി, മാംസവൃക്കംചുരുങ്ങിയും 51

Digitized By Kerala Sahitya Akademi

കൈകാലടിചലിച്ചും, കാൽകഴഞ്ഞും, തീൻകുറഞ്ഞുമേ,
മെയ്യിന്നു മിനുസംവിട്ടും നേത്രരോഗമിണങ്ങിയും. 52

മലമൂത്രം പണിപ്പെട്ടുവിട്ടും, ദാഹംമുഴുത്തുമേ
കൃമിതിന്നും നഖംചേന്നും മെയ്യിൽസ്സിരകരം
പൊങ്ങിയും 53

കാണപ്പെടും കിഴവനാമാന മാനവപുംഗവ:
തൊണ്ണൂററൊന്നു തുടങ്ങീട്ടു നൂർവയസ്സായിടുംവരെ 54

തണ്ണീരിങ്കൽക്കിടക്കായ്ക, മരംചാരിയുറങ്ങലും
കണമേൽനിന്നു നീർവാച്ച്, കവിളിൽക്കഫവാച്ച്യും 55

പതുപ്പുള്ള പദാത്ഥങ്ങരം കടിച്ചുകൊണ്ടുതിന്നലും,
കൊമ്പുങ്ങിച്ചമകയും, മെയ്യിൽമാറാത്ത രോഗവും 56

ഇവയത്രേ ലക്ഷണങ്ങളിഭത്തിന്നു നരാധിപ!
വയസ്സു നൂററൊന്നുമുതൽ നൂററിപ്പത്തായിടുംവരെ 57

അപ്പുറംനൂററിരുപത്തുവയസ്സുതികയുംവരെ
താന്നുമെല്ലെത്തൊട്ടകയുമാവിധം താൻ നടക്കയും, 58

ദേഹം സ്തംഭിയ്ക്കു, ചെവിവാൽ തുമ്പിക്കയ്യും വിറയ്ക്കുയും
സദാ പരാധീനതയും നിദ്രയും ലക്ഷണങ്ങരം പോൽ. 59

ഈ വണ്ണം നൂററിരുപതുവയസ്സോളമിളാപതേ!
പല കമ്മങ്ങരംചെയ്യിട്ടു വിജ്ഞേറുന്നിതു വാരണം. 60

അഞ്ചാം പടലം കഴിഞ്ഞു,

Digitized By Kerala Sahitya Akademi

ആറാം പടലം

മാനനിർണ്ണയം

നീളംകൺമുതൽ വാലിൻെറ കടയോളമളക്കണം
ഉയർച്ചയോ നഖംതൊട്ടിട്ടിരിയ്ക്കസ്ഥാനമാംവരെ. 1

വണ്ണം ചങ്ങലയിട്ടീടും സ്ഥാനത്തായിട്ടളക്കണം
ഈ വണ്ണമാണാനകളെയളക്കേണ്ടും ക്രമം പ്രഭോ! 2

പിറപ്പിലേ മൃഗേഭത്തിന്നൊന്നരക്കോലുനീളവും
ഒരുകോൽപൊക്കവുംകാണും രണ്ടുകോൽചുററുവണ്ണവും 3

പിന്നെപ്പത്തുവയസ്സോളം കൊല്ലംതോറുമരിന്ദമ!
അയ്യഞ്ചുവിരൽ വദ്ധിയ്ക്കും നീളംവണ്ണമുയർച്ചയും 4

പതിമൂന്നുവയസ്സായാൽ രണ്ടരക്കോലുപൊക്കമൊം
മൂന്നരക്കോലുതാൻനീളം നാലുകോൽചുററുവണ്ണവും 5

മനുജാതിഗജത്തിന്നും ഭദ്രജാതിഗജത്തിനും
ഇക്കണക്കിൽക്കവിഞ്ഞുണ്ടാം നീളംവണ്ണമുയർച്ചയും. 6

മുക്കോൽപൊക്കം, നാലുനീളം, നാലരക്കോലുവണ്ണവും
കാണപ്പെടുന്നപെണ്ണാന നല്ലതാകുന്നു മന്നവ! 7

രണ്ടരക്കോലുയരവും, മൂന്നരക്കോലുനീളവും
നാലുകോൽവണ്ണവുമെഴും പെണ്ണാനയൊരുമാതിരി 8

രണ്ടുകോലാമുയരവും, മൂന്നരക്കോലുവണ്ണവും
മൂന്നുകോൽനീളവുമെഴും പെണ്ണാന വഷളാണെടോ! 9

Digitized By Kerala Sahitya Akademi

ഏറ്റെച്ചടച്ചും സ്ഥൂലിച്ചുമംഗവൈകല്യമേന്തിയും
മേവും ഗജങ്ങളെയളക്കേണ്ടയെന്നാണു നിശ്ചയം. 10

അംഗങ്ങളെല്ലാം ശരിയാംമെയ്യുള്ളാനയെ നീളവേ
അളക്കണം നല്ലതിനെ വിശേഷിച്ചും വിശാംപതേ! 11

ശിരഃപിണ്ഡങ്ങളാം 'കുംഭ'ങ്ങളവരിൽനടുവോവിദു'
വിദുവിൽ കീഴെടമവഗ്രഹമാകുന്നുമന്നവ! 12

മസ്തകക്കീഴ'വാഹിത്ഥം' തൽക്കീഴോ പ്രതിമാനമാം
അതിൽ നടുവിനോ'പായുകുംഭ'മെന്നാണുപേർ നൃപ! 13

വാഹിത്ഥത്തിന്നിരുവശം 'വിലാംഗം' ദന്തികാക്കെടോ
തുമ്പിക്കൈത്തലതൻമീതേ 'ഗണ്ഡൂഷം' കൺതട-
ത്തിനോ 14

പേ'രീഷിക' കടക്കണ്ണിന്നത്രേ നിര്യാണമെന്നുപേർ
ചെവിതൻ വാക്ക 'പിയൂഷം' കാതിൻമുരട്'ചൂളിക' 15

കഴുത്തും ചുമലുംകൂടും സന്ധിസ്ഥാനം 'പ്രോഹ'മെന്നുപേർ
ഇരിപ്പുസ്ഥാനമതവസ്ഥാരം തന്മീതെയാം 'വലി' 16

മൈമദ്ധ്യം 'നിഗളസ്ഥാനം' ചിക്കയൊണായതിന്നുമേൽ
'സന്ദാനം' നാഭിതൻമീതെയതിൻ കീഴേടമോ'കല' 17

വാരിപ്പുപക്ഷമെന്നാംപേർ മുൻവശം'ദന്തഭാഗ'മാം
മുൻകാല്പുറംതൻകണങ്കാലിൻകീഴേടം ഗാത്രമാണു-
പോൽ. 18

Digitized By Kerala Sahitya Akademi

പിങ്കാലപരമാണത്രെ'നിഷ്ഷോശം'പ്പൃഷ്ഠവാരികാം
അവർതൻപിമ്പുറം 'കക്ഷി'യവസ്സൽക്കൃഷ്ണമെന്നു-
പേർ 19

വാലിൻകടയ്ക്കടുത്തുള്ളഭാഗം മേചകമൂഴിപ!
'അന്തർമ്മണി' കഴത്തിൻകീഴ്കണ്ഠസന്ധിയണ-
ഞ്ഞതാം. 20

ഇരിയ്ക്കുസ്ഥാനമോ 'സ്കന്ധം' 'പത്മകം' പുള്ളികാംക്ക-
പേർ.
കച്ചക്കയററിൻപേരത്രേ 'ദൂഷ്യാ' കക്ഷ്യാ'വരത്രകാം' 21

ഗജങ്ങളെപ്പിടിപ്പാനായ്ച്ചമയ്ക്കും കുഴി'വാരി'യാം
തളയ്ക്കും കററി'യാളാനം' വളരിൻപേരു് 'തോത്രമാം' 22

പേർ ചങ്ങലയ്ക്കന്ദുകമെന്നോത്തും നിഗളമെന്നുമേ
തോട്ടിയ്ക്കു'സൃണി'യെന്നത്രേ നാമമങ്കുശമെന്നുമാം. 23

ആറാം പടലം കഴിഞ്ഞു

ഏഴാം പടലം

മൂല്യനിർണ്ണയം

ആനയ്ക്കുവിലയിങ്ങിത്രയെന്നു ചൊൽവാൻകഴിഞ്ഞിടാ
വില്പ്പോനും വാങ്ങിടുന്നോനും ബോദ്ധ്യമാം വിലയു-
ത്തമം. 1

Digitized By Kerala Sahitya Akademi

അതിൽവെച്ചൊരുവന്നിഷ്ടമാകാത്തവില മദ്ധ്യമം
രണ്ടാംപക്ഷം ബോദ്ധ്യമല്ലാത്തവില- നിന്ദ്യവുമാണു
പോൽ. 2

അതിനാലറിവുള്ളോർകൾ പലരുംകൂടിനന്മയിൽ
ചിന്തിച്ചുറയ്ക്കുന്നവിലയ്ക്കല്ലോ വാങ്ങേണ്ടതാനയെ. 3

വാങ്ങാം പൂർണ്ണവിലയ്ക്കെല്ലാനന്മയുംചേന്ന ദന്തിയെ
കൺകാൽകൊമ്പിവയോരോന്നും പോയോനും-
ചെവിപൊട്ടനും 4

രോഗിയ്ക്കും വിലനേർപാതി, ചെവി വാൽമുതലായവ
പാതികണ്ടുമുറിഞ്ഞോനു മൂന്നിലൊന്നാക്കണംവില 5

എടത്തേക്കൊമ്പുയന്നാനയ്ക്കെട്ടിലൊന്നാക്കണംവില
മോഴയ്ക്കുനാലിലൊന്നാവാം പിടിയ്ക്കോ മൂന്നിലൊന്നു-
താൻ. 6

ഏഴാം പടലം കഴിഞ്ഞു

എട്ടാം പടലം

സത്വവേദന ലക്ഷണ വിചാരനിർണ്ണയം

ദേവദാനവഗന്ധർവയക്ഷരക്ഷോനൃസത്വരെ
തന്മെട്ടിനാൽക്കാൺക പിശാചാഹിസത്വരെയും പ്രഭോ! 1

ആമ്പൽപ്പൂവേഴിലാമ്പാലപൊയ്ത്താർ നാരങ്ങചന്ദനം
ഇവററിലൊന്നിന്നെതിരാം ഗന്ധവും, നല്ലകാന്തിയും 2

Digitized By Kerala Sahitya Akademi

തെളിഞ്ഞ മുഖവും നിത്യം കളഭങ്ങളിലിഷ്ടവും
കയിൽനേരൊച്ചയും ചേൎന്ന കരീന്ദ്രൻ ദേവസത്വനാം 3

എപ്പോഴും തള്ളലുള്ളോനായ്പ്പോർതേടുംദുസ്വഭാവിയായ്
കരുനൊച്ചിയ്ക്കിലിന്നും മീനിന്നും തുല്യഗന്ധിയായ് 4

തെല്ലും ദയപെടാത്തോനായ്ക്കൊല്ലുവോനാകുമാനയെ
ധരിയ്ക്കണം ദാനവനേർ സത്വവാനെന്നു മന്നവ! 5

പിച്ചകപ്പൂ കറുമൊഴി നാഗപ്പൂ രക്തചന്ദനം
പുന്നപ്പൂ തണ്ടലരിതിലൊന്നിന്നൊത്തൊരു ഗന്ധവും 6

കൺ കൊമ്പുകുംഭങ്ങൾ തല തുമ്പി തുമ്പിക്കരാഞ്ചലം
നടപ്പിവയ്ക്കൊരഴകം പാട്ടിൽ; പ്രിയവുമുള്ളതായ് 7

ചുരുക്കം പുള്ളികളുമായ്ക്കാണപ്പെട്ടീടുമാനയോ
ഗന്ധർവ്വസത്വമെന്നത്രേ ഗജശാസ്ത്രജ്ഞർതൻമതം. 8

വിശുദ്ധനായക്ഷമിയായ് കാണ്മാൻ നല്ലഴകുള്ളതായ്
ചെവിയാട്ടുന്ന തേജസ്വി കുഞ്ജരം യക്ഷസത്വമാം. 9

കാക്ക പൂച്ച കുരങ്ങന്മാർ പിന്നെക്കഴുതയൊട്ടകം
ഇവററിൻ മലമൂത്രത്തിൻ മണംപൂണ്ടു കൃതഘ്നമായ് 10

രാത്രിയിൽ ക്രൂരമായ് മാംസരക്താദ്യങ്ങൾ കൊതിപ്പ-തായ്
ചൊൽകേൾക്കാതെ വണക്കംവിട്ടാന രാക്ഷസസത്വമാം 11

ശവത്തിന്നുമിരുമ്പിന്നും ശരിയാംമണമുള്ളതായ്
ശൂന്യകൌതുകിയായ് രാവിൽ ഭ്രാന്തുംപൂണ്ടുനടപ്പതായ് 12

Digitized By Kerala Sahitya Akademi

പർവ്വങ്ങളിൽച്ചോടിപ്പൊന്നായ്ക്കനത്തൊച്ചയെഴ-
ന്നതായ്
മൂഢമായുള്ളൊരുഗജംപാർത്താൽപ്പൈശാചസത്വമാം 13

മീൻമണിക്കഞ്ജകം ചണ്ടിചളിയും മദ്യമാംസവും
ഇവററിലൊന്നിൻമണമൊത്തിരവിങ്കൽച്ചോടിപ്പ-
തായ് 14

വെള്ളത്തിലും പൊടിയിലും കളിപ്പാൻ കൊതിയുള്ള-
തായ്
ഇടി കേട്ടാൽബ്ഭയംതേടുമാനയോ സർപ്പസത്വമാം. 15

തേൻപാൽനൈപായസം മാമ്പൂവിവസ്തുസമഗന്ധിയായ്
ശുചിയായ്സ്സാമരുചിയായ്ഗ്ഗജങ്ങൾക്കൊക്കെയിഷ്ട-
നായ് 16

ബുദ്ധിസ്തു നന്മചേർന്നോനായ് മുററും ശാന്തസ്വഭാവനായ്
കളിപ്പാനിച്ഛയുള്ളോനാം ഗജം ബ്രാഹ്മണസത്വമാം 17

അരിതാലം ചന്ദനം നൈമനയോലകംഗുൽഗ്ഗുലു
ഇവററിലൊന്നിൻമണമൊത്തടർചെയ്‌വാൻ-
മിടുക്കനായ് 18

നാനാവിധായുധവ്രാതമേററാലും ശൌര്യശാലിയായ്
പേരിൽപ്പേടിപെടാതുള്ളഗജം ക്ഷത്രിയസത്വമാം. 19

നെല്ലുച്ചമലരിപ്പൂവു കൈതപ്പൂവെള്ളപിച്ചകം
ഇവററിലൊന്നിൻമുള്ളണ്ണാക്കും നാവുമൊത്തതായ് 20

Digitized By Kerala Sahitya Akademi

സാന്ത്വനപ്രിയമായ് മാംസഭുക്കായ് ക്ലേശസഹി-
ഷ്ണുവായ്
ചൊടിച്ചാലുമുടൻ ശുണ്ഠിമാററുന്നകരി വൈശ്യനാം. 21

ഞണ്ടെല്ലുശുഷ്കപ്പുളിയാടിവയ്യോത്ത മണത്തൊട്ടും
പെട്ടെന്നു പേടിപ്പവനായുച്ഛിഷ്ടം തേടുവാനുമായ് 22

ക്രോധിയായ്ബ്ഭേദ്യനായ്പ്പാവപ്പെട്ടോ-
നായിക്കൃതഘ്നനായ്
നിന്ദ്യനാം കരിയോ ശൂദ്രസത്വനെന്നു ധരിക്കണം, 23

വിശ്വാസഘാതുകൻ ക്രൂരൻ നടപ്പിൽ വളവുള്ളവൻ
മദകാലത്തധികമായ്ത്തിന്നാത്തോൻ സർവ്വ-
സത്വനാം, 24

ദേവക്ഷത്രിയഗന്ധർവ്വ വിപ്രസത്വങ്ങൾ സാത്വികർ
രാജസന്മാർ വൈശ്യശൂദ്രർ മററുള്ളാനകൾ താമസർ. 25

ആനകൾക്കുനിറം നാലുവിധമാകുന്നു ഭൂപതേ!
പിത്തംകലൻ രക്തത്താൽപ്പീലിനേർപച്ചവണ്ണമാം. 26

കഫംകലൻ രക്തത്താൽപ്പൊന്നൊക്കും മഞ്ഞവണ്ണമാം
പിത്തത്താൽകാർകറുപ്പുണ്ടാം കഫാൽപ്പാലൊളി-
വെൺമയും. 27

ഇതിൽക്കറുത്തനിറമാം ഗജമേയുള്ള ഭൂമിയിൽ
മററുമൂന്നു നിറക്കാരും വിണ്ണിലാകുന്നു മന്നവ! 28

ആനയ്ക്കു ഭൂതഭേദത്താൽ ഛായയഞ്ചുതരത്തിലാം
അതക്കൈക്കാർനിരപോലംഗലക്ഷ്മത്തെ മൂടുമേ. 29

Digitized By Kerala Sahitya Akademi

കാറിൻനിറം ജലച്ഛായ, ഭ്രുവിൻ ഛായ പലേനിറം
തീച്ഛായയോ ചാരുനിറം നന്നല്ലാ മറ്റുരണ്ടുമേ. 30

കൊള്ളാം ഗന്ധർവയക്ഷാഹിസത്വഹസ്തികൾ പോരിടാൻ
ക്ഷത്രസത്വം വിശേഷിച്ചും സംഗരത്തിന്നുതക്കതാം. 31

ദേവബ്രാഹ്മണസത്വങ്ങൾ യാഗാദ്യങ്ങൾക്കു തക്കവ
എല്ലാത്തൊഴിലിനും കൊള്ളാം വൈശ്യസത്വങ്ങ-
ളാനകൾ 32

ഭാണ്ഡാദിവഹനം, യുദ്ധം, വധം, വ്യാഘ്ര്യാദിഹിംസനം
ചോരർതൻനിഗ്രഹമിവശൂദ്രാക്കാം മറ്റുള്ളവററിനെ. 33

വേദനനിരൂപണം

അത്യർത്ഥാ,ത്താന,ഗംഭീരാനർത്ഥപ്രത്യർത്ഥകക്രമം,
സിദ്ധമിങ്ങിനെ നാഗങ്ങൾക്കേഴമാതിരിവേദനം. 34

വളരും തോട്ടിവടിയും ദൂരെക്കണ്ടാൽ ത്രസിപ്പവൻ
തൊട്ടാലേറെ നടുങ്ങുന്നോനവനത്യർത്ഥവേദനൻ. 35

വളർതോട്ടികളാൽത്തോലോ രോമമോ തൊട്ടുപോവുകിൽ
വല്ലാതെ നൊന്തമട്ടാകുമാനയുത്താനവേദനൻ. 36

തോൽവിണ്ടാലും നിണമൊലിച്ചാലും മാംസംനുറുങ്ങിയും
തോട്ടിവെച്ചതറിഞ്ഞിടാത്താന ഗംഭീരവേദനൻ. 37

തോട്ടിവെച്ചാൽപ്പറഞ്ഞോണം ചെയ്യും വേദന തേടിടും
പേടിയ്ക്കില്ലാമയങ്ങീടില്ലവനനർത്ഥവേദനൻ. 38

Digitized By Kerala Sahitya Akademi

മുന്തള്ളിയാൽപ്പിന്തിരിക്ക, നിർത്തിയാലോ നടന്നിടും
സംജ്ഞാവിരുദ്ധമേ ചെയ്യുമവൻ പ്രത്യർത്ഥവേദനൻ 39

അറിവും ചിന്തയും വിട്ടും വിപരീതം നടത്തിയും
ദോഷം വളർന്നുമുള്ളോനാമാന കക്ശവേദനൻ 40

ഭാവത്തിലെല്ലാം മയവും ശുദ്ധിയും നല്ല നന്മയും
ചേർന്ന ദന്തിദയാംഭോധേ! സിദ്ധവേദനനാണുപോൽ. 41

എട്ടാം പടലം കഴിഞ്ഞു.

ഒമ്പതാം പടലം

മദഭേദനിരൂപണം

ഏററം മധുരമാം ഭോജ്യ.മിലപൊട്ടിച്ചു തിന്നലും
മൊട്ടിളമ്പുല്ലുരുളയും തക്കതാമന്നപാനവും 1

നൽച്ചോല്ലുകേൾക്കൽ പൊടിനീർ ചേറെന്നിവലഭിക്കലും
യഥേഷ്ടചാരവും മൂലം ദന്തിസന്തുഷ്ടനാകുമേ. 2

ഹസ്തിക്കുംതോറുമാനക്കു ധാതുവൃദ്ധിഭവിച്ചിടും
അപ്പോൾ പിടിയുമായ് നീരിൽ ക്രീഡയും നടയും
പ്രിയം 3

പൊയ്ത്താരണിപ്പൊയ്കയിൽ നന്മണമുള്ള
ജലത്തിനാൽ
കവിൾകൊണ്ടു മൃണാളങ്ങൾ തിന്നുകൊണ്ടുരമിക്കലും, 4

Digitized By Kerala Sahitya Akademi

നല്ലിളമ്പുല്ലു തിന്നീടിലഷ്ടംപോലെ നടക്കലും
ഹർഷമേകി ദ്വിപത്തിന്നു ധാതുസാമ്യം വരുത്തിടും. 5

ഹർഷം വർദ്ധിച്ചിരിക്കുമ്പോളാനകൾക്കുളവാം മദം
ഹർഷം കുറഞ്ഞിരിക്കുമ്പോൾ മദമ്പാടും കുറഞ്ഞിടും 6

കൺ കാതണ്ണാക്കു, തുമ്പിക്കൈ കണ, നാഭി, സ്തനം കവിൾ
രോമകൂപങ്ങളിവയിൽപ്പലപാടൊഴുകും മദം 7

ഗന്ധം പ്രഹർഷം ശീഘ്രത്വം കാന്തി കായമണം ചൊടി
വീര്യം ഭയപ്പാടില്ലായ്കീയെട്ടും മദഗുണങ്ങൾ പോൽ. 8

ബ്രഹ്മൻ പണ്ടു മദംതീർന്നിട്ടതുരണ്ടായ്പ്പകുത്തുടൻ
ചരാചരപ്പാർകളിലും ഗജങ്ങളിലുമാക്കിനാൻ. 9

അതിനാലേ മദം പൂണ്ടിട്ടടരാടുന്നിതാനകൾ
തോല്പിക്കപ്പെട്ടുവെന്നാലോ കോപവും തേടിടുന്നതേ. 10

ഋതുസംവൃദ്ധി നേടുന്നു മരങ്ങൾ മദവൃദ്ധിയാൽ
മദംനിറയവേ തുഷ്ടരാകുന്നു മററു ജീവികൾ. 11

രാജ്യത്തോ നഗരത്തോവെച്ചാനയ്ക്കു മദമേല്ക്കുകിൽ
സുഭിക്ഷയായ്ബ്ഭവിച്ചീടും ഭൂമി ഭൂപശിഖാമണേ! 12

വലങ്കവിളിൽ നിന്നാദ്യം നീർവാർന്നാൽജ്ജയിയാം നൃപൻ
ഇടങ്കവിളിൽനിന്നെങ്കിൽപ്പാപ്പാനുവിജയം വരും. 13

കോശത്തിലൂടെയാണെങ്കിൽ മന്നിൽ നന്മഴ പെയ്തിടും
കോശഗണ്ഡദ്വയവഴിയ്ക്കെങ്കിൽബ്ഭൂപന്നു കീർത്തിയാം 14

Digitized By Kerala Sahitya Akademi

പുററുകററിലതാഗുൽമം ചെറുവൃക്ഷമിവററിനെ
തോന്നുംപോലെ തകക്കുന്നോൻ ഹഷിച്ചുംകൊണ്ടു
നോക്കുവോൻ 15

യാത്രാനുകൂലമായ് വക്ത്രം പൊക്കിച്ചിക്കുന്നു-
പോകുവോൻ.
കച്ചക്കയെറിടും നേരം നീർത്തുള്ളികൾ പൊഴിയ്ക്കുയോ 16

ഗജ്ജിയ്ക്കുയോ മദമ്പാടുകൊൾകയോ ചെയ്യിടുന്നവൻ
വലങ്കൊമ്പത്തു തുമ്പിക്കൈച്ചുററുവോനും ജയപ്രദൻ. 17

മദാദിയാൽക്കാലിടറും പെട്ടെന്നു ചെവി ചാഞ്ഞിടും
വല്ലാതവശനായ് മെല്ലേ നെടുവീർപ്പുകളിട്ടിടും 18

തുമ്പിക്കയ്യൂഴിമേൽക്കുത്തും ക്ഷണത്തിൽക്കണ്ണടച്ചിടും
പെരുത്തുറങ്ങും ക്ഷീണിയ്ക്കും കാണികൾക്കേറിടും ഭയം 19

ഏറെത്തിന്നും പലവുരു മൂത്രംവീഴ്ത്തും മതംഗജം
കണ്ണും നഖങ്ങളും കൊമ്പും തേനിനൊത്ത നിറ-
ത്തിലാം 20

ദേഹം കാർകൊണ്ടൽനിറമാം കടക്കണ്ണുചുകന്നിടും
പൊയ്ത്താരല്ലിനിറത്തോടൊത്തുളവാം പല
പുള്ളികൾ 21

വൈരം മററാനയോടുണ്ടാം കളിയ്ക്കും പൊടിനീർകളിൽ
കവിൾത്തടങ്ങൾ വീർത്തേററമഴകുള്ളവനായിടും 22

മദത്തിൻ മധ്യദശയിൽ പ്രളയാഭ്രസ്വനത്തൊടും
മദനീർധാരമുറിയാതൊഴുകുന്ന കടത്തൊടും 23

Digitized By Kerala Sahitya Akademi

ദൂരത്തുനില്പോർകളെയും കൊൽവാനായ്പ്പാഞ്ഞ-
ചെന്നിടും
പേരീക്കരിയ്ക്കാർ [ദകപോലകനെന്നാണരിന്ദമ! 24

രണ്ടുപാടും പലവുരു കൺവിലങ്ങിട്ടുനോക്കിടും
കണയിൽക്കൂടെ മദനീരിററിററായിട്ടൊഴുകിടും 25

പിമ്പേ നടപ്പാൻമുതിരും ഗർജ്ജിയ്ക്കും മദവായ്പൊടെ
തളച്ചാൽത്തറിമേൽക്കുത്തുമഴകോടെ നടന്നിടും 26

നീരിത്താരേഴിലാമ്പാലപ്പൂക്കറെ തൻ മണമാന്നിടും
കങ്കമാഭമെദത്തോടുമെല്ലായ്പോഴും ചൊടിച്ചിടും 27

പ്രേരിയ്ക്കപ്പെട്ടിടാതേററുതേരശ്വങ്ങളെ വീഴ്ത്തിടും
മദത്തിൻ പൂർണ്ണദശയിൽക്കൂട്ടാക്കാ സാമവാക്കുകൾ. 28

കിടപ്പു തീനും കുടിയും വീടുമേറെച്ചൊടിച്ചിടും
ഇരുട്ടത്തേരാത്രിനിൽക്കു പാപ്പാനിൽക്കീഴടങ്ങിടാ. 29

ആനകാലാൾകുതിര തെട്ടവയെക്കിട്ടിയാൽ വിടാ
മുൻഭാവസ്ഥകൾ കടന്നീച്ചരചലോകമേ 30

മുടിപ്പാനായ്ത്തുനിഞ്ഞീടും ക്രോധകാലുഷ്യമേല്ക്കയാൽ
ഒരേടത്തായിനില്ക്കില്ലാ കിടന്നോടുമനാരതം 31

മററുള്ളാനകൾതൻകണ്ഠമണിനാദം സഹിച്ചിടാ
കുത്തും തൻനിഴലിൽപ്പോലും പ്രതികുഞ്ജരശങ്കയാൽ. 32

മദ നീലച്ചാലരിശം തള്ളലൂക്കിവ നീങ്ങിയും
(ററത്തൊരാലേ! ഗ്രദനടത്തുടൻടൽ വിളങ്ങിയും 33

Digitized By Kerala Sahitya Akademi

ഗജക്കുട്ടങ്ങളിൽശ്ശുണ്ഠവിട്ടും പുഷ്ടിചുരുങ്ങിയും
പെയ്യടങ്ങിയ കാർപോലെ കാണാകും കരി മന്നവ! 34

മത്തേഭത്തിന്നനീരേററം വാർന്നാൽധാതുക്ഷയംവരും
ധാതുക്ഷയത്താലുടനേ മഹാരോഗങ്ങരംനേരിടും 35

മൂന്നേ ധാതുക്ഷയവശാൽ മററാണ്ടിൽ മദമേററിടാ
മാസം മൂന്നാലെ മാറാഞ്ഞാൽവേണം മദചികിത്സയു.. 36

മദപ്രക്ഷീണധാതുക്കരം പുഷ്ടിപ്പെടുവതിന്നുടൻ
പൂവാങ്കുറുന്തല കറുന്തോട്ടിരണ്ടിനുമുള്ളവേർ, 37

പെരുങ്കുരുമ്പവേർ, പാലത്തൊലി പിറെ മുരിങ്ങവേർ
വ്ളാമ്പഴം, ചന്ദനമമൃതെന്നീയൊമ്പതുക്കൂട്ടമോ 38

വെൺകുന്നിവേർ, കടമ്പിൻവേരിരട്ടിമധുരം, തഥാ
ഇലവിൻപശ, ജീവന്തി, കാട്ടുചേന, യമുക്കരം 39

ഈയേഴുക്കൂട്ടമോ, കോഴിമുട്ട, ഞെരിഞ്ഞിൽ, തമിഴാമവേർ
വെൺകുന്നിവേർ, വയൽച്ചുള്ളിവേര, മുക്കരമേടെ-
കിൽ, 40

രാമച്ചമിവയോ ചൂർണ്ണിച്ചാനകരംക്കരിമർദ്ദന!
തേങ്ങാപ്പാൽ തേനിതുകരം ചേർത്തുരുട്ടീട്ടുകൊടുക്കണം. 41

കരിങ്കുറിഞ്ഞിവേർ, വേപ്പിൻതൊലി കുവളമൂല്യവേർ
ഇന്തുപ്പോടരുവിവ തേനിൽച്ചേർത്തുംകൊടുത്തിടാം. 42

പാലിൽ മാതളനാരങ്ങ, പാലതൻതൊലി, തിപ്പലി
കടുക്ക കാട്ടുതുളസിയോടക്കരുവിതൊക്കവേ 43

Digitized By Kerala Sahitya Akademi

പൂവാങ്കുറുന്തലയുമായരച്ചു മധുചേർത്തുടൻ
മെയ്യിൽപ്പുരട്ടിയാൽ മത്തവാരണം പാട്ടിൽ വന്നിടും.. 44

ഒമ്പതാം പടലം കഴിഞ്ഞു

പത്താം പടലം

ഗജഗ്രഹ വിചാരം

വാരീകർമ്മം വശാലോഭനോന്നയാനങ്ങളങ്ങിനെ
ആപാതമപപാതംതാനൈമട്ടേവം ഗജഗ്രഹം. 1

അവ കീഴ്പോട്ടുനിന്ദ്യങ്ങളാ, പാതമപാതവും
വർജ്യം ഗജധ്വംസകരം വിശേഷിച്ചപപാതവും. 2

വാരീകർമ്മം

സമാറൊരു വിളിപ്പാടുദൂരം ചുററളവാം വിധം
കിഴിതീർത്തു മരംകൊണ്ടുംമററും വേലികാംകെട്ടണം 3

പിന്നെപ്പുറത്തുറപ്പേറും കിടങ്ങുമൊൽവാതിലും
ആവാതിലിന്നിരുപുറം കെട്ടേണമൊരുവേലിയും. 4

വാതിൽതൊട്ടുപുറത്തെല്ലു ക്രമത്താൽ വീതിയേറെയായ്
ഇല്ലിപ്പട്ടിൽകളെക്കൊണ്ടുമൊരു വീഥിചമയ്ക്കണം 5

ഖോരത്തെഴും വാതിൽപൊക്കി മുകളിൽക്കെട്ടിനിർത്തണം
പിന്നെ വാരിയ്ക്കകത്തായി, മരത്തുണകാം നാട്ടണം. 6

Digitized By Kerala Sahitya Akademi

അവയിന്മേൽപ്പലകകൾ നിരത്തി മറവാക്കണം
ആനയ്ക്കെത്താത്ത പൊക്കത്തിലാളുകൾക്കു നടക്കുവാൻ. 7

പിന്നെക്കരിമ്പു മുതലായവ വാരിയിലിട്ടുടൻ
ഭേര്യാദിവാദ്യഘോഷത്താൽപ്പേടിപ്പിച്ചു ഗജങ്ങളെ 8

തണുത്താവഴിയിൽക്കൂടെയങ്ങകത്താക്കി വെക്കമേ
കെട്ടറുത്താവാതിൽ കീഴ്പ്പോട്ടിട്ടാ ദ്വാരമടയ്ക്കണം 9

രണ്ടുമൂന്നുദിനം പിന്നെക്കാത്തിരുന്ന നിഷാദികൾ
കയർ ചങ്ങല കുന്തങ്ങൾ വളർ തോട്ടിയുമായ് ദ്രുതം 10

വാരിയൾപ്പുക്കളുണ്ണേറി ഘോരത്താം നൽഗ്ഗജങ്ങളെ
പിടിച്ചുകെട്ടി യൂഥത്തെ പുറത്താട്ടിക്കളഞ്ഞുടൻ 11

കണ്ഠത്തിൽച്ചങ്ങലപ്പാട്ടിലപരാംഗത്തിലും ദൃഢം
മയംകോലും കയർകളാൽക്കെട്ടീട്ടിടകൊളുത്തിയും 12

നെടും സുദൃഢപാശങ്ങളവയിൽക്കെട്ടി മുന്നിലായ്
നടന്നു നല്ല പാപ്പാന്മാർ വലിച്ചും മെല്ലെ മെല്ലവേ 13

പിമ്പാശങ്ങളഴിച്ചിട്ടും നടത്തിക്കൊണ്ടുപോകണം
ഒരു തുണിങ്കൽനിന്നേവം മറ്റുതുണിങ്കൽമെല്ലവേ 14

തളച്ചഴിച്ചാക്കരിയെക്കൊട്ടിലിൽക്കൊണ്ടുപോരണം
വേറെ വിശ്വസ്തരാം നല്ല കൊമ്പന്മാരോടുകൂടവേ. 15

അഞ്ചാറുവിശ്വസ്തകളാം പിടിയാനകൾ തമ്മുടെ
വയററത്തഴകൊക്കും തോലുറകെട്ടിവരിഞ്ഞതിൽ 16

മറഞ്ഞിരുന്നുകയറും മററുമായ് ഹസ്തിപോത്തമർ
വിരൽപ്രയോഗാലവയെഗ്ഗജക്കൂട്ടമണച്ചുടൻ 17

അഞ്ചാറുനല്ലാനകളെബ്ബന്ധനം ചെയ്തുകൊള്ളണം
വശാലോഭനമെന്നുള്ളതിതാകുന്നു മഹീപതേ! 18

നാല്പാമരത്തോൽ, ത്രിഫല, രാമച്ച, മകിൽ, ചന്ദനം
മരമഞ്ഞളംത്തൊലി, യഥ പാച്ചോററിത്തൊലി-
യെന്നിവ 19

ചതച്ചിട്ടതിളപ്പിച്ച തണുപ്പിച്ചജലത്തിനാൽ
കളിച്ച പിടിയെക്കണ്ടാൽ കാട്ടാനകളംവശപ്പെടും. 20

രാമച്ചവും തകരവും മദ്യമോ ഗജമൂത്രമോ
ചേർത്തരച്ചിട്ട തേൻകൂട്ടിപ്പെണ്ണാനയുടെയോനിയിൽ 21

തേച്ചാലാനസ്സുവൻവശ്യ, മുങ്ങിൻെറകരുവില്പവേർ
നൽക്കോഴിമുട്ടയിവയും മേൽപ്രകാരം പുരട്ടിടാം. 22

കടുക്ക, കാക്കതെൻതുവ്വൽ, നീർക്കാക്കത്തുവ്വലെ.ള്ളകരം
പുവ്വാങ്കുറുന്തലയരിതാരം, വെള്ളക്കൊഴിഞ്ഞിൽവേർ 23

മഞ്ചട്ടിപ്പൊടി, നന്നാരിക്കിഴങ്ങും, കുന്തുരുക്കവും,
വൈക്കൊമ്പു. പൊയ്ത്താർവളയം, പുത്രഞ്ചാരി-
കടമ്പുവേർ 24

ആട്ടിൻകളമ്പു, രോമങ്ങളഞ്ജനക്കല്ല്, ചന്ദനം
അരത്ത, തകരം, നാഗപ്പൂ, മയിൽപ്പീലിയെന്നിവ 25

ആട്ടിൻമൂത്രത്തിലും മററുമരച്ച മധുചേർത്തുടൻ
പിടിതൻ കണ്ണിലെഴുതിപ്പത്തുമാനസ്സുവശ്യമാം. 26

Digitized By Kerala Sahitya Akademi

അനുയാനം

ഭേരീകാഹളതൂര്യാദിനാദംകൊണ്ടു ഗജങ്ങളെ
പേടിപ്പിച്ചിട്ടിടവിടാതോടിച്ചുപടയൊത്തുടൻ 27

പിമ്പേ പാഞ്ഞെത്തി വിരുതന്മാരായ ഭടർ നിർഭയം
കാൽക്കുഴഞ്ഞുതളർന്നാനക്കിടാങ്ങൾ നിലവാംവിധൌ 28

വെക്കം പിടിച്ചുകെട്ടേണമവയെപ്പൃഥിവീപതേ!
അനുയാനാഖ്യമായോരു ഗജഗ്രഹമിതാണുപോൽ. 29

ആപാതം

കവുങ്ങിൻ വണ്ണവുമറുപതുകോൽപ്പാട്ടനീളവും
പലതുമ്പുകളും തുമ്പുതോറും നാലഞ്ചുതാമ്പുമായ് 30

വക്കതൻനാരു ചകരിതൊട്ടുള്ളവയിലൊന്നിനാൽ
പിരിച്ചുനൽക്കയറുകൾ വഴിപോലങ്ങുമിങ്ങുമേ 31

ഒരു കോലാഴമായ്ത്തീർത്ത പരപ്പേറും കുഴിക്കകം
പരത്തിവെച്ചങ്ങു കരിമ്പോടവാഴ തുടർന്നവ 32

നിരത്തീട്ടാക്കയറുകളുറപ്പുള്ള മരത്തിലായ്
പിടിച്ചുകെട്ടിയൊളിവിൽക്കാത്തിരുന്നു ഭടോത്തമർ 33

തീൻതുടങ്ങും കരികളെക്കയറാഞ്ഞു വലിച്ചുടൻ
വീഴിച്ചുറപ്പിൽക്കെട്ടേണമിതിന്നാപാതമെന്നുപേർ. 34

Digitized By Kerala Sahitya Akademi

അപപാതം

നാലുകോലാഴവും, രണ്ടുകോൽവിസ്താരവു,മഞ്ചുകോൽ
നീളവും ചേന്നകഴി തീൎത്തോടമേലേവിരിച്ചതിൽ 35

പനമ്പുമിട്ടു മൺകൊണ്ടുമൂടീട്ടതിനുമേലെയായ്
തീററിപ്പണ്ടങ്ങൾ വിതറിത്തിന്മാനെത്തും ഗജങ്ങളെ 36

കുഴിതന്നിൽപ്പതിപ്പിച്ചു മുറുകെക്കെട്ടണം ഭടർ
അപപാതാഖ്യമായോരു ഗജഗ്രഹമിതാണുപോൽ. 37

ഇങ്ങിനെ പത്താം പടലം കഴിഞ്ഞു.

പതിനൊന്നാം പടലം

ഗജരക്ഷണദിനത്ത്വാചാരചികിത്സാവിചാരം

കാട്ടിൽസ്സുഖേനവാണോരു ഗജങ്ങൾ വിധിവൈഭവാൽ
കൂട്ട,വിട്ടുനരന്മാർതൻ പാട്ടിലായ് നാട്ടിലെത്തിയാൽ 1

തീക്ഷ്ണോഗ്രകടുവാക്യങ്ങൾ കേൾക്കൽ വൻസങ്കടം ഭയം
മോഹബന്ധങ്ങൾ മുതലായവകൊണ്ടു വലഞ്ഞുടൻ 2

ശാരീരവും മാനസവുമായ് ദുഃഖം വളന്നഹോ,
ഏറെനാളുയിർ താങ്ങീടാൻ ശക്തരല്ലാതെയായ്വരും. 3

പർവ്വതത്താഴ്വരകളിലാമട്ടരുവിയാററിലും
സരസ്സിലും പുഴയിലും കാടകങ്ങളിലും സുഖം 4

Digitized By Kerala Sahitya Akademi

പിടിയാനകളോടൊത്തു കളിയാടിയതെത്രയും
ഓർത്തോർത്തു മുന്നിടത്തിട കരിമ്പു മുതലായതും 5

തിന്നാതെകണ്ടനില്പാകും നാനാദുഃഖശതങ്ങളാൽ
വല്ലാതെയവശപ്പെട്ടവാരണം വസുധേശ്വര! 6

മുല്ലാടനുഭവിച്ചോരു കാട്ടിലെസ്സുഖമോർക്കയാൽ
ചിന്തയിൽപ്പെട്ടു ചെവിയും വാലുമാട്ടാതെയെപ്പൊഴും 7

നാട്ടിലെദ്ദുഃഖജാലത്താൽച്ചുടച്ചു ചിലനാൾക്കകം
ചത്തുപോകും പുതിയതായ്പ്പിടിയ്ക്കപ്പെട്ട കുഞ്ജരം. 8

കണ്ണുപാളികൾ, നേത്രങ്ങൾ, ഗുദനാഭികൾ, പിമ്പുറം
ഇവയെല്ലാം ചടപ്പേറു തീനും കളിയുമെന്നിയെ 9

കാൽകാട്ടുന്നതറിഞ്ഞീടാതേറെ ദുഃഖിച്ചു വാണിടും
രാജ്യഭ്രംശം പിണഞ്ഞോരു രാജാവെപ്പോലവേ ഗജം 10

തൈജസാന്ധജർ നാഗങ്ങൾ ജാത്യാ ചൂടേറെയാകയാൽ
കുളിർനീർപൊടിയും ചേറുമണിഞ്ഞേതുഷ്ടരായ്‌വരൂ. 11

അതിനാൽജ്ജലമേ പ്രാണനാനകൾക്കംഗ ഭൂപതേ
ജലോപചാരമാവോളം ചെയ്താൽദ്ധാതുബലം വരും. 12

കാട്ടിൽനിന്നുവരുത്തപ്പെട്ടാനയ്ക്കുള്ളച്ചൂടുമാറുവാൻ
മേലൊക്കെക്കുളിർനീർ വിഴ്ത്തിക്കുടിപ്പാനുമതേകണം 13

കഴുത്തോളം ജലത്തിങ്കൽനിർത്തണം രണ്ടുനേരവും
ധാരാലേപാദിയും വേണം ശതധൌതഘൃതത്തിനാൽ 14

Digitized By Kerala Sahitya Akademi

കളിപ്പിച്ചാൽ ചെറുപയർച്ചാറോലും ചോറുനെയ്യുമായ്
നൽകമാനസ്സുപഞ്ചാരവെള്ളവും നൽക്കരിമ്പുമേ. 15

കിടത്തൽ, തേച്ചുകഴുകക, ലിഷ്ടംപോലെ നടത്തലും
മരുന്നുനൽകലുടലിൽപ്പൊടി തൂകാനയസ്സുലും 16

കൊട്ടിലിൽക്കെട്ടൽ, വെല്ലം നൈക്കൂട്ടിച്ചോറുകൊടുക്കലും
അപ്പവും ജലവും നല്ലൽവയ്യിട്ടെരംച്ചോർ കൊടുക്കലും. 17

മരുന്നു നല്ലലവ്വണ്ണമുറങ്ങാനായ്ക്കിടത്തലും
ക്രമത്താലേ ഗജങ്ങൾക്കു ദിനചര്യയിവണ്ണമാം. 18

പൊയ്ത്താർ ചെങ്ങഴിനീർപ്പൃഷ്ഠവളയങ്ങൾ, കിഴ-
ങ്ങുകൾ
രംഭക്കിഴങ്ങു, പങ്കൊട്ടക്കിഴങ്ങും മാവുമത്തിയും 19

കരിമ്പീ,ന്തലു രാമച്ചം, പേരാൽ മുള തുടന്നതും
അരയാലുവിളാവിത്തിയിവതൻ തളിർ കായ്കളും 20

മററും മാധുര്യമുടയോരിഷ്ട വസ്തുക്കളും സദാ
ആനകൾക്കു കൊടുക്കേണമാർത്തിശാന്തിഭവിപ്പുവാൻ 21

സദാ കണ്ണീരാലിയ്ക്കുന്നോർ, മൈചടച്ചവർ കട്ടികൾ
ഭാരംഭേസിത്തളർന്നുള്ളോർ, മെലിഞ്ഞോർ, പിത്തമേറി-
യോർ 22

സദാ നടപ്പാൻ ക്ഷീണിച്ചോർ, പിടിയായ്ച്ചെന്നു-
ലഞ്ഞവർ
വൃദ്ധന്മാർ മദമാംസാസ്രക്ഷയംപെട്ടവരാകുലർ 23

Digitized By Kerala Sahitya Akademi

നടയും പിമ്പുറമത്തുമിളകിടാതെയായവർ
ഇത്തരം കരികൾക്കെല്ലാം നെയ്യേറെപ്പത്ഥ്യമാണു-
പോൽ 24

പുല്ലിൽപ്പൊതിഞ്ഞുനല്ലേണമാനകൾക്കരി നിത്യവും
നാഴിവീതം ക്രമാലേററാം നാലിടങ്ങഴിയാംവരെ. 25

ഈവിധം ചോററുരുളയുമേററിക്കൊള്ളുക നാൾക്കനാൾ
മററുതീററികളും യുക്തിപോലെവേണം കൊടുക്കുവാൻ 26

യവംകലർന്ന കോതമ്പം വെല്ലം നെയ്യിവ കൂട്ടിയോ
അരിയോടൊത്തു ഗോമൂത്രത്താൽ നനച്ചോപചിച്ചുടൻ. 27

നൽകേണം നാഴികണ്ടേററി നാലിടങ്ങഴിയാംവരെ
രണ്ടുമാതിരിയായാലുമേലത്തരി, വിഴാലരി, 28

അയമോതക,മെന്നല്ല കായം, ത്രികടു, ജീരകം
കരിഞ്ചീരകമിച്ചൊന്ന മരുന്നുകൾ കലത്തണം 29

പ്രൗഢമായ വയസ്സിങ്കൽ രണ്ടിടങ്ങഴി വീതവും
അതിൽ, മധ്യവയസ്സിങ്കൽ, നാലിലൊന്നു ചുരുക്കിയും 30

ജഘന്യമാം വയസ്സിങ്കൽ മൂന്നിലൊന്നു ചുരുക്കിയും
ആനയ്ക്കു വയറത്തൈലം പുലർകാലത്തു നല്കണം 31

എന്നാൽക്കരുത്തും മദവുമുക്കുമുണ്ടായിവന്നിടും
രോഗങ്ങൾ മാറിടുകയും ചെയ്യുമത്രേ നരർഷഭ! 32

തൂക്കം മരുന്നിരുപത്തുപലം മദ്ധ്യവയസ്സതിൽ
നൈരണ്ടിടങ്ങഴി, ബലംപോലിതേററാം കുറച്ചിടാം. 33

Digitized By Kerala Sahitya Akademi

വെല്ലം ചേരത്തരുമത്തെരിൽക്കഴച്ചരംപ്പൊടി
തീററിയാൽ
തടിയ്ക്കുമാന ജലവും നൽകേണമനുപാനമായ് 34

ഒരുകോൽപൊക്കമൊമാനയ്ക്കുരിയീരട്ടിടങ്ങഴി
യവസംഭാരമൊന്നത്രേ മെഴക്കോ രണ്ടിടങ്ങഴി 35

ഉപ്പും ശക്കരയും പത്തുപലമീവീതമേകണം
പൊക്കത്തിനേററക്കറവിലേററക്കറവിതിന്നുമാം 36

കോതമ്പ്,ഴന്നു, തുവര, കടലുപ്പ്, വിഴാലരി
ഇവയും ചേത്തരിപൊടിച്ചടയുണ്ടാക്കി നൽകണം. 37

സദാ കഴകിയാൽക്കാലുവിള്ളാ ശോഷിച്ചിടാ ചുടാ
നഖങ്ങരംപൊട്ടാ, രോമങ്ങരം കൊഴിയാ, ദുഗ്ഗദംവരാ 38

സർവാംഗവും കഴകിയാൽ ത്വഗ്ദോഷം ബന്ധദോഷവും
കൊട്ടംചടപ്പുശസ്ത്രസ്തംഭാദിയും വായുകോപവും 39

തണുപ്പും വിട്ടൊഴിഞ്ഞീടും സന്ധ്യംഗങ്ങരം മയപ്പെട്ടും
മിനുപ്പുക്കയവോജസ്സും തടിയും സുഖവും വരും 40

നിത്യം നൈതേയ്ക്കിലാനയ്ക്കു നല്ലകൺകാഴ്ചകിട്ടിടും
കണ്ണിൽ ദീനങ്ങളുണ്ടാകാ ദൃഷ്ടിയ്ക്കുണ്ടാമുറപ്പുമേ 41

കെല്പൊത്തു ചീളികളുറച്ചടരാതായ് മിനുപ്പൊട്ടും
കത്താൻ ശക്തങ്ങളാം നിത്യമെണ്ണതേപ്പാലെ
കൊമ്പുകരം 42

ഉപ്പേകിയാലജീർണ്ണം പോം മൂത്രവസ്തിയ്ക്കുശുദ്ധിയാം
രോഗങ്ങരം മാറും കൃമിയും വായുകോപവുമററിടും 43

Digitized By Kerala Sahitya Akademi

അരോചകം ശമിച്ചീടും മലാദിയ്ക്കുയവും വരും
ചൊല്ലീ ധമ്മാവതാരത്തിലാനയ്ക്കുപ്പമ്മതെന്നു താൻ 44

കാലത്തു ചോർ കൊടുക്കമ്പോളുപ്പിട്ടാൽദ്ദോഷവൃദ്ധിയാം
വയ്യിട്ടുപ്പിടുകിൽദ്ദോഷം ശമിയ്ക്കും ദഹനം വരും 45

പാൽനൈപഞ്ചസാരയുംകൂട്ടിച്ചൂടില്ലാച്ചോർ കൊടുപ്പതും
തണുത്തപാലേകുവതുമാനയ്ക്കു ഹിതമാണപോൽ. 46

ബാലാതപാഖ്യം കാർകോകിലരി, ചെന്നെല്ലിനുള്ളരി,
പുഴുകത്താത്തഗോതമ്പം വറുത്തിവ പൊടിച്ചതും 47

പെരുത്തുമാംസവുംകൂട്ടി വേവിച്ചാനയ്ക്കുതിന്നുവാൻ
നല്കീടുന്നതുനന്നെന്നാം ഗജശാസ്ത്രജ്ഞർതൻമതം. 48

മരമഞ്ഞളത്തൊലി, വയമ്പുഞെരിൻതോല,യമോതകം,
വരട്ടുമഞ്ഞൾ, വലിയകടലാടി, വിഴാലരി, 49

കൊട്ടവേലിക്കിഴങ്ങിന്തുപ്പിൻപൊടിയോരില
കൊട്ടം ത്രിഫലയാവൽത്തോൽ കായം, കടുക, മുക്കുറ്റ 50

നാല്പാമരത്തിൻതോല്യ,ള്ളി,വേപ്പിൻ കുരുവിതൊക്കവെ
പൊടിച്ചെണ്ണയിലേകേണം സ്വസ്ഥദന്തിയ്ക്കുരാവിലെ. 51

കായം, കടുക, ചുക്കി,ന്തുപ്പേ,ലത്തരി, വിഴാലരി
മുളക,ള്ളി വയമ്പെന്നിതെല്ലാം സമംപൊടിച്ചുടൻ 52

എണ്ണയും ചേർത്തുരുട്ടീട്ടുപുലരുമ്പോൾ കൊടുക്കണം
കഫവാതാമയംപെട്ടകരിയ്ക്കു കരുണാനിധേ! 53

Digitized By Kerala Sahitya Akademi

ശരൽഗ്രീഷ്മങ്ങളിൽക്കാലേ നെയ്വെല്ലങ്ങൾ കലർത്തിയും
വയ്ക്കിട്ടെ,ണ്ണയുമിന്തുപ്പും കൂട്ടിയും മററൃതുക്കളിൽ 54

നേരേമറിച്ചുമാനസ്സുചോറേകേണം മഹീപതേ!
വെല്ലവും നല്ല തുവരപ്പരിപ്പും ചേർത്തചോറിനാൽ 55

തേജസ്സുമഗ്നിബലവും കരുത്തുമുളവായിടും
കഴിപ്പിയ്ക്കാം ഗുളാക്കൂട്ടി മററുചൂർണ്ണങ്ങളേയുമേ. 56

മഞ്ഞിനാൽ വെയിലിൻചൂടുകറയും തുഹിനത്തുവിൽ
വീഴ്ച്വും രസവുംപൂണ്ട പടലും പലവള്ളിയും 57

തിൻകയാലും ചളിപൊടിനീർകളിൽക്കളിയാലുമേ
മിക്കവെ:റും ഗജങ്ങൾക്ക കഫം വദ്ധിച്ചുവന്നിടും 58

അപ്പോൾ ജാംഗലദേശത്തുണ്ടാകും വയറതീററണം
കാൽമൂദ്ധാക്കരം നനയ്ക്കേണം സതൈലമഷിതേയ്ക്കണം 59

വരട്ടമഞ്ഞൾ, ത്രിഫല, കൊടുവേലിക്കിഴങ്ങഥ
ഇരട്ടിമധുരം, നല്ലപരുത്തിക്കുരു,ചുണ്ടലി, 60

അമുക്കുരമിവററിൻെറ മഷിയെള്ളിൻെറയെണ്ണയിൽ
ചാലിച്ചുതലയിൽത്തേച്ചാലാനയ്ക്കു കഫബാധപോം, 61

മഞ്ഞത്താക്കൊട്ടിലിൽപ്പാർപ്പിയ്ക്കല്യ,മിന്തുപ്പുമുക്കുടു
കൊടുവേലിക്കിഴങ്ങെന്നീമരുന്നുകൾ പൊടിച്ചതും 62

ചേർത്തുള്ള മദ്യമോ മദ്യത്തെളിതാനോ കൊട്ടക്കലും
തൈർചാറുമൊത്തിളംചൂടാം ചോറുവയ്ക്കിട്ട നല്ലലും 63

Digitized By Kerala Sahitya Akademi

കരിമ്പടംകൊണ്ടു പുതപ്പിയ്ക്കലും മിതമാംവിധം
കരിമ്പുതീററലുതുളമൊട്ടെന്നിവ കൊടുക്കലും 64

നിത്യം നടത്തലുമിത്ര ശിശിരത്തുവിലെക്രമം
അന്നാനയ്ക്കു ജലക്രീഡവയ്യാ വയറതിന്നലും 65

പതിവായ്പ്പൂമണം കോലുമുദ്യാനങ്ങളിൽ നിർത്തലും
കോതമ്പം ചേർത്ത ചോർതൈരുമെണ്ണയും കൂട്ടി നല്കലും 66

നടത്തൽഭാരംഭേസിയ്ക്കലിവയൊട്ടു കുറയ്ക്കലും,
പുഴവെള്ളത്തിലും മററും യഥേഷ്ടം മുഴകിയ്ക്കലും 67

വിതപ്പയർ കുറുന്തോട്ടി കടലയ്ക്കുകരം തീററലും
വസന്തകാലത്താനയ്ക്കു വിധിച്ച ദിനചര്യപോൽ. 68

വേനല്ക്കേത്തും വഴിനടത്താതിരിയ്ക്കണമാനയെ
തോല്ക്കുടത്തിൽ നിറച്ചോരു നീരാൽത്തലനനയ്ക്കണം 69

ശതധൌതഘൃതം മൂർധ്നി തേയ്ക്കണം മൂന്നുനേരവും
നിലാവേല്പിയ്ക്കണം ശൈത്യമെഴുന്നേടത്തുനിർത്തണം 70

നെയ്യും ശക്കരയും കൂട്ടി മലർപ്പൊടി കൊടുക്കണം
വെള്ളത്തിലും ചളിയിലും കളിയാടാനയയ്ക്കണം 71

പറമ്പിലെപ്പുൽതീറേറണം കിണർവെള്ളംകൊടുക്കണം
കെട്ടേണം വൃത്തിയുള്ളേടം കാട്ടിലൊട്ടിട നിർത്തണം 72

കൊത്തുകീച്ചകളേല്ക്കായ്‌വാൻ കൊട്ടിലിങ്കൽപ്പുകയ്ക്കണം
മെഴുക്കും ജാംഗലച്ചാറും കലത്തിച്ചോർകൊടുക്കണം 73

Digitized By Kerala Sahitya Akademi

വേണം ചെറുപയർച്ചാറും ജഠരാഗ്നിവളൎന്നിടാൻ
മഴക്കാലത്തിതാകുന്നു കരിസ്സുദിനചര്യപോൽ 74

ആകണ്ണം പുട്ടലായ് സ്വാദ്വുക്കൂടും നെല്ല്, കളിർസ്ഥലം
പൂവും കായുംപെട്ടമുഴന്നേ,വം പയറുതൊട്ടതും 75

നീരിൽക്കുതിത്ത കോതമ്പും വൈകന്നേരം ശരത്തിതിൽ
പാൽനെമാംസരസംചേർത്ത കോതമ്പച്ചാറുമുത്തമം 76

ഹേമന്തകാലത്തു കരിസ്സിളവെയിലത്തു നിത്യലും
പ്രസഹാംബുചരാന്നപമാംസത്തിൻ വേശവാരവും, 77

അഗാധമാം ജലത്തിങ്കലൊരിക്കൽ മുഴകിസ്സുലും
നിത്യം തലയ്ക്കെണ്ണതേപ്പും വേണ്ടതാകുന്നു മന്നവ! 78

ഭീരുവായി നഖംപൊട്ടിയോനായ്, പ്രത്യർത്ഥവേദിയായ്
ഉള്ളാടി,ക്കാൽക്കവിറയും തടിയുംപൂണ്ട വേഗിയായ് 79

രോമം കറഞ്ഞും സ്തംഭിച്ചും, നിറപ്പറുപറുപ്പൊടും,
സഹനംവിട്ട,ഴറിയും, മിന്നസംവിട്ടകൊമ്പുമായ് 80

സ്നായുവും സിരയുംപൊങ്ങിബ്ഭംഗിയില്ലാത്ത കണ്ണൊടും
തൊഴിൽതോറും വിഷമനായ്ദ്ദുഷ്ടനാമാനവാതികൻ 81

ചണ്ഡൻ, കണ്ണിന്നു ചേലറേറാൻ, തുമ്പിക്കൈകൊമ്പു-
തോൽനഖം
രോമം, കാൽ, ചെവി, പിൻഭാഗം, കഴത്തിവ മെലി-
ഞ്ഞവൻ 82

Digitized By Kerala Sahitya Akademi

ഏറെത്തിന്മോൻ തുടകണ്ണൻ ദുർബ്ബലൻ ചതിയേറിയോൻ
ചൂടിൽനിൽക്കാതെ തണലിൽനില്പോൻ ദ്രുതമദോൽഗ്ഗ-
മൻ 83

ഹീനൻ ഹീനഗജച്ചേർച്ച കൊാംവോന്തത്താനവേദനൻ
ദേഹശോഭകുറഞ്ഞുള്ളോൻ പിത്തപ്രകൃതിയാംഗജം. 84

തുടപ്പും വെൺമയുംപൂണ്ട കണ്ണുള്ളോൻ സുമുഖൻ സ്ഥിരൻ
കുംഭവും തലയും തുമ്പിക്കയ്യും മററും തടിച്ചവൻ 85

ഗംഭീരവേദിതെളിവും കോപവും കുറവായവൻ
പേടിവിട്ടോൻ കലുങ്ങാത്തോൻ മന്ദാഗ്നിജലദസ്വനൻ 86

മെല്ലെ മെല്ലേ നടക്കുന്നോൻ വീണാഗാനാദിതല്പരൻ
മിന്നത്തുചീത്തകൊമ്പുള്ളോൻ കാമിദന്തികഫാധികൻ. 87

തേനിൻ നിറത്തിലാം കൊമ്പും കണ്ണുമുള്ളോൻ
മദോൽക്കടൻ
കെല്പൊത്തംഗങ്ങളൊത്തുള്ളോൻ സമാഗ്നി തടിയൊ-
ത്തവൻ 88

വില്ലുപോലെവളഞ്ഞുള്ള മുതുകെല്പുമെഴുന്നവൻ
അനാത്ഥവേദനൻ ശൂരൻ സമപ്രകൃതിയാം ദ്വിപം. 89

ദോഷദൂഷ്യപ്രകൃതിയും ലക്ഷണങ്ങടെ തത്വവും
ശരിയായിട്ടറിയുവാൻ മുനികൾക്കും കഴിഞ്ഞിടാ. 90

കാട്ടിൽപ്പാപ്പേസുഖം ദന്തി,യ്ക്കത്ര കിട്ടാതിരിക്കയും
അസാത്മ്യാനിഷ്ടവിഷമാജീർണ്ണാദ്യശനപാനവും 91

Digitized By Kerala Sahitya Akademi

നടപ്പംവഷളാം ദിക്കിൽക്കിടപ്പുമിവമൂലമായ്
കോപിച്ചീടും ത്രിദോഷങ്ങളുണ്ടാക്കും പല രോഗവും 92

മൂത്രം സദാവാരുകയാൽ മത്തന്നു കണചീഞ്ഞിടും
അപ്പോഠം നൈചേർത്താരുപലം കാവിപ്പൊടി-
പുരട്ടണം 93

തുമ്പിക്കൈത്തലവായിൽച്ചേർത്തീമ്പലും, കണ്ണടച്ചലും,
വായ്വരംച്ച, ചെവിത്തുമ്പിന്നിളക്കമെലസത്വവും 94

പേത്തും പേത്തും വലിയലുമശ്രദ്ധ പല ചിന്തയും
മണ്ണിൽത്തപ്പിടലും മൂത്രം കണ്ണെന്നിവ തുടക്കലും, 95

ഉറക്കമില്ലായ്മ, കുളിയ്ക്കുന്നതിന്നേററമിച്ഛയും
കണ്ടാലാനയ്ക്കു നീർദ്ദാഹമുണ്ടെന്നായിദ്ധരിക്കണം 96

വ്രണമെല്ലാം ജലത്താൽത്താനുണങ്ങും ദന്തികഠംക്കെടോ!
പൈദാഹാദികളും മാറും പത്മജാനുഗ്രഹത്തിനാൽ 97

മുക്കാലും വാരണങ്ങഠംക്കു രോഗങ്ങഠം കൃമിമൂലമാം
അതിനാലെന്നുമേകേണം കൃമിയ്ക്കുള്ളൌഷധങ്ങഠംതാൻ. 98

ഹിംഗവഷ്ടകം ചൂർണ്ണരാജം, സപ്തവിംശതിഗ്ഗുൽഗ്ഗുലു
എന്നുതൊട്ടാപ്പൊടികളും നൽകണം നെയ്യുമെണ്ണയും 99

മർത്ത്യജ്വരത്തിൻ ചിഹ്നങ്ങഠംതാൻ കാണാം പാകല-
ത്തിനും
അതിൽ ചികിത്സതാനപ്പോളാനകഠംക്കാചരിയ്ക്കണം. 101

Digitized By Kerala Sahitya Akademi

ഭേദങ്ങൾ മാനുഷ്യരിൽനിന്നു കരിക്കു ദോഷ-
ദൂഷ്യാദികങ്ങളിലെഴുതുന്നതു ചൊല്ലിയല്ലോ
തന്മൂലമാമയ വിശേഷമറിഞ്ഞുവെച്ചു
ചെയ്യേണമിങ്ങു ബുധർ മർത്ത്യചികിത്സതന്നെ. 101

പതിനൊന്നാം പടലം കഴിഞ്ഞു.

പന്ത്രണ്ടാം പടലം

ആധോരണാദിവിചാരം

ബുദ്ധിമാനായി രാജാവെപ്പോലെയായ് സ്വാമി
ഭക്തനായ്
ശുദ്ധനായ്ധർമ്മപരനായ്സ്സപ്തവ്യസനഹീനനായ് 1

നേരും താഴ്മയുമുള്ളോനായ് വിജിതേന്ദ്രിയവർഗ്ഗനായ്
ഉത്സാഹിയായ് കൈകണ്ടോനായ് നല്ലവാക്കോതു-
വോനുമായ് 2

ശാസ്ത്രത്തെസ്സൽഗ്ഗുരുവിൽനിന്നഭ്യസിച്ചുള്ളോരുത്തനായ്
രക്ഷിപ്പാൻ ത്രാണിയുള്ളോനായ് ദക്ഷനായ് ധൈര്യ-
ശാലിയായ് 3

രോഗങ്ങൾമാററാൻ വൈദഗ്ദ്ധ്യമുള്ളോനായ്ബ്ഭയഹീന-
നായ്
സർവജ്ഞനായിരിക്കേണമത്രെ പാപ്പാനരിന്ദമ! 4

പാവഭ്യസിപ്പിപ്പതിനും വളർത്തോട്ടികളാൽപ്പരം
നടത്താനും മിടുക്കൊത്തു ദേശകാലബലജ്ഞനായ് 5

Digitized By Kerala Sahitya Akademi

മദക്രിയാകോവിദനായ് വയോമർമ്മവിവേകിയായ്
കേറുവാനുമിറങ്ങാനും വിരുതേറീടുവോനുമായ് 6

ശാന്തനാകിയ പാപ്പാനെയാനകൾക്കാക്കണം നൃപൻ
എന്നത്രേ മാമുനിശ്രേഷ്ഠൻ ചൊല്ലുന്നൂ ഭൂമിവല്ലഭ! 7

ഏതാനക്കാരനോ തൻെറ ധീശക്തിവിഭവങ്ങളാൽ
ഗജത്തിൻഹിതമേചെയ്യും 'രേഖാവാ'നെന്നവനുപേർ. 8

ഹിതം തനിയ്ക്കുമാനയ്ക്കുമാർചെയ്യും 'യുക്തിമാ'നവൻ
തനിയ്ക്കേ ഹിതമാർചെയ്യും ബലവാനെന്നുവനുപേർ. 9

രേഖാവാനുത്തമനതിൽ യുക്തിമാൻ മധ്യമൻ പ്രഭോ!
ബലവാനധമൻ വർജ്യൻ മൂന്നാട്ടേവം നിഷാദികൾ, 10

കേറുവാനുമിറങ്ങാനും പിമ്പുറത്തും കഴുത്തിലും
ഇരിപ്പാനും തോട്ടികാൽ വാക്കിവയാൽ പ്രേരണ-
ത്തിനും 11

നീളത്തിൽ വട്ടത്തിലുമേ നടത്താനും ഗജങ്ങളെ
പായിപ്പാനും തിരിപ്പാനും ഭേസിപ്പതിനുമങ്ങിനെ 12

എതിർത്തും കരികളോടമർ ചെയ്യിപ്പതിന്നുമേ
ശീലമേറിയ പാപ്പാനുതോലിപററാ രിപുക്കളാൽ 13

പിണങ്ങിയാലിണക്കാനും മദമില്ലാഗ്ഗജങ്ങളെ
മദിപ്പിപ്പതിനും, വേഗം നിർവേഗക്കേറ്റുവാനുമേ 14

Digitized By Kerala Sahitya Akademi

കൊൽവാൻ പോരാത്തവർകളെക്കൊൽവോരാക്കാനു-
മങ്ങിനെ
പുറത്തേറാനുമാളാകും പാപ്പാൻ പാൎത്ഥിവസമ്മതൻ 15

ഗജങ്ങളും പ്രണിധിയും നടയും മൂന്നിരിപ്പതും
മൂന്നുമാതിരിയാകുന്നു, പിന്നിരിപ്പഞ്ചുമട്ടിലാം 16

ഗദാഭേദവുമവ്വണ്ണം,മാറുണ്ടങ്കുശചോദനം
കേററമെട്ടുതരംചൊൽവിതിറക്കം പത്തുമാതിരി 17

ഭദ്ര മന്ദമൃഗപ്പേരായ് മൂന്നുമട്ടിഭജാതിയെ
മുൻചൊന്നല്ലോ പ്രണിധിയും മററുമോതാമിനി ക്രമാൽ18

ചൊല്ലാൽ തോട്ടികളാൽ പ്രേരിപ്പതുതാൻ പ്രണിധിത്രയം
അതിൽ വാക്ചോദനവിധി മൂന്നുമാതിരിയുണ്ടുപോൽ 19

ഭയകോപാദിയേല്ക്കായ്‌വാൻ നല്ലവാക്കപലാളനം
പ്രജ്ഞാപതമതുണ്ടാവാൻ, ശകാരിപ്പതു തജ്ജനം 20

സംസ്കൃതപ്രാകൃതപദദേശഭാഷകൾ മൂന്നിനാൽ
കാൎയ്യങ്ങളറിവാൻ ശീലിപ്പിക്കേണം കളഭങ്ങളെ. 21

ഭേസാനെടുക്കെടുക്കെന്നുമിരിപ്പാൻ ഹൂം ഹൂംമെന്നുമേ
തുമ്പിക്കൈപൊക്കുവാൻ മേലെ മേലെയെന്നുമുരയ്ക്കണം22

നില്ലുനില്ലെന്നു നിന്നീടാൻ വാവായെന്നോതണം വരാൻ
പോകാനോ പോകപോകെന്നുമെന്നെല്ലാം ശീല-
മാക്കണം 23

Digitized By Kerala Sahitya Akademi

രണ്ടുകാലടിയും കച്ചക്കയറിങ്കൽക്കടത്തിയും
ഉറപ്പോടേ പെരുവിരൽ മടമ്പിരുകളുന്നിയും 24

തുടരണ്ടും വെച്ചമർത്തും തൂൺപോലേ നീന്നിരുന്നുമേ.
വലങ്കയ്യിൽത്തോട്ടിതാനുമിടത്തേക്കയ്യിലങ്ങിനെ 25

വളർവേത്രാദിയും കെല്പോടെടുത്തും വേണ്ടതിൻവിധം
ഗജങ്ങളെ നടത്തേണമാനക്കാരൻ മഹീപതേ! 26

മുന്നോട്ടുപോകാൻ മുന്നോട്ടു രണ്ടുംഗുല്ഫവുമൂന്നണം
മേല്പോട്ടു തലപൊങ്ങിപ്പാൻ കീഴ്പോട്ടു തലതാഴ്-
ത്തുവാൻ 27

ഇടങ്കാൽ വൻവിരലിനാൽ വലത്തോട്ടുതിരിയ്ക്കണം
മറേറതിനാലിടത്തോട്ടു പിന്നോട്ടിരുമടമ്പിനാൽ 28

നട മൂന്നുതരം മെല്ലെ വേഗത്തിൽപ്പാച്ചിലിങ്ങിനെ
മുന്നോട്ടുമഥ പിന്നോട്ടു, രണ്ടുഭാഗത്തിലേയ്ക്കുമേ 29

വിലങ്ങത്തിലുമെന്നല്ല വട്ടത്തിലുമിതേവിധം
അഞ്ചുഭേദങ്ങളും പോക്കിന്നുണ്ടല്ലോ പുരുഷർഷഭ! 30

കഴുത്തുതൊട്ടുവളവെല്ലോളം കകദമാണെടോ!
അതിന്മേൽ മൂന്നിരിപ്പുണ്ടു മുഖ്യമധ്യാധമം ക്രമാൽ. 31

കാൽരണ്ടും നീട്ടിവെച്ചിട്ടും, മുട്ടുരണ്ടുമുയർത്തിയും,
ഒരു മുട്ടു മടക്കീട്ടുമീവിധം മൂന്നുമാതിരി 32

തണ്ടെല്ലിൻ രണ്ടുവശവും കാൽരണ്ടും നീട്ടി മുട്ടുകരം
കുറഞ്ഞൊന്നു മടക്കീട്ടുള്ളിരിപ്പാ'നതജാനുകം' 33

Digitized By Kerala Sahitya Akademi

മുട്ടരണ്ടുമുയർത്തിട്ടുള്ളിരിപ്പാണൽക്കടോസനം
ഒരു മുട്ടാലെഴുന്തിച്ചു,ള്ളിരിപ്പാം കമഠാസനം 34

രണ്ടു മുട്ടും ദൃഢം ചേർത്തു താഴ്ത്തിയും കൊണ്ടിരിയ്ക്കിലോ
മണ്ഡൂകാസനമെന്നത്രേ പേരതിന്നു ധരാപതേ! 35

ഘോരങ്ങളാമാനകളാൽപ്പാരിന്നെല്ലാമുപദ്രവം
നേരിട്ടുകണ്ടുടൻക്കനിവാൽ സ്കന്ദനർത്ഥിച്ചുകൊണ്ടകയാൽ 37

ബ്രഹ്മാവൊരാളെസ്സൃഷ്ടിച്ചതവൻ ദംഷ്ട്രാകിരീടവാൻ
കൺചോരത്തോനങ്കുശകരനതിനാലങ്കുശാഖ്യനായ് 38

വജ്രം, തിങ്കൾക്കല, നഖം, കൈതമുള്ളിവപോലവേ
തോട്ടിനാലുതരം മാമുനീന്ദ്രർ നിർമ്മിച്ചിരിപ്പതിൽ 38

ആവേശിച്ചു വസിയ്ക്കുന്നിതങ്കുശാഭിധനാപ്പുമാൻ
മത്തദുഷ്ടഗജൌഘത്തെ നിയന്ത്രിപ്പതിനെപ്പൊഴും 39

വിതാനം, വിട, നിര്യാണം, ഗ്രീവ, കുംഭ,മവഗ്രഹം
എന്നീ സ്ഥലങ്ങളിൽത്തോട്ടിവെയ്ക്കലാറാറു മാതിരി 40

തോട്ടിമുന്നോട്ടുവെച്ചൂന്നിക്കൊണ്ടാൽ മുന്നോട്ടുപോംഗജം
പിന്നോട്ടമർത്താൽപ്പിന്നോട്ടാം മേല്പോട്ടാം മേലെ-
യൂന്നിയാൽ 41

തേരട്ട,യോന്തിൻതല, മാൻരോമങ്ങൾ മനയോല,തേൻ,
പാമ്പിൻവള, തുരംഗത്തിൻപിത്തമെന്നിവയൊപ്പമേ 49

ഗോമൂത്രത്തിലരച്ചിട്ടു തോട്ടിതൻ മുനതന്നിലായ്
തേച്ചിട്ടാത്തോട്ടിവെച്ചെന്നാൽ മത്തഹസ്തി വശപ്പെടും 50

Digitized By Kerala Sahitya Akademi

രണ്ടു പാർശ്വത്തിലും രണ്ടുകക്ഷിസന്ധിയിലും പ്രഭോ!
വാൽക്കടെയ്ക്കലുമീവണ്ണമഞ്ചുമട്ടാം ഗദാഹതി. 51

നാലുകാലി,തുകാത,സൃമീയംഗങ്ങളിലൂടെയും
കേററമെട്ടുതരം പിന്നിലൂടെയാമ്മാറുചാടിയും, 52

വാൽ, നാലുകാൽ,മുഖം, രണ്ടുകണ്ണുങ്ങളിതുവാരികരം
ഇവററിലൂടെ വഴിപോലിറക്കം പത്തുമാതിരി 53

ഈ മട്ടുദന്തിചരിതം പാലകാപ്യനരശ്ശയാൽ
സന്തോഷമുറക്കൊണ്ടൃഷിയെപ്പൂജിപ്പാനംഗഭൂമിപൻ 54

ആരോമപാദൻ മാററാരെയൊക്കവേ കീഴടക്കിയും
ലോകരക്ഷയ്ക്കു ശുശ്രൂഷ്ഠാന്തിപൂണ്ടും വാണിതുസൗഖ്യ-
മായ് 55

രോമമെന്നൊരു പര്യായം താമരപ്പൂവിനുണ്ടുപോൽ
അതു പാദത്തിലുണ്ടാകയാലിവൻ രോമപാദനായ്. 56

ഗജൌഘപാലനത്താലും കവിവംശ്യതയാലുമേ.
ആമുനിയ്ക്കുരുളീ പാലകാവ്യനെന്നുള്ളപേർ നൃപൻ. 57

മമ്മവിഭാഗം

മമ്മങ്ങരാം കൈകാലുകളിൽ പ്രത്യേകം പതിനൊന്നു-
താൻ 1
മൂന്നുമർമ്മം വയററത്തു മാറത്തൊമ്പതു മർമ്മമാം

പിമ്പറത്തു പതിന്നാലും കഴത്തിൽപ്പന്തിരണ്ടുമേ
ശിരസ്സിലിരുപത്തഞ്ചുമേവം നൂറേറഴമർമ്മമാം 2

Digitized By Kerala Sahitya Akademi

ഉള്ളങ്കാലിൻ നടുവിലുണ്ടല്ലോ, നടുവിരല്ക്കുനേർ
തലഹൃത്താംമർമ്മ,മതുമുറിഞ്ഞാലാനചത്തുപോം. 3

ക്ഷിപ്രമർമ്മം പെരുവിരൽച്ചുണ്ടാണിവിരൽ മധ്യഗം
ഞരമ്പുവലിയും ചാകുമേല്ക്കുമായതുപൊട്ടിയാൽ. 4

അതിന്നിരുവിരൽപ്പാടുമീതെയായ് കൂർച്ചമർമ്മമാം
അവിടത്തിൽ മുറിഞ്ഞെന്നാലിടറും കാൽവിറച്ചിടും 5

ഞെരിയാണിക്കു കീഴുണ്ടുമർമ്മം കൂർച്ചശിരസ്സുപോൽ
അവിടത്തിൽമുറിഞ്ഞാലോ നീരും വേദനയുംവരും 6

കാലടിക്കും കണങ്കാല്ക്കുമുള്ളേപ്പിൽഗ്ഗുൽഫമർമ്മമാം
മുറിവങ്ങേല്ക്കിലോ നോവും സ്തംഭവും മാന്ദ്യവും വരും. 7

കണങ്കാലിൻ നടുക്കിന്ദ്രവസ്തിയാം മർമ്മമുണ്ടഹോ!
മുറിവങ്ങേല്ക്കിലോ രക്തം ക്ഷയിച്ചിട്ടാനചത്തുപോം 8

കണങ്കാൽ തുടകൾക്കുള്ളോരേപ്പിങ്കൽജ്ജാനുമർമ്മമാം.
മുറിവങ്ങേല്ക്കുകിൽദ്ദന്തിചാകുമല്ലങ്കിൽ നൊണ്ടിയാം 9

ജാനുവിൻ മൂന്നുവിരൽ മേലാണിയാം മർമ്മമുള്ളതിൽ
മുറിവേററാൽത്തുടയ്ക്കുണ്ടാം തരിപ്പുമൊരുവീക്കവും 10

തുടയ്ക്കുനേർനടുവിലുണ്ടൂർവിയെന്നൊരു മർമ്മവും
മുറിവങ്ങേല്ക്കുകിൽച്ചോരപോയിത്തുടചടച്ചിടും 11

തുടക്കടെയ്ക്കലാം ലോഹിതാഖ്യമർമ്മം മുറിയ്ക്കുകിൽ
ചോരപോയിട്ടൊരുവശം ചൈതന്യം കെട്ടതായ്വരും 12

Digitized By Kerala Sahitya Akademi

അണ്ഡത്തിന്നുമൊടിയ്ക്കും നേർമദ്ധ്യേ വിടപമർമ്മമാം
മുറിവങ്ങേല്ക്കുകിൽദ്ദന്തി ഷണ്ഡനായിച്ചമഞ്ഞിടും 13

ഈവണ്ണമേ കൈകളിലും പല മർമ്മങ്ങളുള്ളതിൽ
മണിബന്ധം ഗുൽഫമട്ടാം കൂർപ്പരംജാനുപോലെയാം 14

അവയ്ക്കു മുറിവാപ്പെട്ടാലാഗ്ഗജം കൈമുടന്തനാം
വിടവംപോലെ കക്ഷാക്ഷമദ്ധ്യത്തിൽപ്പെട്ടമർമ്മമോ 15

കക്ഷാഖ്യക്കാ,ണതു മുറിഞ്ഞെന്നാലും കൈമുടന്തനാം
കൈകാല്കളിലെ മർമ്മങ്ങളേവം നാല്പത്തിനാലുതാൻ 16

സ്ഥൂലാന്ത്രമാശ്രയിച്ചിട്ടു ഗുദമാം മർമ്മമുള്ളതോ
മുറിഞ്ഞാകിൽ മലാധോവായുക്കളെ വിട്ടു മൃതിപ്പെടും. 17

അഞ്ചാം പടലം

വയോലക്ഷണം

സന്ദാനാദിഷു ജാതസുസ്ഥിരവലീർ
ഗ്ഗാഹ്ണാതിയുക്തം മദം
നിദ്രാദപിട് പ്രതിദന്തിവൈരിമനസാ
ഭീതോ്യനലേ ധൂപനാൽ
ഗജ്ജന്നുദ്ധത ഗാത്രരോമനിചയോ
യുദ്ധപ്രയോഗപ്രിയഃ
കല്യാണോ ഹ്യയ മേവ വാരണയുവാ
പ്രാപ്പശ്ചതുത്ഥീം ദശാം. 14

Digitized By Kerala Sahitya Akademi

സന്ദാനപ്രഭൃതി പ്രദേശവിലസ-
ദ്ദാനാവിലോദ്യാദ്വലീ
സാന്ദ്രഃ കണ്ണകടാക്ഷണേഷു സഹജാ-
മായാതി ച ശ്രേഷ്ഠതാം
ദ്രാങ്മാദ്യത്യനിമിത്തമേവ മുദിതഃ
ശൂരോ ƒ തിസർവം സഹേഃ
യൌധോ നാമ സദാ മദാവിലകടഃ
പ്രാപ്തോ ദശാം പഞ്ചമീം. 15

ഊർദ്ധ്വം വിനിർഭിണ്ണവലിപ്രദേശഃ
കിഞ്ചിദ്വിഹീനേന്ദ്രിയധാതുതേജാഃ
വേഷ്ടോഷ്ഠകണ്ണാദിഷുജാതരോമാ
ഷഷ്ഠിംഗതോ നിസ്സൃതദന്തമൂലഃ 16

അല്പാഗ്നിപിത്തോ ബഹു മാതനിശ്വാ-
സ്തബ്ധാംഗയുക്തഃ പരുഷച്ഛവിശ്ച
അല്പാംഗ ചേഷ്ടോതി കഫോ വിവർണ്ണഃ
പ്രാപ്തോദശാം സോപ്യഥ സപ്തമിം വൈ. 17

നിത്യാശ്രു: സതതം കടസ്രുതകഫോ
ദ്വർണ്ണരൂക്ഷച്ഛവിർ
ഭീത്യായുധ ബഹിശ്ചര: സ്ഥരധിയാ
ദന്താഭിവൃദ്ധ്യോജ്ഝിതഃ
നിർവീര്യസ്സതതം പിനദ്ധനയനോ
നക്ഷിപ്രരോഹിവ്രണോ
ഹൃഷ്ടമ്യാംഛവിരവ്യോപഹതി ഭൃശം
സംഭിന്ന രോമാവലിഃ 18

Digitized By Kerala Sahitya Akademi

സ്രസ്തഗ്രീവഃ പ്രചലദശനോ മന്ദസർവാംഗചേഷ്ടോ
ദന്തസ്രാവീമൃദുയവസഭുങ്ങ്നിമ്നദോനിസ്സപത്രഃ
രൂക്ഷച്ഛായോ വലിതതതനുഃശ്ശുഷ്ക പൃഷ്ഠാനുഗാമീ
വിശ്ലിഷ്ടാംഗസ്സ്വപിതിചതരാം യേ നവമ്യാംപുരാണഃ 19

വിസ്രസ്തശ്രവണാം സ ബാലധികരഃ
ശീർണ്ണാംഗ രോമാചല-
ദ്ദന്തോ മാംസബലക്ഷയീ ചലതലഃ
പ്രസ്രസ്തപാദോഽല്പഭുക്
രൂക്ഷാംഗഃ പടലീ സിരാചിതതനുഃ
കൃച്ഛ്രാച്ഛകൃന്മൂത്രമുക്
തൃഷ്ണാലുഃ കൃമിജാലഭക്ഷിതനഖോ
വൃദ്ധോ ദശമ്യാശ്രിതഃ 20

ശേ തേഭ്രമേ നാപ്പു കഫാക്തലണ്ഡ-
സ്സം കോശമേഹീ മൃദുഖാദനശ്ച
അപാഗവിഷാണസ്ഥിരഗാത്രരോഗീ
ദശാന്വിതേവഷ്ശതേഽപി നാഗഃ 21

നീചൈശ്ചമന്ദം വിമൃശേച്ഛയായാ-
ച്ചലൽകരോഽധശ്ചലകർണ്ണവാലഃ
പ്രസ്തബ്ധഗാത്രാഃ പരവാനജസ്രം.
സ ദ്വാദശീം പ്രാപ്യദശാം സ്വ പേച്ഛ 22

ഏവം വർഷശതം വിംശ-
മവസ്ഥായ മഹീപതേ
കൃത്വാ ബഹുവിധം കർമ്മ
സ്വർഗ്ഗം ഗച്ഛതി വാരണഃ 23

Digitized By Kerala Sahitya Akademi

ആറാം പടലം

മാനനിർണ്ണയം

നേത്രാദാപേചകം ദൈഘ്യ
നഖാദിസ്സന്ധമുച്ഛ്രയഃ
പരിണാഹഃ പ്രമാതവ്യഃ
കക്ഷ്യാസ്ഥാനേഷു ദന്തിനാ. 1

സഞ്ജാതമാത്രമുഗജാത്യഗജസ്യ ദൈർഘ്യം
സദ്ധൈകഹസ്തമിഹചൈക കരോച്ഛ്രയസ്യാൽ
നാഹോ ദ്വിഹസ്ത ഇതിച പ്രതിവർഷമേഷാം
പഞ്ചാംഗുലദ്ധിരുദ്ദിരാദശവത്സരാന്തം. 2

പഞ്ചോന്നതിസ്സപ്തമുഗസ്യ ദൈർഘ്യം
നാഹ പ്രമാണന്തുവിതസ്തയോഃ ഷ്ട്വൗ
ഏതദ്വിവൃദ്ധാവഥ മന്ദഭദ്രൗ
പ്രാപ്നോതുവർഷേ ദശമേ ത്രിയുക്തേ 3

ഷാംപഞ്ചചത്വ രുച്ഛ്രായാ
അഷ്ടസപ്തഷഡായതാഃ
നവാഷ്ടസപ്തനാഹാശ്ച
മുഖ്യാ മധ്യാധമാവശാഃ 4

അതിസ്ഥൂലാഃ കൃശാശ്ചൈവ
ഹീനാംഗശ്ചൈവ യേ ഗജാഃ
തേഷാ മംഗാ ന്യമേയാനി
പ്രത്യംഗാനിച പാത്ഥിവ 5

Digitized By Kerala Sahitya Akademi

സമസർവാംഗദേഹസ്യ
വാരണസ്യ മഹീപതേ
പ്രമാണമിഷ്ടം സർവത്ര
കല്യാണസ്യ വിശേഷതഃ 6

ശിരസഃ പിണ്ഡൗ കുംഭൗ
ഭവതോ വിദുസംജ്ഞ ഏതയോർമ്മധ്യഃ
തസ്യാധോഽവഗ്രഹ ഇതി വാഹിത്ഥം
കുംഭയോ രധോ ഭാഗഃ 7

തസ്യാധഃ പ്രതിമാനം
തന്മധ്യേ വായുകുംഭസംജ്ഞഃസ്യാൽ
വാഹിത്ഥപാർശ്വയുഗളം
വിലാഗസംജ്ഞം ഭവേൽ ഗജാനാം തു. 8

പുഷ്കരോപരിഗണ്ഡൂഷാ
ഈഷീകാത്വക്ഷികൂടകം
അപാംഗദേശോ നിര്യാണം
കർണ്ണമൂലന്തു ചൂളികാ. 9

പിഞ്ജരൂഷാ കർണ്ണപാളീ സ്യാൽ
പ്രോഹാ ഖ്യോഽന്തരമാംസയോഃ
ഹസ്തോപരിസ്ത്വവസ്ഥാരഃ
ദദ്ദൂർദ്ധ്വാംപലിസംജ്ഞകം 10

ദേഹമദ്ധ്യന്തുനിഗള-
സ്ഥാനം ചിക്കാതദൂർദ്ധ്വതഃ
സന്ദാനം ജഘനാദൂർദ്ധ്വം
കലാഭാഗസ്ത്വധോഽസ്യച 11

Digitized By Kerala Sahitya Akademi

പക്ഷാധോ ƒ പ്യപരൌജ്ഞേയൌ
നിഷ്ഷോശഃ പക്ഷപൃഷ്ഠയോഃ
കക്ഷിഃപശ്ചാത്തയോസ്താഭ്യാ-
മുൽകൃഷ്ടാവിതിസംജ്ഞിതൌ 12

പുച്ഛമൂല സമീപം സ്യാൽ
പേചകന്തു ഗളാ ദധഃ
ഉരസ്യന്തർമ്മണിം വിദ്യാൽ
ഗ്രീവാ സന്ധി സമാശ്രിതം. 13

ഏഴാം പടലം

മൂല്യവിശേഷാധികാര സപ്തമഃ പടലഃ

ഏതാവന്മൂല്യമേഷാമിതിനഹിഗദിതും
യൽ സമൎത്ഥാ മനുഷ്യാഃ
മാസം മൂന്നാലെ മാറാഞ്ഞാൽ വേണം
മദചികിത്സയും 36

മൂലം:

സഹാമൃതാശിഗ്രു ബലാദ്വിമൂർവാ-
കാപിത്ഥ സപ്തച്ഛദ ചന്ദനാനാം
കാദംബഗുഞ്ജാമധുകാശ്വഗന്ധാ-
ജീവന്തികാശാല്മലി സൂരണാനാം; 20
വൃശ്ചീരസേവ്യക്ഷുര കക്കടാണ്ഡ-
ഗുഞ്ജാശ്വഗന്ധാഗുരുഗോക്ഷുരാണാം
കേരീപയ: ക്ഷൌദ്രയുതോ ഗജാനാം
പിണ്ഡഃ പ്രദേയോ മദസംഭവേ ƒ യം. 21

പരിഭാഷ:

മദപ്രക്ഷീണധാതുക്കരം പുഷ്ടിപ്പെട്ടുവതിന്നു ദൻ
പൂവാങ്കുറുന്തല കുറുന്തോട്ടിരണ്ടിനമുള്ളവേർ,
പെരുംകുരുമ്പവേർ, പാലത്തൊലി, പിന്നെ
മുരിങ്ങവേർ
വ്ളാമ്പഴം, ചന്ദനമമൃതെന്നീയൊമ്പതു കൂട്ടമോ,
വെൺകുന്നിവേർ, കടമ്പിൻ വേരിരട്ടിമധുരം,
തഥാ,
ഇലവിൻപശ, ജീവന്തി, കാട്ടുചേന, യമുക്കരം

Digitized By Kerala Sahitya Akademi

ഈയേഴ്ക്കൂട്ടമോ, കോഴിമുട്ട, ഞെരിഞ്ഞിൽ, തമിഴാമ
വേർ
വെൺകുന്നിവേർ, വയൽച്ചുള്ളിവേര,
മുക്കരമോടകിൽ,
രാമച്ചമിവയോ ചൂർണ്ണിച്ചാനകൾക്കരിമട്ടന,
തേങ്ങാപ്പാൽ തേനിതുകൾ ചേർത്തുരുട്ടീട്ടു
കൊടുക്കണം. 41

മൂലം:

കോരണ്ഡമല്ലികാനിംബവില്വമൂലൈസ്സസൈ
ന്ധവൈഃ
സേങ്ഗുദൈർമ്മധുനാ പിണ്ഡോദേയോ-
രോഷവിവർദ്ധനഃ 22

പരിഭാഷ:

കരിംകുറിഞ്ഞിവേർ, വേപ്പിൻതൊലി കൂവളമുല്ല വേർ
ഇന്തുപ്പോടക്കരുവിവ തേനിൽച്ചേർത്തുംകൊടുത്തിടാം 42

മൂലം:

മാതുളംഗസുവഹാസഹാകണാ-
സപ്തപർണ്ണവിജയേംഗുദീമധു
ദുഗ്ദ്ധപിഷ്ട മിദമംഗലേപിതം
മത്തവാരണവരം വശം നയേത്. 23

പരിഭാഷ:

പാലിൽമാതളനാരങ്ങ, പാലതൻതൊലി, തിപ്പലി,
കടുക്ക കാട്ടുതുളസിയോടക്കരുവിതൊക്കവെ

Digitized By Kerala Sahitya Akademi

പൂവാങ്കുറുന്തലയുമായരച്ച മധുചേർത്തുടൻ
മെയ്യിൽപ്പുരട്ടിയാൽ മത്തവാരണം പാട്ടിൽവന്നിടും.44

ഒമ്പതാം പടലം കഴിഞ്ഞു

പത്താം പടലം

ഗജഗ്രഹവിചാരം

മൂലം:

വാരീകർമ്മവശാവിലോഭനവിധി-
ഭ്യാം ചാനുഗത്യാ തഥൈ-
വാപാതേന തതോƒപപാതത ഇതീ-
ഹേഭഗ്രഹം പഞ്ചധാ
നിന്ദ്യാസ്തേ തു യഥോത്തരം കില ഗജാ
നശ്യന്തിയസ്മാത്തതോ
വർജ്യാവന്ത്യവോവുഭാവപി വിശേ-
ഷാദേതയോശ്ചാന്തിമഃ 1

പരിഭാഷ:

വാരീകർമ്മം വശാലോഭനോനുയാനങ്ങളങ്ങിനെ
ആപാതമപധാതം താനൈമട്ടേവം ഗജഗ്രഹം
അവ കീഴ്പോട്ടു നിന്ദ്യങ്ങളാ, പാതമവപാതവും
വർജ്യം ഗജധ്വംസകരം വിശേഷിച്ചവപാതവും. 2

മൂലം:

കോശപ്രായവിതാനദീർഘാ മഹിതാ
വാരീ നിഖാതൈർദൃഢൈർ-

Digitized By Kerala Sahitya Akademi

വൃക്ഷാദ്യൈഃ പരിതോവൃതിം ച പരിഖാം
കൃത്വാ ബഹിർദ്രുസ്തരാം
ദ്വാരസ്യോഭയതഃ പ്രകല്പിതവൃതിം
ദ്വന്ദ്വാന്തരസ്ഥാം ക്രമാദ്
വിസ്തീർണ്ണാം ച ബഹിർമുഖാം വിതനുയാദ്
വീഥീഞ്ച വേണ്വാദിഭിഃ 2

പരിഭാഷ:

സുമാറൊരു വിളിപ്പാടു ദൂരം ചുററളവാം വിധം
കുഴിതീർത്തു മരംകൊണ്ടും മററും വേലികഠ കെട്ടണം
പിന്നെപ്പുറത്തുറപ്പേറും കിടങ്ങുമൊരു വാതിലും
ആ വാതിലിന്നിരുപുറം കെട്ടേണമൊരു വേലിയും
വാതിൽതൊട്ടു പുറത്തെല്ലു ക്രമത്താൽ വീതി-
യേറെയായ്
ഇല്ലിപ്പട്ടിൽകളെക്കൊണ്ടുമൊരുവീഥിചമയ്ക്കണം.

മൂലം:

ഉദ്ധൃത്യോപരി സന്നിബദ്ധ്യ ച കവാ-
ടദ്വാരി വാര്യന്തരേ
ദാരുസ്തംഭശിഖാവൃതിശ്ച സുദൃഢം
കൃത്വാ സുധാരം ബഹു
ഇക്ഷ്വാദ്യത്ര വിനിക്ഷിപേദഥ ഗജാൻ
സംവാര്യ ഭേര്യാദിത-
സ്ത്രസ്താനത്ര നിവേശ്യ ചാർഗ്ഗള ശിഖാ-
പാശംശ്ച ഭിന്ദ്യാദ് ദ്രുതം. 3

Digitized By Kerala Sahitya Akademi

പരിഭാഷ:

ദ്വാരത്തെഴും വാതിൽപൊക്കു് മുകളിൽക്കെട്ടിനിർത്തണം
പിന്നെ വാരിസ്ഥകത്തായി, മരത്തൂണുകരം നാട്ടണം;
അവയിന്മേൽപ്പലകകരം നിരത്തി മറവാക്കണം
ആനയ്ക്കെത്താത്ത പൊക്കത്തിലാളുകരംക്ക നടക്കവാൻ.
പിന്നെക്കരിമ്പു മുതലായവ വാരിയിലിട്ടുടൻ
ഭേര്യാദി വാദ്യഘോഷത്താൽപ്പേടിപ്പിച്ചു ഗജങ്ങളെ
തണ്ടത്താവഴിയിൽക്കൂടെയങ്ങകത്താക്കി വെക്കമേ
കെട്ടറുത്താവാതിൽ കീഴ്പോട്ടിട്ടാ ദ്വാരമടയ്ക്കണം 9

മൂലം:

കക്ഷ്യബന്ധക കന്തവേണുസൃണിപാ-
ശാദൈ്യര്യുതാ ഹസ്തിപാ-
സ്തസ്ഥിൻ ദ്വിത്രിദിനം പ്രതീക്ഷ്യ പുനര-
ഭ്യേത്യാശു വാര്യന്തരം
സ്തംഭോപാന്തഗതാൻ ഗജാനപിഗൃഹീ-
തോപായവന്തോ ദൃഢം
സംബദ്ധ്യാത്ര ഗുണാനപിതാനഥ ബഹിർ-
യ്യൂഥം ച വിദ്രാവയേത്. 4

പരിഭാഷ:

രണ്ടുമൂന്നുദിനം പിന്നെക്കാത്തിരുന്ന നിഷാദികരം
കയർ ചങ്ങല കന്തങ്ങരം വളർതോട്ടിയുമായ് ദ്രുതം
വാരിയുരംപ്പുക്ക തൂണേറി ദ്വാരത്താം നൽഗ്ഗജങ്ങളെ
പിടിച്ചുകെട്ടി യൂഥത്തെപ്പുറത്താക്കിക്കളഞ്ഞുടൻ. 11

22

Digitized By Kerala Sahitya Akademi

മൂലം :

കക്ഷ്യാഭാഗേ ച കണ്ഠേ ദൃഢതരദ്രഢപാ-
ശൈഗ്ഗ്ജം ചാരു ബദ്ധ്വാ
ബധ്നീയാച്ചാപരാംഗേ നിഗളനമപി തത്-
പാദയോരപ്യമീഷു
ബദ്ധ്വാ പാശാനഥാത്യായതസുദൃഢതരാ-
നഗ്രതോ ഹസ്തിവൈദ്യൈ-
രാകൃഷ്യാ കൃഷ്യമന്ദം ഗമയതു ച ശിഥിലീ-
കൃത്യ പാശ്ചാത്യപാശം. 5

പരിഭാഷ:

കണ്ഠത്തിൽച്ചങ്ങലപ്പാട്ടിലപരാംഗത്തിലും ദൃഢം
മയംകോലും കയർകളാൽക്കെട്ടീട്ടിട കൊളുത്തിയും
നെടും സുദൃഢപാശങ്ങളവയിൽക്കെട്ടി മുന്നിലായ്
നടന്നു നല്ല പാപ്പാന്മാർ വലിച്ചും മെല്ലെ മെല്ലവേ
പിമ്പാശങ്ങളഴിച്ചിട്ടും നടത്തിക്കൊണ്ടു പോകണം. 12

മൂലം:

സ്തംഭാത് സ്തംഭാന്തരം, ചൈവ
യാപയിത്വാ ശനൈഗ്ഗ്ജാൻ
ശാലാം പ്രവേശയേദന്യൈ-
രാപ്തൈഗ്ഗ്ജവരൈസ്സഹ. 6

പരിഭാഷ:

ഒരു തൂണിങ്കൽ നിന്നേവം മറുതൂണിങ്കൽ മെല്ലവേ
തളച്ചഴിച്ചാക്കരിയെക്കൊട്ടിലിൽക്കൊണ്ടുപോരണം
നേരേ വിശ്വസ്തരാം നല്ല കൊമ്പന്മാരോടുകൂടവേ. 15

Digitized By Kerala Sahitya Akademi

മൂലം:

ആപ്ലാശ്ചബന്ധപടൈർന്നിബദ്ധജഠരാഃ
കൃതാ വശാഃ പഞ്ചഷാ-
സ്തച്ചർമ്മാന്തരശായിനോ ഗജഭടാഃ
പാശാദിഭിസ്സംയുതാഃ
ആരാദ്യൂഥ മഥാംഗുലി പ്രഹരണൈഃ
പ്രാപയ്യ താഃ പഞ്ചഷാൻ
ബദ്ധ്നീയുശ്ച ഗജാൻ ജവാദിതി വശാ-
ലോഭോ വശാലോഭനാത്. 7

പരിഭാഷ:

അഞ്ചാറുവിശ്വസ്തകളാം പിടിയാനകൾ തമ്മുടെ
വയററത്തഴകൊക്കം തോലുറ കെട്ടിവരിഞ്ഞതിൽ
മറഞ്ഞിരുന്ന കയറും മററുമായ് ഹസ്തിപോത്തമർ
വിരൽപ്രയോഗാലവയെഗ്ഗജക്കൂട്ടമണച്ചുടൻ
അഞ്ചാറുനല്ലാനകളെബ്ബന്ധനം ചെയ്തുകൊള്ളണം,
വശാലോഭനമെന്നുള്ളതിതാകുന്നു മഹീപതേ! 18

മൂലം:

വരാഗ്രുരുക്ഷീരി മഹീരുഹത്വങ്
മാലേയകാലേയകസേവിലോദ്ധ്രൈഃ
സ്നാതാ സുശീതൈഃ കലശസ്ഥിതാഭിർ-
വശാ ഗജാനാം തു വിലോഭനീ സാ. 8

പരിഭാഷ:

നാല്പാമരത്തോൽ,ത്രിഫല,രാമച്ച,മകിൽ,ചന്ദനം
മരമഞ്ഞൾത്തൊലി,യഥപാച്ചോററിത്തൊലി-
യെന്നിവ

ചതച്ചിട്ട തിളപ്പിച്ച തണുപ്പിച്ച ജലത്തിനാൽ
കളിച്ച പിടിയെക്കണ്ടാൽക്കാട്ടാനകരം വശപ്പെടും 20

മൂലം:

ക്ഷൌദ്രോശീനരതൈശ്ച മദ്യസഹിതൈർ-
ഹസ്തീന്ദ്ര മൂത്രേണവാ
ലേപോ ƒ യം തു വശാവരാംഗനിഹിതോ
വശ്യോ ഗജാനാം വരഃ
തുദ്വചിലചക കക്കടാണ്ഡക കര-
ഞ്ജോദ് ഭൃത ബീജൈസ്തഥാ
ലേപോ ƒ യം ച വശം നയേദ് ഗജവരാൻ
സമ്മിശ്രിതൈർ ധന്വ നൈഃ 9

പരിഭാഷ:

രാമച്ചവും തകരവും മദ്യമോ ഗജമൂത്രമോ
ചേർത്തരച്ചിട്ട തേൻകൂട്ടിപ്പെണ്ണാനയുടെ യോനിയിൽ
തേച്ചാലാനയുവൻവശ്യ, മുങ്ങിൻെറ കരു വിലവേർ
നൽക്കോഴിമുട്ടയിവയും മേൽപ്രകാരം പുരട്ടിടാം. 22

മൂലം:

പഥ്യാവായസചാഷപത്രതിലമ-
ഞ്ജിഷ്ഠാ സഹാ ശാരിബാ
ഗോശൃംഗാല സിതേഷു പുംഖസുവഹാ-
ക്ഷോണീകദംബാംബുജൈഃ
പുത്രഞ്ചാരി നതാജരോമഖര മൂ-
ത്രാദ്യൈർമ്മയൂരീശിഖാ

Digitized By Kerala Sahitya Akademi

മാലേയാഞ്ജന നാഗപുഷ്പമധുഭിർ-
വശ്യാഞ്ജനം യോജയേത്. 10

പരിഭാഷ:

കടുക്ക, കാക്കതൻതുവ്വൽ, നീർക്കാക്കത്തുവ്വലെ,ള്ളകം
പുവ്വാങ്കുറുന്തലയരിതാരം, വെള്ളക്കൊഴിഞ്ഞിൽ വേർ,
മഞ്ചട്ടിപ്പൊടി, നന്നാരിക്കിഴങ്ങും, കസ്തുരുക്കവും
പൈക്കൊമ്പ്, പൊയ്ത്താർവളയം, പുത്രഞ്ചാരി,
കടമ്പു വേർ
ആട്ടിൻകുളമ്പ്, രോമങ്ങളഞ്ജനക്കല്ല്, ചന്ദനം
അരത്ത, തകരം, നാഗപ്പൂ, മയിൽപ്പീലിയെന്നിവ
ആട്ടിൻമൂത്രത്തിലും മററുമരച്ചു മധുചേർത്തുടൻ
പിടിതൻ കണ്ണിലെഴുതിപ്പത്തുമാനസ്സുവശ്യമാം. 26

അനുയാനം

മൂലം:

ഭേരീതുര്യ്കകാഹളാദിനിനദൈർ-
വിദ്ര്യാവ്യ നാഗാൻ ദൃശം
ഭീതാനാശ്രു സദാ സസൈന്യമനുധാ-
വന്തോ ഭടാ നിർഭയാഃ
യാവത്പാദപരിശ്രമേണ കളഭാഃ
സ്തബ്ധാഃ സ്യുതേതാംസ്തദാ
ബധ്നീയുശ്ചതുരാ ജവാദനുഗതാ-
ബ്യോ f യം ഗജാനാം ഗ്രഹം. 11

Digitized By Kerala Sahitya Akademi

പരിഭാഷ:

ഭേരീകാഹളതൂര്യാദിനാദംകൊണ്ടു ഗജങ്ങളെ
പേടിപ്പിച്ചിട്ടിടവിടാതോടിച്ചു പടയൊത്തുടൻ
പിമ്പേ പാഞ്ഞെത്തി വിരുതന്മാരായ ഭടർ നിർഭയം
കാൽ കുഴഞ്ഞു തളൎന്നാനക്കിടാങ്ങളും നിലവാം വിധൌ
വെക്കം പിടിച്ചുകെട്ടേണമവയെപ്പൃഥിവീപതേ!
അനുയാനാഖ്യമായൊരു ഗജഗ്രഹമിതാണു പോൽ. 29

ആപാതം

മൂലം:

ബാഹ്വഗ്രാസ്തഥ വൎത്തുളീകൃതനിബ-
ദ്ധാഗ്രാഃ പൃഥഗ്രജ്ജവഃ
കേരീവല്ക്കശലാകികാദിരചിതാഃ
പൂഗദ്രുനാഗോന്മിതാഃ
പ്രായഷ്ഷഷ്ടി കരായതാസ്സുനിഹിതാ-
ശ്ഛേതസ്തതഃ പാംസുഭിഃ
സംച്ഛന്നാ കരമാത്രനിമ്നധരണീ
ഗൎത്തേ ƒ തിവിസ്താരിതേ. 12

പരിഭാഷ:

കവുങ്ങിൻ വണ്ണവുമറുപതുകോൽപ്പാടു നീളവും
പല തുമ്പുകളും തുമ്പുതോറും നാലഞ്ചു താമ്പുമായ്
വക്കതെൻനാരു ചകിരിതൊട്ടുള്ളവയിലൊന്നിനാൽ
പിരിച്ച നൽക്കയറുകളും വഴിപോലങ്ങുമിങ്ങുമേ
ഒരു കോലാഴമായ്ത്തീൎന്ന പരപ്പേറും കുഴിയ്ക്കുകം. 36

Digitized By Kerala Sahitya Akademi

മൂലം:

നിക്ഷിപ്യാത്ര മൃണാളവേണുകദളീ
പുത്രേണ്ഡക്ഷു കാണ്ഡാദികം
താൻ പാശാനപി സന്നിബദ്ധ്യ സുദൃഢേ
വൃക്ഷേ f ത്ര ഭക്ഷാ ഭടാഃ
സംച്ഛന്നാഃ പ്രതിപാല്യ ഭക്ഷണപരാൻ
ബദ്ധ്നീയുരാശ്രു ദ്വിപാൻ
പാശാകർഷണതോ നപാത്യ ദൃഢമി-
ത്യാപാതസംജ്ഞാ ഗ്രഹഃ 13

പരിഭാഷ:

പരത്തിവെച്ചങ്ങു കരിമ്പോടവാഴ തുടന്വ
നിരത്തീട്ടാക്കയറുകളുറപ്പുള്ള മരത്തിലായ്
പിടിച്ചുകെട്ടിയൊളിവിൽക്കാത്തിരുന്ന ഭടോത്തമൻ
തീൻതുടങ്ങും കരികളെക്കയറാഞ്ഞു വലിച്ചുടൻ
വീഴിച്ചുറപ്പിൽക്കെട്ടേണമിതിന്നാപാതമെന്നുപേർ. 34

അവപാതം

മൂലം:

ഗർത്തം ഹസ്തചതുഷ്കനിമ്നകരയു-
ഗ്മവ്യാസദോഃ പഞ്ചകാ-
യാമം വേണുദളൈഃ കടൈശ്ച പിഹിതം
കൃത്വാ മൃദാച്ഛാദ്യതം
തസ്മിൻ ഭക്ഷ്യപരിസ്തൃതേത്തു കളഭാ-
നാപാത്യ ഭക്ഷാഭടാ

Digitized By Kerala Sahitya Akademi

ബദ്ധ്നീയസ്സുദൃഢം ഗജഗ്രഹ ഇതി
പ്രോക്തോവ f പാതാഹ്വയഃ 14

പരിഭാഷ:

നാലുകോലാഴവും രണ്ടുകോൽ വിസ്താരവുമഞ്ചുകോൽ
നീളവും ചേൎന്നു കുഴിതീൎത്തോട മേലേ വിരിച്ചതിൽ
പനമ്പുമിട്ടു മൺകൊണ്ടു മൂടീട്ടതിനുമേലെയായ്
തീററിപ്പണ്ടങ്ങളും വിതറിത്തിന്നാനെത്തും ഗജങ്ങളെ
കുഴിതന്നിൽപ്പതിപ്പിച്ചു മുറുകെക്കെട്ടണം ഭടർ
അവപാതാഖ്യമായോരു ഗജഗ്രഹമിതാണുപോൽ. 37

പത്താം പടലം കഴിഞ്ഞു

പതിനൊന്നാം പടലം

ഗജരക്ഷണദിനതൃാചാരചികിത്സാവിചാരം

മൂലം:

വന്യാസ്തത്ര സുഘോഷിതാ വിധിവശാദ്
ഗ്രാമാവതീൎണ്ണാ ഗജാ
ബദ്ധാസ്തീക്ഷ്ണ കടൂഗ്രവാഗ്ഭിരതി ശ്രുഗ്
ഭീമോഹബന്ധാദിഭിഃ
ഉദ്വിഗ്നാശ്ച മനശ്ശരീര ജനിതൈർ-
ദുഃഖൈരതീവാ ക്ഷമാഃ
പ്രാണാൻ ധാരയിതും ചിരം നരവശം
പ്രാപ്താഃ സ്വായൂഥാദഥ. 1

Digitized By Kerala Sahitya Akademi

പരിഭാഷ:

കാട്ടിൽസ്സുഖേന വാണോരു ഗജങ്ങൾ വിധിവൈ
ഭവാൽ
കൂട്ടംവിട്ടു നരന്മാർതൻ പാട്ടിലായ് നാട്ടിലെ
ത്തിയാൽ
തീക്ഷ്ണോഗ്രകടുവാക്യങ്ങൾ കേൾക്കൽ വൻസങ്കടം
ഭയം
മോഹബന്ധങ്ങൾ മുതലായവകൊണ്ടു വലഞ്ഞുടൻ
ശാരീരവും മാനസവുമായ ദുഃഖം വളർന്നഹോ,
ഏറെനാളുയിർതാങ്ങീടാൻ ശക്തരല്ലാതെയായ്വരും 3

മൂലം:

ശൈലാനാം കടകേഷു നിർജ്ഝരജലേ
പദ്മാകരേ സിന്ധുഷു
സ്വച്ഛന്ദേന കരേണുകാഭിരടവീ-
മധ്യേഷു ച ക്രീഡിതം
സ്മാരം സ്മാരമനേകധാ ഗ്രനിഹിതം
പുത്രേണ്ഡുഖണ്ഡാദികം
നോ കാംക്ഷത്യതിദുർമ്മനാ ബഹുവിധൈ-
ർദ്ദുഃഖൈരുപേതഃ കരീ. 2

പരിഭാഷ:

പർവ്വതത്താഴ്വരകളിലരുവിയാററിലും
സരസ്സിലും പുഴയിലും കാടകങ്ങളിലും സുഖം
പിടിയാനകളോടൊത്തു കളിയാടിയതെത്രയും
ഓർത്തോർത്തു മുന്നിടത്തിട്ട കരിമ്പു മുതലായതും
23

Digitized By Kerala Sahitya Akademi

തിന്നാതെകണ്ടുനില്പാകം നാനാദുഃഖശതങ്ങളാൽ
വല്ലാതെയവശപ്പെട്ട വാരണം വസുധേശ്വര! 6

മൂലം:

പൂർവാനുഭൂതമടവീഷു സുഖം വിചിന്ത്യ
ധ്യായൻ മുഹുഃ സ്തിമിത ബാലധി-
കർണ്ണതാലഃ
ഗ്രാമവ്യഥാഭിരധികം കൃശതാമുപേത്യ
കൈശ്ചിദ്ദിനൈർമ്മൃതിമുപൈതി കരീ
നവീനഃ 3

പരിഭാഷ:

മുല്പാടനുഭവിച്ചോരു കാട്ടിലെസ്സുഖമോർക്കയാൽ
ചിന്തയിൽപ്പെട്ടു ചെവിയും വാലുമാട്ടാതെയെപ്പൊഴും
നാട്ടിലെദ്ദുഃഖജാലത്താൽച്ചടച്ചു ചിലനാളക്കകം
ചത്തുപോകും പുതിയതായ്പ്പിടിക്കപ്പെട്ട കുഞ്ജരം. 8

മൂലം:

പിച്ഛരൂഷ നേത്രയുഗളേ ച ഗുദേച നാഭൌ
ഗാത്രാപരേശ്വയഥുമാൻ ഭവതി ദ്വിപോ ƒയം
നാശ്നാതി നൈവ രമതേ നച വേത്തി സംജ്ഞാം
രാജ്യാച്ച്യുതോ നൃപ ഇവാധിമുപൈതി കാമം. 4

പരിഭാഷ:

കർണ്ണപാളികൾ, നേത്രങ്ങൾ, ഗുദനാഭികൾ, പിമ്പുറം
ഇവയെല്ലാം ചടപ്പേററു തീനും കളിയുമെന്നിയേ

Digitized By Kerala Sahitya Akademi

കാൽ കാട്ടുന്നതറിഞ്ഞീടാതേറെദ്ദുഃഖിച്ചു വാണിടും
രാജ്യഭ്രംശം പിണഞ്ഞോരു രാജാവെപ്പോലവേ
ഗജം. 10

മൂലം:

അണ്ഡം തൈജസമണ്ഡജാശ്ച കരിണോ
ജന്മപ്രഭൃത്യുഷ്ണതഃ
സംതപ്താഃ ശിശിരാംബുസേവനരുജഃ
പങ്കാദിഭിർഹർഷിതാഃ
തസ്മാദംഗപ, തോയമേവ കരിണാം
പ്രാണാസ്തതഃ കാമത-
സ്തോയേനോപചരേദ് ഗജാൻ ഭവതി തദ്-
ധാതു പ്രസാദോഹ്യതഃ 5

പരിഭാഷ:

തൈജസാണ്ഡജർ നാഗങ്ങൾ ജാത്യാ ചൂടേറെയാ-
കയാൽ
കളിർനീർപ്പൊടിയും ചേറുമണിഞ്ഞേ തുഷ്ടരായ്-
വരൂ.
അതിനാൽജ്ജലമേ പ്രാണനാനകൾക്കംഗഭൂപതേ,
ജലോപചാരമാവോളം ചെയ്താൽധാതുബലം വരും. 12

മൂലം

ആനീതോ വനതോ ഗജാൻ ഹിമജലൈഃ
സിഞ്ചേത് തഥാ പായയേത്

Digitized By Kerala Sahitya Akademi

ത്വാകണ്ണും ത്വവഗാഹയേദ്ദഷസി തദ്-
ഗ്ലാന്യാദിശാന്ത്യൈ ജലേ
ഏവം ചാഥ ദിനാവസാനസമയേ
സൈ്വരം തഥാളാനയേത്
പശ്ചാത് സേചന ലേപനാദി ശതധൌ-
താജ്യേന കുര്യാദപി. 6

പരിഭാഷ:

കാട്ടിൽനിന്നു വരുത്തപ്പെട്ടാനയ്ക്കുച്ചൂടു മാറുവാൻ
മേലൊക്കെക്കളിർനീർ വീഴ്ത്തിക്കടിപ്പാനുമതേകണം
കഴത്തോളം ജലത്തിങ്കൽനിർത്തണം രണ്ടുനേരവും
ധാരാലേപാദിയുംവേണം ശതധൌതഘൃത
ത്തിനാൽ. 14

മൂലം:

കൃതാവഗാഹസ്യ മതംഗജസ്യ
ശാല്യോദനം മുദ്ഗര സാജ്യമിശ്രം
പാനം ച ദദ്യാത് സഹശർക്കരം ച
പുണ്ഡ്രേക്ഷുകാണ്ഡാനി മനോഹരാണി. 7

പരിഭാഷ:

കുളിപ്പിച്ചാൽ ചെറുപയർച്ചാറോലും ചോറുനെയ്യുമായ്
നൽകുമാനയ്ക്കു പഞ്ചാരവെള്ളവും നൽക്കരിമ്പുമേ. 15

മൂലം:

ശയ്യാതോയാവലോകശ്ചലനമനുഗ്ഗണം
ഭേഷജം ധൂളിവൃഷ്ടിഃ

Digitized By Kerala Sahitya Akademi

ശാലാസ്തംഭപ്രവേശോ ഘൃതഗുളസഹിതം
ഭോജനം പൂലദാനം
നിർവ്വാണം തോയപാനം തിലജപദയുതം
ഭോജനം ചാപരാഹ്നേ
ഭൈഷജ്യം ചാഥ സംവേശനമിതി ദിനച-
ര്യ്യാ ഗജാനാം ക്രമേണ. 8

പരിഭാഷ:

കിടത്തൽ, തേച്ചുകഴക,ലിഷ്ടംപോലെ നടത്തലും,
മരുന്നുനൽക,ലുടലിൽപ്പൊടി ളുകാനയസ്സലും,
കൊട്ടിലിൽക്കെട്ടൽ, വെല്ലം നെയ്ക്കുട്ടിച്ചോറുകൊടു-
ക്കലും,
അപ്പവും ജലവും നൽകൽ, വയ്യിട്ടെറച്ചോർ
കൊടുക്കലും,
മരുന്നുനല്ലല,വ്വണ്ണമുറങ്ങാനായ്ക്കിടത്തലും,
ക്രമത്താലേ ഗജങ്ങൾക്ക ദിനചര്യ്യയിവണ്ണമാം- 18

മൂലം:

പദ്മാദ്യുത്പലനാളകന്ദകദളീ
ശാലൂക ശൃംഗാടകം
ദൂർവ്വോദുംബര സല്ലകീക്ഷുനളദ-
ന്യഗ്രോധ വേണ്വാദികാൻ
പ്ലക്ഷാശ്വത്ഥകപിത്ഥ പല്ലവ ഫലാ-
ന്യാത്തി പ്രശാന്ത്യൈ സദാ
യോഗാന്യം ഗവ: ദന്തിനാം തു മധുരാ-
ണ്യന്യാന്യഭീഷ്ടാനി ച. 9

Digitized By Kerala Sahitya Akademi

പരിഭാഷ:

പൊയ്ത്താർ ചെങ്ങഴിനീർപ്പുഷ്പവളയങ്ങളം,
കിഴങ്ങുകളം
രംഭക്കിഴങ്ങു വങ്കൊട്ടക്കിഴങ്ങും മാവുമത്തിയും
കരിമ്പീ,ന്തല്വരാമച്ചം, പേരാൽ മുള തുടന്നതും
അരയാലുവിളാവിത്തിയിവതൻ തളിർകായ്കളും
മററും മാധുര്യമുടയോരിഷ്ട വസ്തുക്കളും സദാ
ആനകൾക്കു കൊടുക്കേണമാത്തിശാന്തി
ഭവിയ്ക്കുവാൻ. 21

മൂലം:

യേ പശ്യന്ത്യുദ്ദൃശഃ കൃശാശ്ച ശിശവോ
ഭാരാർദ്ദിതാഃ പിത്തളാ
സ്തനപംഗസ്സതതാദ്ധ കർമ്മവിഹിതാ-
വൃദ്ധാ വശാനിസ്സൃതഃ
സാസൃങ് മാംസ മദക്ഷയാശ്ച വിവശാ യേ
സ്തബ്ധഗാത്രാഃ പരേ
തേഷാം സാധ്യതമം പരം ഘൃതമിതി
ബ്രൂതേ കലിംഗേശ്വരഃ 10

പരിഭാഷ:

സദാ കണ്ണീരൊലിയ്ക്കുന്നോർ, മൈചടച്ചവർ, കുട്ടികൾ
ഭാരം ഭേസിത്തളന്നുള്ളോർ, മെലിഞ്ഞോർ,
പിത്തമേറിയോർ
സദാ നടപ്പിൽക്ഷീണിച്ചോർ, പിടിയായ്ച്ചേ-
ന്നലഞ്ഞവർ,
വൃദ്ധന്മാർ മദമാംസാസൃക്ക്ഷയം പെട്ടവരാകലർ

Digitized By Kerala Sahitya Akademi

നടയും പിമ്പുറമത്തുമിളകീടാതെയായവർ
ഇത്തരം കരികൾക്കെല്ലാം നെയ്യേറെപ്പഥ്യ
മാണപോൽ. 24

മൂലം:

നാഗാനാമിഹ തണ്ഡുലസ്യ കുടബം
ദേയം ത്വണൈരാവൃതം
ത്വേകൈകം പരിവർദ്ധയേച്ച കുഡുബം
യാവദ് ഭവേദാഢകം,
ഏവം ചോദന പിണ്ഡകാന്യനുദിനം
സംവർദ്ധയേത് തദനു ദേ-
വാഹ്യാദ് ഭക്ഷണസാധനം ച വിഹിതം
സംഭാവയേത് സത്ത്വതഃ 11

പരിഭാഷ:

പുല്ലിൽപ്പൊതിഞ്ഞു നൽകേണമാനകൾക്കരി നിത്യവും
നാഴിവീതം ക്രമാലേററാം നാലിടങ്ങഴിയാം വരെ.
ഈ വിധം ചോററുരുളയുമേററിക്കൊള്ളുക നാൾക്കുനാൾ
മററു തീററികളും യുക്തിപോലെവേണം
കൊടുക്കുവാൻ. 26

മൂലം:

ഗോധൂമം ചയവം ഗുളാജ്യസഹിതം
സ്വിന്നം സദാ ദാപയേത്
തദനു കേവലതണ്ഡുലേന സഹിതം
ഗോമൂത്രസിക്തം ത്വവാ

Digitized By Kerala Sahitya Akademi

പ്രാഗപത്തത് പ്രതിവാസരം കഢുബസം-
വൃദ്ധ്യാഢകാന്തം ക്രമേ-
ണൈലതൃൃഷണഹിംഗുജീരകയുഗാ-
ജാജീവിളംഗാന്വിതം. 12

പരിഭാഷ:

യവം കലന്നാകോതമ്പം വെല്ലം നെയ്യിവകൂട്ടിയോ
അരിയോടൊത്തു ഗോമൂത്രത്താൽ നനച്ചോ പചിച്ചുടൻ
നല്കേണം നാഴികണ്ടേററി നാലിടങ്ങഴിയാം വരെ
രണ്ടുമാതിരിയായാലുമേലത്തരി, വിഴാലരി,
അയമോതക, മെന്നല്ല കായം, ത്രികടു, ജീരകം
കരീഞ്ചീരകമിച്ചൊന്ന മരുന്നുകരം കലർത്തണം. 28

മൂലം:

ഉഷസി യവസതൈലം മാത്രയാ ദ്ധ്വാഢകം
സ്യാത്
പ്രവരവയസി മധ്യേ തച്ചതുർഭാഗഹീനം
അധമവയസി തദ്വത് തത്ത്രിഭാഗോനമുക്തം
ബലമദജവകാരീ വ്യാധിവിധ്വം
സനം ച 13

പരിഭാഷ:

പ്രൗഢമായവയസ്സിങ്കൽ രണ്ടിടങ്ങഴിവീതവും
അതിൽ, മദ്ധ്യവയസ്സിങ്കൽ, നാലിലൊന്നു ചുരുക്കിയും
ജഘന്യമാം വയസ്സിങ്കൽ മൂന്നിലൊന്നുചുരുക്കിയും
ആനയ്ക്കു വയറത്തൈലം പുലർകാലത്തു നൽകണം.

Digitized By Kerala Sahitya Akademi

എന്നാൽക്കരുത്തും മദവുമുക്കമുണ്ടായിവന്നിടും
രോഗങ്ങളും മാറിടുകയും, ചെയ്യുമത്ര നരർഷഭ! 32

മൂലം:

മാനം തു മധ്യവയസഃ പലവിംശതി സ്യാ-
ദ്വ്യാധ്യൌഷധം പ്രതിദിനം പരികല്പ്യദേയം
പ്രസ്ഥദ്വയം പ്രതിദിനം തു ഘൃതാസിമാത്രാ
തദ്വൃദ്ധിഹാനികരണം ച യഥാബലം സ്യാത്. 14

പരിഭാഷ:

ശുക്കം മരുന്നിരുപതുപലം മധ്യവയസ്സതിൽ
നൈ രണ്ടിടങ്ങഴി, ബലം പോലിതേററാം
കുറച്ചിടാം. 33

മൂലം:

മാഹിഷം ദധിപിണ്യാക-
യുക്തോ ഗുളസമന്വിതം
പ്രദേയോ ബൃംഹണായാഥ
പ്രതിപാനം ച ദന്തിനേ. 15

പരിഭാഷ:

വെല്ലം ചേരുന്നതൈരിൽക്കഴച്ചെള്ളപ്പൊടി
തീററിയാൽ
തടിയ്ക്കമാന ജലവും നൽകേണമനുപാനമായ്. 34

മൂലം:

പ്രത്യരന്തി ച യവസസ്യ ച ഭാരം
തണ്ഡുലസ്യ ചതുരാഢക മുക്തം

Digitized By Kerala Sahitya Akademi

സ്നേഹമഷ്ട കഡുബം ലവണസ്യ
സ്യഃ പലാനി ദശചാപി ഗുളസ്യ. 16

പരിഭാഷ:

ഒരുകോൽ പൊക്കമൊമാനസ്സുറിയീരട്ടിടങ്ങഴി
യവസം ഭാരമൊന്നത്രേ മെഴുക്കോ രണ്ടിടങ്ങഴി
ഉപ്പും ശർക്കരയും പത്തുപലമീവീതമേകണം
പൊക്കത്തിനേററക്കുറവിലേററക്കുറവിതിന്നുമാം. 36

മൂലം:

വിളംഗാക്ഷീബകലമാഷ
മാഷഗോധൂമ സംസ്കൃതം
മോദകാത്ഥം മഹീപാല!
പിഷ്ടമാഢകമിഷ്യതേ. 17

പരിഭാഷ:

കോതമ്പു,ഴന്ത, തുവര, കടല്പപ്പു വിഴാലരി
ഇറയും ചേർത്തരി പൊടിച്ചടയുണ്ടാക്കി നല്കണം. 37

മൂലം:

ന ഭേദമായാന്തി നഖാസ്ഥലം ച
നക്ഷീയതേ നാഡ്യനി പാദ ദാഹഃ
ഭവന്തി കേശാശ്ച ന ചാസ്യ ദൃഷ്ടി-
ന്നിഹന്യതേ സന്തത പാദസേകാൽ. 18

Digitized By Kerala Sahitya Akademi

പരിഭാഷ:

സദാ കഴുകിയാൽക്കാല്വവില്ലാ ശോഷിച്ചിടാ ചടാ
നഖങ്ങൾപൊട്ടാ, രോമങ്ങൾകൊഴിയാ, ദുർഗ്ഗന്ധംവരാ. 38

മൂലം:

ത്വഗ്ദോഷബന്ധവധഭീഷണ ശോഷശസ്ത്ര-
സ്തംഭാദിജിത് ക്ഷപിത ശീതസമീരകോപഃ
സന്ധ്യംഗമാർദ്ദവകരോ ലാഘുബൃംഹണശ്ച
സ്നിഗ്ദ്ധത്വസത്ത്വ ബലസൌഖ്യ കൃദംഗസേകഃ 19

പരിഭാഷ:

സർവാംഗവും കഴുകിയാൽ ത്വഗ്ദോഷം ബന്ധ
ദോഷവും
കൊട്ടം ചടപ്പു ശസ്ത്രസ്തംഭാദിയും വായുകോപവും
തണുപ്പും വിട്ടൊഴിഞ്ഞീടും സന്ധ്യംഗങ്ങൾ മയപ്പെടും
മിനുപ്പുക്കയെവോജസ്സും തടിയും സുഖവും വരും. 40

മൂലം:

അഭീക്ഷ്ണം സാധു പശ്യന്തി
ഘൃതാഭ്യംഗേന നിത്യശഃ
അക്ഷിരോഗാ ന ജായന്തേ
സ്ഥിരാ ദൃഷ്ടിശ്ച ദന്തിനാം. 20

പരിഭാഷ:

നിത്യം നെയ്തേച്ചിലാനയ്ക്കു നല്ലകൺകാഴ്ച കിട്ടിടും
കണ്ണിൽ ദീനങ്ങളുണ്ടാകാ ദൃഷ്ടിയ്ക്കുണ്ടാമുറപ്പുമേ. 41

Digitized By Kerala Sahitya Akademi

മൂലം:

> സ്ഥിരവേഷ്ടൌ ദ്രഢൌ ദന്തൌ
> സ്നിഗ്ദ്ധൌ വ്യഥനവർജ്ജിതൌ
> ദന്താഘാത സമർത്ഥൌ ച
> ദന്താഭ്യംഗേന നിത്യശഃ 21

പരിഭാഷ:

> കെല്പേറ്റുള്ള ചീളികളുറച്ചുടരാതായ് മിനുപ്പോടും
> കുത്താൻ ശക്തങ്ങളാം നിത്യമെണ്ണതേപ്പാലെ
> കൊമ്പുകൾ. 42

മൂലം:

> ജയതി ച ബഹുഭുക്തം ശോധനം മൂത്രവസ്ത്യോ:
> കൃമികൃദനിലഹാരി വ്യാധി വിധ്വംസനം ച
> അരുചി ശമനമാശു ക്ലേദനം വാരണാനാം
> ലവണമമൃതതുല്യം വക്തിധർമ്മാവതാരേ! 22

പരിഭാഷ:

> ഉപ്പേകിയാലജീർണ്ണം പോം മൂത്രവസ്തിയ്ക്കു ശുദ്ധിയാം
> രോഗങ്ങൾമാറും കൃമിയും വായുകോപവുമററിടും;
> അരോചകം ശമിച്ചീടും, മലാദിയ്ക്കുയവും വരും,
> ചൊല്ലീ ധർമ്മാവതാരത്തിലാനയ്ക്കുപ്പമൃതെന്നു താൻ. 44

മൂലം:

> പൂർവാഹ്നഭക്തേ ലവണം
> വർജ്ജയേദ്ദോഷവർദ്ധനം

Digitized By Kerala Sahitya Akademi

അപരാഹ്നേ തു ലവണം
ദീപനം ദോഷനാശനം. 23

പരിഭാഷ:

കാലത്തുചോർ നെയ്കൂട്ടുക്കമ്പോൾപ്പിട്ടാൽദ്ദോഷവൃദ്ധിയാം
വയ്യിട്ടപ്പിട്ടുകിൽദ്ദോഷം ശമിയ്ക്കും ദഹനംവരും. 45

മൂലം:

ഹിതമിഹ സസിതംഘൃതം പയോഭിർ-
ന്നിഹിതമനപ്ലുതരേഷു ഭോജനേഷു;
കഥയതി പരിപൂജിതം ച ദുഗ്ധം
കരടിഷു പാനവിധൌ മുനിഃ സുശീതം. 24

പരിഭാഷ:

പാൽ നെയ് പഞ്ചാരയും കൂട്ടിച്ചൂടില്ലാച്ചോർ കൊടുപ്പതും
തണുത്തപാലേകവതുമാനയ്ക്കു ഹിതമാണപോൽ. 46

മൂലം:

ബാലാതപശ്ശശികലാരുചിരശ്ച ശാലി-
ർഗ്ഗോധൂമധാന്യമപി യത് കൃമിഭിർന്ന ദുഷ്ടം
സ്വിന്നൈരമീഭിരുപകൢപ്തമനല്പമാംസം
ഭോജ്യം ഗജസ്യ വിനിയോജ്യമിഭാഗ
മജ്ഞൈഃ 25

പരിഭാഷ:

ബാലാതപാഖ്യംകാർകോകിലരി, ചെന്നെല്ലിന്നുള്ളരി
പുഴുകത്താത്തകോതമ്പം വറുത്തിവപൊടിച്ചതും

Digitized By Kerala Sahitya Akademi

പെരുത്തുമാംസവുംകൂട്ടി വേവിച്ചാനസ്സതിന്നുവാൻ
നല്കീടുന്നതുനന്നെന്നാം ഗജശാസ്ത്രജ്ഞർ തൻമതം. 48

മൂലം

കല്യാണാനാം തു ദദ്യാത് ത്രികടുകരജനീ-
ദ്വന്ദ്വകുഷ്ഠാജമോദ-
പ്രത്യക്പുഷ്പാകരഞ്ജദ്വയലശുനവചാ-
സ്ഥാവനീരാമഠാനാം
സിദ്ധാർത്ഥാരിഷ്ടബീജജ്വലനപടുവരാ-
ലോഹരേണുക്രിമിഘ്ന-
ന്യഗ്രോധീനാം ച ചൂർണ്ണം തിലരസ സഹിതം
ശസ്തമേതത് പ്രബോധേ. 26

പരിഭാഷ:

മരമഞ്ഞൾത്തൊലി, വയമ്പ്, ഞെരിഞ്ഞിൽതൊലി, യവാതകം
വരട്ടുമഞ്ഞൾ, വലിയ്ക്കടലാടി, വിഴാലരി,
കൊടുവേലിക്കിഴങ്ങിന്തിപ്പിരുമ്പിൻപൊടിയോരില
കൊട്ടം ത്രിഫലയാവൽത്തോൽ കായം, കടുക്, മുക്കടു
നാല്പാമരത്തിൻ തോലു, ള്ളി, വേപ്പിൻകുരുവിതൊക്കവേ
പൊടിച്ചെണ്ണയിലേകേണം സ്വസ്ഥതന്തിസ്സു
രാവിലെ. 51

മൂലം:

ഏലാവയാലശുനസൈന്ധവനാഗരൈശ്ച
സിദ്ധാർത്ഥഹിംഗുമരിചക്രിമിശത്രുഭിശ്ച
കൽകം തു തൈലലുളിതം കബളം ഗജായ
സപ്ഘോത്ഥിതായ വിതരേത് കഫവാതശാന്ത്യൈ 27

Digitized By Kerala Sahitya Akademi

പരിഭാഷ:

കായം, കടുക, ചുക്കി,ന്തുപ്പേ,ലത്തരി, വിഴാലരി
മുളക,ള്ളിവയമ്പെന്നിതെല്ലാം നന്നായ് പൊടിച്ചുടൻ
എണ്ണയും ചേർത്തുരുട്ടീട്ടു പുലരുമ്പോഴാം കൊടുക്കണം
കഫവാതാമയംപെട്ട കരിക്കു കരുണാനിധേ! 53

മൂലം:

പ്രാതസ്സാജ്യഗുളം ശരത്സുവിഹിതം
ഗ്രീഷ്മേ ച ശാല്യോദനം
സായം തല്പവണേന തൈലസഹിതം
ചാന്യേഷു തദ്വ്യത്യയാത്
കല്മാഷം ഗുളയുക്തമോദനയുതം
ചാദാപയേദ് ദന്തിനാം
തത്തേജോബല വഹ്നികൃദ്ഗുളയുതാ-
നന്യാൻ പരാഗാനപി. 28

പരിഭാഷ:

ശരൽഗ്രീഷ്മങ്ങളിൽക്കാലേ നെയ്വെല്ലങ്ങളാം
കലത്തിയും
വയ്ക്കിട്ടെണ്ണയുമിന്തുപ്പും കൂട്ടിയും മററൃതുക്കളിൽ
നേരേമറിച്ചുമാനയ്ക്കു ചോറേകേണം മഹീപതേ!
വെല്ലവും നല്ല തുവരപ്പരിപ്പും ചേർത്ത ചോറിനാൽ
തേജസ്സഗ്നിബലവും കരുത്തുമുളവായിടും,
കഴിപ്പിയ്ക്കാം ഗുളംകൂട്ടി മററു ചൂർണ്ണങ്ങളേയുമേ. 56

Digitized By Kerala Sahitya Akademi

മൂലം:

സഞ്ജാതവീര്യരസഗുല്മ ലതാപ്രതാന-
ഭോജീ തുഷാരശിശിരാക്കകരേ ഹിമത്തൌ
ജം ബാളപാംസു ജലകേളികുതൂഹലേന
പ്രായഃ കഫോപചയ മേവ ഗജോ ബിഭർത്തി. 29

പരിഭാഷ:

മഞ്ഞിനാൽ വെയിലിൻ ചൂടുകുറയും തുഹിനത്തുവിൽ
വീര്യവും രസവും പൂണ്ടപടലും പലവള്ളിയും,
തിൻകയാലും ചളിപൊടിനീർകളിൽക്കളിയാലുമേ
മിക്കവാറും ഗജങ്ങൾക്കു കഫം വദ്ധിച്ചുവന്നിടും. 58

മൂലം:

യാ ജാംഗലസ്ഥലഭുവോ വിലസന്തി ദേശേ
തത് സംഭവേന യവസേന ശരീരവൃത്തിഃ
പാദേഷു മൂദ്ധ്നി ഗജസ്യ ഹിതശ്ച സേക-
സ്തൈലാന്വിതേന ച മഷീ പടലേന
ലേപഃ 30

പരിഭാഷ:

അപ്പോഴം * ജാംഗലദേശത്തുണ്ടാകും വയറതീററന്നം
കാൽമൂദ്ധാക്കളെ നനയ്ക്കണം, സതൈലമഷി
തേയ്ക്കണം. 59

* ജാംഗദേശം = മരം കുറഞ്ഞു കാറേറല്ക്കുന്ന പ്രദേശം.
സതൈലമഷി = മഷിയുണ്ടാക്കി എണ്ണയിൽ കുഴച്ചു
തേയ്ക്കുക.

Digitized By Kerala Sahitya Akademi

മൂലം:

*സ്വച്ഛന്ദരീചിത്രകവാജിഗന്ധാ-
കാർപ്പാസദന്തീ രജനീവരാണാം
മഷിപ്രലേപസ്തിലതൈലയുക്തഃ
സ്തംബേരമാണാം ശിരസി പ്രശസ്തഃ 31

പരിഭാഷ:

വരട്ടുമഞ്ഞളും, ത്രിഫല, കൊട്ടംവേലിക്കിഴങ്ങുമ
ഇരട്ടിമധുരം, നല്ല പരുത്തിക്കുരു, ചുണ്ടലി,
അമുക്കുരമിവററിൻെറ മഷിയെള്ളിൻെറയെണ്ണയിൽ
ചാലിച്ചുതലയിൽത്തേച്ചാലാനയ്ക്കു കഫബാധപോം. 61

മൂലം:

ശാലാ ഛന്നാ സവഹ്നിസ്ത്രികടുപടുയുതാ
വാരുണീ വാ പ്രസന്നാ
മന്ദോഷ്ണാ സായമന്നം ദധിരസസഹിതം
കംബളൈരാവൃതിശ്ച
ഇക്ഷോരസ്സേവാ സമാത്രാ കബള * കവലയോഃ
ശീലനം നിത്യചാരഃ
പാഥഃ ക്രീഡാ വിമുക്തിര്യ്വ സ പരിഹൃതി-
ശ്ശൈശിരോ f യം വിധിസ്സ്യാത്. 32

---

*സ്വച്ഛന്ദനീ എന്നു ഗ്രന്ഥാന്തരപാഠം. ഛുച്ഛുന്ദരീ എന്നു മുദ്രിതപാഠം. *മുകുളയോഃ എന്നു ഗ്രന്ഥാന്തരപാഠം.

25

Digitized By Kerala Sahitya Akademi

പരിഭാഷ:

മഞ്ഞത്താക്കൊട്ടിലിൽപ്പാർപ്പിക്കലു,മിന്നുപ്പൂക്കളെ
കൊട്ടവേലിക്കിഴങ്ങെന്നീ മരുന്നുകരം പൊടിച്ചതും
ചേർത്തുള്ള മദ്യമോ മദ്യത്തെളിതാനോ കൊടുക്കലും
തൈർചാറുമൊത്തിളം ചൂടാം ചോറുവയ്പിട്ടനല്കലും
കരിമ്പടംകൊണ്ടു പുതപ്പിക്കലും മിതമാംവിധം
കരിമ്പു തീററലുരുളമൊട്ടെന്നിവ കൊടുക്കലും
നിത്യം നടത്തലുചിത ശിശിരത്തുവിലെ ക്രമം;
അന്നാനസ്സു ജലക്രീഡവസ്സാ, വയറതിന്നലും. 65

മൂലം:

ഉദ്യാനേഷു സുഗന്ധിഷു പ്രതിദിനം
വാസസ്സഗോധൂമകം
ശാല്യന്നം ദധിതൈലയുക്തമശനം
ഭോരാദ്ധ്യകമ്മാല്പതാ
നാഗാനാമവഗാഹനം ഹിതകരം
നദ്യാദിഷു സ്വേച്ഛയാ
ഖാദ്യാസ്തത്ര ബലാകളായ ചണകാ-
വാസന്തി കോ ƒ യം വിധിഃ 33

പരിഭാഷ:

പതിവായ്പ്പൂമണം കോലുമുദ്യാനങ്ങളിൽ നിർത്തലും,
കോതമ്പം ചേർത്തചോർ തൈരുമെണ്ണയുംകൂട്ടി
നൽകലും.

Digitized By Kerala Sahitya Akademi

നടത്തൽ ഭാരം ഭേസിയ്ക്കലിവയൊട്ടു കുറയ്ക്കലും
പുഴവെള്ളത്തിലും മററും യഥേഷ്ടം മുഴകിയ്ക്കലും
വിതപ്പയർ കറുന്തോട്ടി കടലയ്ക്കകൾ തീററലും
വസന്തകാലത്താനയ്ക്കു വിധിച്ച ദിനചര്യപോൽ. 68

മൂലം:

അദ്ധ്വാപൂരണമംബുപൂരിതദൃതി-
സ്യന്ദക്രിയാ മസ്തകേ
ലേപോ മൂർദ്ധ്നി സർപ്പിഷാ ച ശതധൌ-
താജ്യേന കാലത്രയേ
ശീതാംശോഃ കരസങ്ഗതിശ്ച സഗുള-
ജ്യം സക്തു സംസേവനം
സ്ഥാനം ശീതളമംബു പങ്ക വിഹൃതിഃ
സോ ƒ യം വിധിർഗ്രൈഷ്മികഃ 34

പരിഭാഷ:

വേനല്ക്കുതും വഴിനടത്താതിരിയ്ക്കണമാനയെ;
തോല്ക്കുടത്തിൽ നിറച്ചോരു നീരാൽത്തല നനയ്ക്കണം;
ശതംധൌതഘൃതം മൂർദ്ധ്നി തേയ്ക്കണം മൂന്നുനേരവും
നിലാവേല്പിയ്ക്കണം, ശൈത്യമെഴുന്നേടത്തു നിർത്തണം,
നെയ്യും ശർക്കരയും കൂട്ടി മലർപ്പൊടി കൊടുക്കണം
വെള്ളത്തിലും ചളിയിലും കളിയാടാനയയ്ക്കണം. 71

മൂലം:

കൂപോത്ഥം സലിലം തൃണം സ്ഥലഭവം
പംകോജ്ഝിതഞ്ചാസ്പദം

Digitized By Kerala Sahitya Akademi

ശാലായാമപി മക്ഷികാ മശകയോ-
ന്നാശായ ധൂമോദ്ഗമഃ
വസ്ത്ര്യാസ്ഥാപനകർമ്മ ജാംഗലരസ-
സ്നേഹാനപീതഞ്ചോദനം
യൂഷോ ജാഠരവഹ്നിവർദ്ധനകര-
ശ്ചായം വിധിർവാർഷികഃ 35

പരിഭാഷ:

പാറപ്പിലെപ്പുൽത്തീറ്റാണം കിംനർവെള്ളം
കൊടുക്കണം,
കെട്ടേണം വൃത്തിയുള്ളേടം കാട്ടിലൊട്ടിട നിത്തണം,
കൊതുകീച്ചകളേല്ക്കായ്‌വാൻ കൊട്ടിലിങ്കൽപ്പുകയ്ക്കണം;
മെഴുക്കം ജാംഗലച്ചാറും കലത്തിച്ചോർകൊടുക്കണം;
വേണം ചെറുപയർച്ചാറും ജഠരാഗ്നി വളന്നിടാൻ;
മഴക്കാലത്തിതാകുന്നു കരിക്കു ദിനചര്യപോൽ. 74

മൂലം:

ആകണ്ഠം ഭ്രമരമഞ്ജരീസ്ഫുടരസ-
ശ്ശാലിസ്സശീതാസ്പദം
ദേയാഃ സപ്രസവാശ്ച മാഷസഹിതാ-
മുദ്ഗാ മകുഷ്ഠാദയഃ
ഗോധൂമസ്സലിലാപ്ലുതഃ[1] പ്രതി[2]ദിനം
സായം സ ഏവാശനം

---

1 തിഃ പാഠഭേദം 2 നയേൽ മുദ്രിതപാഠം

Digitized By Kerala Sahitya Akademi

3സ്വിന്നക്ഷീരയുതസ്തഥാ ഘൃതരസാ-
ഢ്യശ്ശാരദോ ƒ യം വിധിഃ 36

പരിഭാഷ:

ആ കണ്ണാപ്പട്ടലായ് സ്വാദ്ദക്കൂടും നെല്ല് കളിർസ്ഥലം,
പൂവും കായും പെട്ടമുഴന്നേ,വം പയറുതൊട്ടതും
നീരിൽക്കതിർത്ത കോതമ്പും വൈകുന്നേരം
ശരത്തിതിൽ
പാൽ നൈമാംസരസം ചേർത്ത കോതമ്പച്ചോറു
മുത്തമം. 76

മൂലം:

സേവാബാലാതപസ്യ പ്രസഭജലചരാ-
നൂപജോ വേശവാര-
സ്തൈജ്ഞഃ പാഥസ്യഗാധേ സകൃദപി കരിണാം
ശസ്യതേ ചാവഗാഹഃ
സ്നേഹസ്തൈലേന കാര്യ്യശ്ശിരസി ച സതതം
ഹൈമനോയം വിധിസ്സ്യാ-
ദേവം സർവ്വർത്തുചര്യ്യാ ക്രമശഇതി ബുധൈ-
ർദ്ദിശിതാ വാരണാനാം. 37

പരിഭാഷ:

ഹേമന്തകാലത്തുകരിക്കിളംവെയിലത്തു നിത്തലും
പ്രസഹാംബുചരാനൂപമാംസത്തിൻ വേശവാരവും

---

3 സ്വിന്നക്ഷീരയുതം തഥാ ഘൃതരസാഢ്യം - മുദ്രിത പാഠം, സ്വിന്നക്ഷീരയുതം - ഗ്രന്ഥാന്തരപാഠം

4 സഹജ - ഗ്രന്ഥാന്തരപാഠം

Digitized By Kerala Sahitya Akademi

അഗാധമാം ജലത്തിങ്കലൊരിയ്ക്കൽ മുഴകിയ്ക്കലും
നിത്യം തലയ്ക്കെണ്ണതേപ്പും വേണ്ടതാകുന്നു മന്നവ! 78

മൂലം:

ഭീരുർഭിന്നനഖോ f നവസ്ഥിത മനാഃ
പ്രത്യത്ഥവേദീ ചലത്-
സ്ഥൂലാംഘ്രിഃ പരുഷച്ഛവിന്ന സഹന-
സ്ബ്ധാല്പ രോമോത്സുകഃ
ലക്ഷ്യസ്നായുസിരോ വിരൂക്ഷരദനഃ
ശീഘ്രോ വിരൂപേക്ഷണോ-
ദ്രമേധാ വിഷമശ്ച കർമ്മസു ഗജോ-
യസ്സഃ സ്മൃതോ വാതികഃ 38

പരിഭാഷ:

ഭീരുവായ് നഖംപൊട്ടിയോനായ്, പ്രത്യത്ഥ
വേദിയായ്
ഉള്ളാടി,ക്കാൽക്കവിറയും തടിയുംപൂണ്ട വേഗിയായ്,
രോമംകുറഞ്ഞു സ്തംഭിച്ചും നിറപ്പുഴപ്പറപ്പൊട്ടം
സഹനം വിട്ടു,ഴറിയും മിന്നസംവിട്ട കൊമ്പുമായ്,
സ്നായുവും സിരയുംപൊങ്ങിബ്ഭംഗിയില്ലാത്ത
കണ്ണോട്ടും
തൊഴിൽതോറും വിഷമനായ്ദുഷ്ടനാമാന
വാതികൻ. 81

മൂലം:

ചണ്ഡാ നിർമ്മണ്ഡിതാക്ഷസ്തനുകരരദന.
താങ്നഖശ്രോത്രരോമ-
ഗ്രീവാഗാത്രാപരാംഘ്രിർബഹുളഭുഗരുണദൃഗ്
ദുർബലോ ബഹുളീക;

Digitized By Kerala Sahitya Akademi

ഷരായേച്ചുർദ്വേഷ്ടി ഘര്‌മ്മം വ് സൃജതി ന ചിരാ-
ദ്ദാനമുത്താനവേദീ
ഹീയേതോച്ചൈഃ പ്രഹീണം ശ്രയതിപുനരിഭഃ
പൈത്തികോ നാതിശോഭഃ 39

പരിഭാഷ:

ചണ്ഡൻ, കണ്ണിന്നുചലമേററോൻ, തുമ്പിക്കൈകൊമ്പു
തോൽ നഖം
രോമം, കാൽ, ചെവി, പിൻഭാഗം, കഴുത്തിവ
മെലിഞ്ഞവൻ
ഏററെത്തിന്മോൻ തുടുംകണ്ണൻ ദുർബലൻ ചതിയേറി
യോൻ
ചൂടിൽ നില്ക്കാതെ തണലിൽ നില്പോൻ ദ്രുത
മദോദ്ഗ്രമൻ
ഹീനൻ ഹീനഗജച്ചേർച്ചകൊതിംവോനത്താനവേദനൻ
ദേഹശോഭകുറഞ്ഞുള്ളോൻ പിത്തപ്രകൃതിയാംഗജം. . 8

മൂലം:

ഹയ്യക്ഷസ്സമഹാംഗുലീകരശിരഃ
കുംഭാദിരീഷത്പ്രിയോ-
നാതിക്രുദ്ധ്യതി മന്ദവഹ്നിരഭയോ
ഗംഭീരവേദീ സ്ഥിരഃ
അക്ഷോഭ്യഃ സുമുഖോ വിലീനതരളോ
വീണാദിഗീതപ്രിയഃ
പീനസ്സിഗ്ദ്ധരദോ / തി മന്ദഗമനഃ
കാമീ ഗജഃ ശ്ലേഷ്മളഃ 40

Digitized By Kerala Sahitya Akademi

പരിഭാഷ:

തുടുപ്പും വെണ്മയും പൂണ്ട കണ്ണുള്ളോൻ സുമുഖൻ സ്ഥിരൻ
കുംഭവും തലയും തുമ്പിക്കയ്യും മററും തടിച്ചവൻ
ഗംഭീരവേദി തെളിവും കോപവും കറവായവൻ
പേടിവിട്ടോൻ കലങ്ങാത്തോൻ മന്ദാഗ്നിജലദസ്വനൻ
മെല്ലെ മെല്ലേ നടക്കുന്നോൻ വീണാഗാനാദിതൽപരൻ
മിനുത്തു ചീർത്ത കൊമ്പുള്ളോൻ കാമി ദന്തി
കഫാധികൻ. 87

മൂലം:

മധ്വക്ഷിദന്തഃ സമസുസ്ഥിതാംഗഃ
ശൂരഃ കൃശോ ഭൂരിമദഃ സമാഗ്നിഃ
അനാത്ഥവേദീ ച സ ചാപവംശഃ
സമഃ പ്രകൃത്യാ ഭവതി ദ്വിപോ ƒ യം. 41

പരിഭാഷ:

തേനിൻ നിറത്തിലാം കൊമ്പും കണ്ണുമുള്ളോൻ
മദോൽക്കടൻ
കെല്ലൊത്തംഗങ്ങളൊത്തുള്ളോൻ സമാഗ്നിതടി
യൊത്തവൻ
വില്ലുപോലേ വളഞ്ഞുള്ള മുതുകെല്ലുമെഴുന്നവൻ
അനാത്ഥവേദനൻ ശൂരൻ സമപ്രകൃതിയാം ദ്വിപം. 89

മൂലം:

വികൃതിം ദോഷദൂഷ്യാണാം
ലക്ഷണാനാം ഫലാഫലം

Digitized By Kerala Sahitya Akademi

മുനയോ നൈവ ജാനന്തി
തത്ത്വതഃ കിന്നു മാനവാഃ?

പരിഭാഷ:

ദോഷദൂഷ്യപ്രകൃതിയും ലക്ഷണങ്ങടെ തത്വവും
ശരിയായിട്ടറിയുവാൻ മുനികൾക്കും കഴിഞ്ഞിടാ. 90

മൂലം:

നാഗാനാം വനവാസ ഏവ വിഹിത-
സ്തസ്യാപ്യലാഭാദസാ-
ത്മ്യാകാമാശനപാനതശ്ച വിഷമാ-
ജീർണ്ണാദിഭിർഭോജനൈഃ
ദുസ്ഥാനേഷ്വടനാദിഭിശ്ച ശയനീ-
ദ്ദോഷാസ്സമീരാദികാ:
കുപ്യന്ത്യാശ്രു ശരീരമാനസഭവാൻ
രോഗാംശ്ച കുർവന്തി ച. 43

പരിഭാഷ:

കാട്ടിൽപ്പാർപ്പേ സുഖം ദന്തി,ക്കതു കിട്ടാതിരിക്കിലും
അസാത്മ്യാനിഷ്ട വിഷമാജീർണ്ണാദ്യശനപാനവും
നടപ്പും വഷളാം ദിക്കിൽക്കിടപ്പുമിവമൂലമായ്
കോപിച്ചീടും ത്രിദോഷങ്ങളുണ്ടാക്കും പലരോഗവും. 92

മൂലം:

മൂത്രക്ഷരണതോ നിത്യം
കോശോ മത്തസ്യപ ച്യുതേ

Digitized By Kerala Sahitya Akademi

ഗൈരികസ്യ പലേനാസ്യ
സദാ സാജ്യേന സേചനം. 44

പരിഭാഷ:

മൂത്രം സദാവരുകയാൽ മത്തന്നു കണചീഞ്ഞിടും
അപ്പോഴം നൈചേത്താരു പലം കാവിപ്പൊടി
പുരട്ടണം. 93

മൂലം:

ആ ചൂഷണഞ്ചാക്ഷി നിമീലനശ്ച
ഘ്രാണം തഥാ ഭ്രൂമുഖാനിലാനാം
ആലസ്യമാസ്യാന്തരശോഷണഞ്ച
കണ്ണാഗ്രയോഃ സ്യന്ദനമപ്യരാഗഃ 45
മുഹുർമ്മുഹുശ്ചൈവ വിജൃംഭണഞ്ച
ധ്യാനഞ്ച പാംസോഃ പരിമർഷണഞ്ച
മൂത്രാരുണത്വം നയനാരുണത്വം
തൃഷ്ണാഭിഭൂതസ്യ ഗജസ്യ ചിഹ്നം. 46

പരിഭാഷ:

തുമ്പിക്കൈത്തല വായിൽച്ചേർത്തീമ്പലും, കണ്ണടയ്ക്കലും,
വായ്‌വരൾച്ച, ചെവിത്തുമ്പിന്നിളക്കമെലസത്വവും
പേർത്തും പേർത്തും വലിയലുമശ്രദ്ധ പല ചിന്തയും
മണ്ണിൽത്തപ്പിടലും മൂത്രം കണ്ണെന്നിവ ചുടക്കലും
ഉറക്കമില്ലായ്മ, കളിയ്ക്കുന്നതിന്നേറെമിച്ഛയും
കണ്ടാലാനയ്ക്കു നീർദ്ദാഹമുണ്ടെന്നായിദ്ധരിയ്ക്കണം. 96

Digitized By Kerala Sahitya Akademi

മൂലം:

വ്രണാസ്സർവേ ജലേനൈവ
പ്രായോ രോഹന്തി ദന്തിനാം
നശ്യന്തി ക്ഷുൽപിപാസാദ്യാഃ
പദ്മയോനേരനുഗ്രഹാൽ. 47

പരിഭാഷ:

വ്രണമെല്ലാം ജലത്താൽത്താനുണങ്ങും ദന്തികൾക്കെടോ
പൈദാഹാദികളും മററും പത്മജാനുഗ്രഹത്തിനാൽ. 97

മൂലം:

പ്രായശഃ കൃമിജാരോഗാ-
ഭവന്ത്യാഗപ ദന്തിനാം
തസ്മാൽ കൃമിഹരാണ്യേവ
നിത്യം ദേയാതി ദന്തിനാം. 48

പരിഭാഷ:

മുക്കാലും വാരണങ്ങൾക്ക രോഗങ്ങൾ കൃമിമൂലമാം;
അതിനാലെന്നുമേകേണം കൃമിഘ്നങ്ങളൌഷധങ്ങൾ
താൻ. 98

മൂലം:

ഹിംഗ്വഷ്ടകം ചൂർണ്ണരാജം
സപ്തവിംശതി ഗ്ഗുല്ഗുലു
ഇത്യാദീനി ച ചൂർണ്ണാനി
ദദ്യാത്തൈലഘൃതാനി ച. 49

Digitized By Kerala Sahitya Akademi

പരിഭാഷ:

ഹിംഗ്വഷ്ടകം, ചൂൎണ്ണരാജം സപ്തവിംശതി ഗ്ഗുല്ഗ്ഗുലു
എന്നതൊട്ടാപ്പൊടികളും നല്ലണം നെയ്യുമെണ്ണയും 99

മൂലം:

പാകലാഖ്യജ്വരം മൎത്ത്യ-
ജ്വരോക്തൈരേവ ലക്ഷണൈ:
ലക്ഷയേത് കരിണാം തസ്മാൽ
തദേവ ച ചികിത്സിതം. 50

പരിഭാഷ:

മൎത്ത്യജ്വരത്തിൻ ചിഹ്നങ്ങൾ താൻ കാണാം
പാകലത്തിനും
അതിൽ ചികിത്സതാനപ്പോളാനകൾക്കാ
ചരിക്കണം. 100

മൂലം:

യേയേ ഭേദാ മാനുഷേഭ്യോ ഗജാനാം
തേതേ പ്രോക്താ ദോഷദൂഷ്യാദികേഷു.
തസ്മാത് തജ്ജ്ഞൈർവ്യാധിഭേദം വിദിത്വാ
മൎത്ത്യാനാമേവാത്ര കാൎയ്യാ ചികിത്സാ. 51

പരിഭാഷ:

ഭേദങ്ങൾ മാനുഷരിൽനിന്നു കരിക്കു ദോഷ-
ദൃഷ്യാദികങ്ങളിലെഴുന്നതു ചൊല്ലിയല്ലോ;
തന്മൂലമാമയവിശേഷമറിഞ്ഞുവെച്ചു
ചെയ്യേണമിങ്ങു ബുധർ മൎത്ത്യചികിത്സതന്നെ. 101

പതിനൊന്നാം പടലം കഴിഞ്ഞു.

Digitized By Kerala Sahitya Akademi

പന്തിരണ്ടാം പടലം

ആധോരണാദിവിചാരം

മൂലം:

നാഗാധ്യക്ഷസ്തു ധീമാൻ നരപതി സദൃശോ
ധാർമ്മികഃ സ്വാമിഭക്തഃ
ശുദ്ധസ്സത്യപ്രതിജ്ഞോ വ്യസനവിരഹിത-
സ്സംയതാക്ഷോ വിനീത:
ഉത്സാഹീ ദൃഷ്ടകർമ്മാ പ്രിയവചനരത:
സദ്ഗുരോരാത്തശാസ്ത്രോ
ദക്ഷോ ധീരശ്ശരണ്യോ ഗദഹരണചണോ
നിർഭയസ്സർവവേത്താ- 1

പരിഭാഷ:

ബുദ്ധിമാനായി രാജാവെപ്പോലെയായ് സ്വാമി
ഭക്തനായ്
ശുദ്ധനായ്ധർമ്മപരനായ്സ്സത്യവ്യസനഹീനനായ്
നേരും താഴ്മയുമുള്ളോനായ് വിജിതേന്ദ്രിയവർഗ്ഗനായ്
ഉത്സാഹിയായ്ക്കൈകണ്ടോനായ് നല്ലവാക്കോത്തു
വോനുമായ്
ശാസ്ത്രത്തെസ്സൽഗുരുവിൽനിന്നഭ്യസിച്ചുള്ളൊരു
ത്തനായ്
രക്ഷിപ്പാൻ ത്രാണിയുള്ളോനായ്ദക്ഷനായ്ധൈര്യ
ശാലിയായ്
രോഗങ്ങടം മാററാൻ വൈദഗ്ധ്യമുള്ളോനായ്
ബ്ഭയഹീനനായ്
സർവജ്ഞനായിരിക്കേണമത്രേ പാപ്പാനരിന്ദമ! 4

Digitized By Kerala Sahitya Akademi

മൂലം:

ശിക്ഷാപ്രക്രമദക്ഷമംകശഗദാ-
സഞ്ചാരണപ്രക്രിയാ-
ഭേദജ്ഞം ബലദേശകാലനിപുണം
ദാനക്രിയാദക്ഷിണം
ആരോഹേഷ്വവരോഹണേഷു കുശലം
ശാന്തം വയോമർമ്മണാം
ജ്ഞാതാരം മുനയോ വദന്തി നൃപതേ
ത്വാധോരണം ദന്തിനാം. 2

പരിഭാഷ:

പാവഭ്യസിപ്പിപ്പതിനും വളർത്താട്ടികളാൽപ്പരം
നടത്താനും മിടുക്കൊത്തു ദേശകാലബലജ്ഞനായ്
മദക്രിയാകോവിദനായ് വയോമർമ്മവിവേകിയായ്
കേറുവാനുമിറങ്ങാനും വിരുതേറിടുവോനുമായ്
ശാന്തനാകിയ പാപ്പാനെയാനകൾക്കാക്കണം നൃപൻ
എന്നത്രേ മാമുനിശ്രേഷ്ഠൻ ചൊല്ലുന്നു ഭൂമിവല്ലഭ! 7

മൂലം:

രേഖാവാനപി യുക്തിമാംശ്ച ബലവാൻ
യന്താ ത്രിധേത്യഗ്രിമോ-
നാഗസ്യൈവമു വർത്തതേ ന ഗുണമാ-
ത്രാത്മേഭയോർമ്മധ്യമഃ
പാശ്ചാത്യോ നിജബുദ്ധി ശക്തി വിഭവേ
നൈവേതി തേ ഹസ്തിപാഃ

Digitized By Kerala Sahitya Akademi

കല്ല്യാശ്ചോത്തമ മധ്യമാധമതയാ
വർജ്യോ f ത്ര തേഷ്വന്തിമഃ 3

പരിഭാഷ:

ഏതാനക്കാരനോ തന്റെ ധീശക്തിവിഭവങ്ങളാൽ
ഗജത്തിൻ ഹിതമേ ചെയ്യും 'രേഖാവാ'നെന്നവന്നു
പേർ
രേഖാവാനുത്തമനതിൽ യുക്തിമാൻ മധ്യമൻ പ്രഭോ!
ബലവാനധമൻ വർജ്യൻ മുമ്മട്ടേവം നിഷാദികം. 9

മൂലം:

ആരോഹേഷ്വവരോഹണേഷു കരിണാം
സ്കന്ധാസനേ ചാസനേ
പാശ്ചാത്യേപി ച ചോദനാസു വചസാ
പാശാംകുശാദ്യാമപി
വീഥീമണ്ഡലയാനധാവനവിധൌ
വ്യാവർത്തനേ ധാരണേ
പ്രത്യർത്ഥിദ്വിപയോധനേ ച കുശലോ
യന്താ ദ്വിപാം ദുർജ്ജയഃ 4

പരിഭാഷ:

കേറുവാനുമിറങ്ങാനും പിമ്പുറത്തും കഴുത്തിലും
ഇരിപ്പാനും തോട്ടി കാൽ വാക്കിവയാൽ
പ്രേരണത്തിനും
നീളത്തിൽ വട്ടത്തിലുമേ നടത്താനും ഗജങ്ങളെ
പായിപ്പാനും തിരിപ്പാനും ഭേസിപ്പതിനുമങ്ങിനെ

Digitized By Kerala Sahitya Akademi

എതിരെത്തത്തും കരികളോടമർചെയ്യിപ്പതിന്നുമേ
ശീലമേറിയ പാപ്പാന്മതോലിപററാ രിപുക്കളാൽ. 13

മൂലം:

വശേകർവൻ വ്യാളാനകലിതമദാനാശ്ച മദയൻ
വിതന്വൻ മാതംഗാൻ ജവനരഹിതാനാത്തരഭസാൻ
നിരീഹാനാഹന്തും വിദധദധികം ഘാതനിപുണാൻ
ഗജാരോഹേദക്ഷഃ ക്ഷിതിപതിജനാനാമഭിമതഃ 5

പരിഭാഷ:

പിണങ്ങിയാലിണക്കാനും മദമില്ലാഗ്ഗജങ്ങളെ
മദിപ്പിപ്പതിനും, വേഗം നിർവേഗക്കേററുവാനുമേ
കൊൽവാൻ പോരാത്തവർകളെക്കൊൽവോരാക്കാനു
മങ്ങിനെ
പുറത്തേറാനുമാളാകം പാപ്പാൻ പാർത്ഥിവസമ്മതൻ. 15

മൂലം:

മാതംഗാസ്ത്രിവിധാസ്ത്രയഃ പ്രണിധയഃ
സ്ഥിസ്രോ ഗതിപ്രക്രിയാ.
സ്ത്രീണി പ്രസ്ഫുടമാസനാനി പുരതഃ
പഞ്ചൈവ പശ്ചാദപി
ഷഡ്ഭേദാംകുശചാരണാ ഗതിഗതാ-
ഭേദാഃ പുനഃ പഞ്ചധാ
സ്യാദാരോഹണമഷ്ടധാ ദശവിധഃ
പ്രോക്തോ f വതാരക്രമഃ 6

Digitized By Kerala Sahitya Akademi

പരിഭാഷ:

ഗജങ്ങളും പ്രണിധിയും നടയും മുന്നിരിപ്പതും
മൂന്നുമാതിരിയാകുന്നു, പിന്നിരിപ്പഞ്ചുമട്ടിലാം!
ഗദഭേദവുമവ്വണ്ണം,മാറുണ്ടംകുശചോദനം,
കേററമെട്ടുതരം ചൊൽവിതിറക്കം പത്തുമാതിരി. 17

മൂലം:

ഭദ്രമന്ദ മൃഗഭേദതസ്ത്രിധാ
ജാതിരത്രകരിണാം പുരോദിതാ
വക്ഷ്യതേ പ്രണിധിപൂർവകം ഗതി-
പ്രക്രിയാദിരധുനാ യഥാക്രമം. 7

പരിഭാഷ:

ഭദ്രമന്ദമൃഗപ്പേരായ് മൂന്നുമട്ടിഭജാതിയെ
മുൻചൊന്നല്ലോ പ്രണിധിയും മന്ദമോതാമിനി
ക്രമാൽ. 18

മൂലം:

വാക്പാദാംകുശചോദനാ പ്രണിധിരി-
ത്യുക്തം യതശ്ചാഹതം
ത്രേധാത്ര തു വാക്പ്രചോദനവിധി-
സ്തേഷാം തു യശ്ചാദിമഃ
തം വിദ്യാദുപലാളനം ഹി ഭയകോ-
പാദേരസിദ്ധ്യൈ തഥാ
സ്യാത് പ്രജ്ഞാപനമന്യദത്ര തു തൃതീ-
യം വിധി സന്തർജ്ജനം. 8

Digitized By Kerala Sahitya Akademi

പരിഭാഷ:

ചൊൽകാൽ തോട്ടികളാൽ പ്രേരിപ്പതുതാൻ
പ്രണിധിത്രയം
അതിൽ വാക്ചോദനവിധി മൂന്നുമാതിരിയുണ്ടുപോൽ
ഭയകോപാദിയേല്ലായ്‌വാൻ നല്ലവാക്കുപലാളനം
പ്രജ്ഞാപനമതുണ്ടാവാൻ, ശകാരിപ്പതു തജ്ജനം. 20

മൂലം:

കർമ്മോപക്രമികൈശ്ച സംസ്കൃതപദൈഃ
സംശിക്ഷയേത് പ്രാകൃതൈ-
സ്സത്തദ്ദേശജ ഭാഷയാ ച കളഭം
ജ്ഞാതും ച കർമ്മാണി തു
ഹൂംകാരദ്വയ മാസിതും ഗ്രഹണക-
ർമ്മണ്യാശു തം ഗൃഹ്ണ ഗൃ-
ഹ്ണേത്യേവം പ്രവദേദ്ദുപര്യുപരി ചൈ-
വം തത കരോത് ക്ഷേപണേ. 9

പരിഭാഷ:

സംസ്കൃത പ്രാകൃതപദദേശഭാഷകൾ മൂന്നിനാൽ
കാര്യങ്ങളറിവാൻ ശീലിപ്പിയ്ക്കേണം കളഭങ്ങളെ
ദേസ: ഹെട്ടക്കെട്ടക്കെന്നുമിരിപ്പാൻ ഹൂം ഹൂമെന്നുമേ
തുമ്പിക്കൈപൊക്കുവാൻ മേലേ മേലേയെന്നുമുരയ്ക്കണം. 22

മൂലം:

തിഷ്ഠ തിഷ്ഠേതി ച സ്ഥാതു-
മേഹ്യേഹ്യാഗമനേ തഥാ
ഗച്ഛ ഗച്ഛേതി ഗമനേ
ബോധയേദേവമാദിഭി: 10

Digitized By Kerala Sahitya Akademi

പരിഭാഷ:

നില്ക്കു നില്ക്കെന്നു നിന്നീടാൻ വാവായെന്നോതണം
വരാൻ
പോകാനോ പോകപോകെന്നുമെന്നെല്ലാം
ശീലമാക്കണം. 23

മൂലം:

പാദൌ ഗ്രൈവേയകേ പ്രോത്യ ച ദൃഢനിഹിതാ-
ങ്ഗുംഷ്ഠ പാർഷ്ണി പ്രഹാരൈ-
രുരുഭ്യാം ഗാഢമാബദ്ധ്യ ച സുദൃഢമതിഃ
സ്ഥാണുവത് സംസ്ഥിതസ്സൻ
ഹസ്തേനാദായ യന്താസൃണിമഥ സുദൃഢം
ദക്ഷിണേനാന്യഹസ്തേ
നൈവം തോത്രം ച വേത്രാദിക മവഹിതധിഃ
പ്രേരയേച്ചാരു നാഗം. 11

പരിഭാഷ:

രണ്ടുകാലടിയും കച്ചക്കയറിങ്കൽക്കടെത്തിയും
ഉറപ്പോടേ പെരുവിരൽ മടമ്പിതുകളൂന്നിയും
തുടരണ്ടും വെച്ചമർത്തും തൂൺപോലേ നിന്നിരുന്നമേ
വലങ്കയ്യിൽത്തോട്ടിതാനുമിടത്തേക്കയ്യിലങ്ങിനെ
വളർവേത്രാദിയും കെല്പോടടുത്തും വേണ്ടതിൻവിധം
ഗജങ്ങളെ നടത്തേണമാനക്കാരൻ മഹീപതേ! 26

മൂലം:

അംഗുഷ്ഠാഭ്യാം പുരഃ പ്രേരിതുമഥ സുദൃഢം
പീഡയേദുന്നതാസ്യം

Digitized By Kerala Sahitya Akademi

കത്ത്രം താവുന്നതൌ താവപി വദനമധോ-
നേത്ത്രമപ്യാനതൌ ച
വാമാംഗുഷ്ഠേന വിദ്ധ്യേത് കരിണമഥനയൻ
ദക്ഷിണം പാർശ്വമന്യേ-
നാന്യം ചാകർഷണാത്ഥം ഗജമഥ മതിമാൻ
പാർഷ്ണി യുഗ്മേന ഗാഢം. 12

പരിഭാഷ:

മുന്നോട്ടുപോകാൻ മുന്നോട്ടു രണ്ടംഗുഷ്ഠവുമൂന്നണം
മേല്പോട്ടു തലപൊങ്ങിപ്പാൻ കീഴ്പോട്ടു തല
താഴ്ത്തുവാൻ
ഇടങ്കാൽ വൻവിരലിനാൽ വലത്തോട്ടു തിരിയ്ക്കണം
മറേറതിനാലിടത്തോട്ടു പിന്നോട്ടിരു മടമ്പിനാൽ. 28

മൂലം:

ഗതയസ്സു ത്രിധാ മന്ദ-
ശീഘ്രധാവന ഭേദതഃ
പ്രാക്പശ്ചാതവൃത്ത തിര്യഗ്വ്യാ-
വത്തനൈഃ പഞ്ചധാ തഥാ- 13

പരിഭാഷ:

നടമൂന്നുതരം മെല്ലേ വേഗത്തിൽപ്പാച്ചിലിങ്ങിനെ
മുന്നോട്ടുമാം പിന്നോട്ടും രണ്ടു ഭാഗത്തിലേയ്ക്കുമേ-
വിലങ്ങത്തിലുമെന്നല്ല വട്ടത്തിലുമിതേവിധം
അഞ്ചുഭേദങ്ങളും പോക്കിന്നുണ്ടല്ലോ പുരുഷർഷഭ! 30

Digitized By Kerala Sahitya Akademi

മൂലം:

വംശകന്ധരയോർമ്മധ്യം
കകദം സ്യാത്തദഗ്രതഃ
ക്രമാൽ ത്രീണ്യാസനാനി സ്യു-
മുഖ്യമധ്യാധമാനി ഹി. 14

പരിഭാഷ:

കഴുത്തുതൊട്ടു വളവെല്ലോളം കകദമാണെടോ!
അതിന്മേൽ മൂന്നിരിപ്പുണ്ടു മുഖ്യമധ്യാധമം ക്രമാൽ. 31

മൂലം:

ഏകഃ പ്രസാരിതഃ പാദ-
സ്തദന്യോ നതജാനുകഃ
പാശ്ചാന്ത്യമാസനം ജ്ഞേയ-
മേകം ജാനുഗതം ബുധൈഃ. 15

പരിഭാഷ:

കാൽരണ്ടു, നീട്ടിവെച്ചിട്ടും, മുട്ടരണ്ടുമുയർത്തിയും
ഒരുമുട്ടു മടക്കീട്ടുമീവിധം മൂന്നുമാതിരി. 32

മൂലം:

വംശസ്യോഭയതഃ പ്രസാരിതപദം
ജാനുദ്വയാ കുഞ്ചിതം
വിദ്യാദാനത ജാനുകാസനമിദം
തത്ത്വജ്ഞൽക്കടേ നോൽക്കടം
ഏകം ത്തുൽക്കട ജാനുകം തദപരം
നമ്രം ഹി ക്ലിഷ്ടാസനം

Digitized By Kerala Sahitya Akademi

വിദ്യാത് സംഹത നമ്രജാനയുഗളം
മണ്ഡൂകസംജ്ഞം ഹിതത്. 16

പരിഭാഷ:

തണ്ടെല്ലിൻ രണ്ടുവശവും കാൽരണ്ടും നീട്ടി മുട്ടുകൾ
കുറഞ്ഞൊന്നു മടക്കീട്ടുള്ളിരിപ്പാ 'നതജാനകം'.
മുട്ടുരണ്ടുമുയർത്തീട്ടുള്ളിരിപ്പാണൽക്കടാസനം
ഒരു മുട്ടാലെ കുന്തിച്ചുള്ളിരിപ്പാം കമഠാസനം.
രണ്ടുമുട്ടും ദൃഢംചേർത്തു താഴ്ത്തിയും കൊണ്ടിരിയ്ക്കിലോ
മണ്ഡൂകാസനമെന്നത്രേ പേരതിന്നു ധരാപതേ! 35

മൂലം:

നാഗൈരുദ്ധതകായ സത്ത്വവിഭവൈ-
സ്തീക്ഷ്ണ പ്രതാപൈർജ്ജഗ-
ദ്വ്യാപന്നം നിതരാം സമീക്ഷ്യകൃപയാ
സ്കന്ദാത്മനാദ് ബ്രഹ്മണാ
സൃഷ്ടഃ കശ്ചന പൂരുഷസ്സതുരുഷാ
രക്താന്തദൃഗ് ദംഷ്ട്രയാ
ഭാത്യദ്യന്മകുടോ fങ്കശാങ്കിതകര-
സ്തേനാംകുശാഖ്യോ വ്യയം. 17

പരിഭാഷ:

ഘോരങ്ങളാമാനകളാൽപ്പാരിന്നെല്ലാമുപദ്രവം
നേരിട്ടു കണ്ടുൾക്കനിവാൽ സ്കന്ദനത്ഥിച്ചകൊൾകയാൽ
ബ്രഹ്മാവൊരാളെസ്സൃഷ്ടിച്ചിതവൻ ദംഷ്ട്രാകിരീടവാൻ
കൺചോത്തോനങ്കുശകരനതിനാലങ്കുശാഖ്യനായ്. 37

Digitized By Kerala Sahitya Akademi

മൂലം:

വജ്രാദ്ധചന്ദ്രനവകേതകകണ്ടകാഭാ-
ശ്ചത്വാര ഏവ സൃണയോ വിഹിതാ മുനീന്ദ്രൈഃ
ആവിശ്യ താസു പുരുഷഃ സ്ഥിതവാനയം ഹി
മത്താതിദുഷ്ടഗജസംയമനായ നിത്യം. 18

പരിഭാഷ:

വജ്രം, തിങ്കൾക്കല, നഖം, കൈതമുള്ളിവപോലവേ
തോട്ടിനാലുതരം മാമുനീന്ദ്രർ നിർമ്മിച്ചിരിപ്പതിൽ
ആവേശിച്ചു വസിയ്ക്കുന്നിതങ്കുശാഭിധനാപ്പുമാൻ
മത്തദുഷ്ടഗജൌഘത്തെ നിയന്ത്രിപ്പതിനെപ്പൊഴും. 39

മൂലം:

വിതാനേ ച വിദുർഗ്രീവാ-
നിര്യാണേ മസ്തകേ ƒപി ച
അവഗ്രഹേ ച ജാനീയാൽ
ഷഡ്വിധാ ƒംകുശചാരണാ. 19

പരിഭാഷ:

വിതാനം, വിദു, നിര്യാണം, ഗ്രീവ, കുംഭ, മവഗ്രഹം
എന്നീസ്ഥലങ്ങളിൽത്തോട്ടിവെയ്ക്കലാറാറുമാതിരി.

മൂലം:

അത്ര പ്രാഗ്ഗമനേ പുരോ മുഖമുജ-
സ്തോദോ വിധേയോ ƒനയാ
പശ്ചാന്നേതു മിഹാവകൃഷ്ണമധോ-
ധ്വം നേതു മുത്കർഷണം

Digitized By Kerala Sahitya Akademi

നേത്രം ചേഭമധോഽവ പീഡനമമും
സവ്യം തു സവ്യേതരേ
ഭാഗേ തോദ ഇതീതരേഽപി ച യഥാ-
യോഗം സൃണേശ്ചാരണാ. 20

പരിഭാഷ:

തോട്ടിമുന്നോട്ടുവെച്ചൂന്നിക്കൊണ്ടാൽ മുന്നോട്ടു-
പോം ഗജം,
പിന്നോട്ടമത്താൽപ്പിന്നോട്ടാം മേല്പോട്ടാം
മേലെയൂന്നിയാൽ
കീഴ്പോട്ടമത്താൽ കീഴ്പോട്ടാ, മിടത്തായാൽ
വലത്തുപോം;
വലത്തായാലിടത്തോട്ടാമീവിധം കണ്ടുചെയ്യണം. 42

മൂലം:

ഈഷൽ സ്പർശന പീഡനാതിഹനനാ-
ന്യുൽക്ഷിപ്യ സംപീഡനം
ചോൽക്ഷിപ്യ പ്രതികർഷണഞ്ച പുനരുൽ-
ക്ഷിപ്യാധികം ഭ്രാമണം
തത്രാർദ്ധാംഗുലമാത്രമാനമുദിതം
പൂർവം ക്രമാൽ പീഡനാ-
ദ്യർദ്ധാംഗുലവർദ്ധിതം ത്വിതി സൃണേ-
സ്തോദക്രമോ ദർശിതഃ 21

മൂലം:

മാധൂകപുഷ്പ മധുകൈലവചാശതഗന്ധ-
വില്വം പലാണ്ഡുമരിചം ചസമം സുപിഷ്ടാ

---

* 21, 22 ശ്ലോകങ്ങളുടെ പരിഭാഷ നഷ്ടപ്പെട്ടിരിക്കുന്നു

Digitized By Kerala Sahitya Akademi

ഗോമൂത്രകേണ പരിലേപിതമംകശാഗ്രേ
യ സ്സേന ചോദിത ഇഭസ്സ്വവശം പ്രയാതി. 22

മൂലം:

കോശാതകീക്ഷാരകടുത്രയാല-
സിദ്ധാർത്ഥ കാരുഷ്കര ചൂർണ്ണമേതൽ
തിക്തവാഹവ സിദ്ധൂത്ഥ വിളാദിയുക്തം
സൃണിപ്രലിപ്തം ഗജവശ്യമാഹുഃ

പരിഭാഷ:

പുട്ടൽപ്പീര, ചവക്കാരം, കാഞ്ഞിരക്കുരു, മുക്കടു
കടുകം ചുണ്ടവേരിൻതോലഞ്ചുപ്പമരിതാരവും
തോട്ടിതൻ മുനമേൽത്തേച്ചുകൊാംവത്തും
ഗജവശ്യമാം. 49

മൂലം:

ശതപദീകൃകലാസശിരഃ ശിലാ,
തുരഗപിത്തമൃഗാംഗരുഹൈഃ കൃതം
ഭുജഗകഞ്ചുക വൃശ്ചിക സംയുതൈഃ
സൃണിഷു ലേപമനേക പദർപ്പ ഹൃൽ. 24

പരിഭാഷ:

തേരട്ട, യോന്തിൻതല, മാൻരോമങ്ങൾ, മനയോല,തേൾ
പാമ്പിൻവള, തുരംഗത്തിൻപിത്തമെന്നിവയൊപ്പമേ

Digitized By Kerala Sahitya Akademi

ഗോമൂത്രത്തിലരച്ചിട്ടതോട്ടിതൻ മുനതന്നിലായ്
തേച്ചിട്ടാത്തോട്ടിവെച്ചെന്നാൽ മത്തഹസ്തി-
വശപ്പെട്ടും. 50

മൂലം:

പാർശ്വയോരുഭയോശ്ചൈവ
നിഷ്ഠോശദ്വിതയേ ƒപി ച
പുച്ഛമൂലേ ഗദാഘാത-
മിതി പഞ്ചവിധം വിദുഃ 25

പരിഭാഷ:

രണ്ടുപാർശ്വത്തിലും രണ്ടുകക്ഷിസന്ധിയിലും പ്രഭോ!
വാൽക്കടെയ്ക്കലുമീവണ്ണമഞ്ചുമട്ടാം ഗദാഹതി 51

മൂലം:

കണ്ണദ്വയംഘ്രി ചതുഷ്ടാസ്യൈ-
സ്സാംപ്ലുത്യാ ചൈവമഷ്ടധാ
ഗജാരോഹോ ƒനുധാവദ്ഭി:
പൃഷ്ഠതസ്സാ തു സംപ്ലുതിഃ 26

പരിഭാഷ:

നാലുകാലി,രുക ാതാസ്യമീയംഗങ്ങളിലൂടെയും
കേററമെട്ടുതരം പിന്നിലൂടെയമ്മാറുചാടിയും. 52

മൂലം:

പുച്ഛപാദ ചതുഷ്ടാസ്യ-
പാശ്വകണ്ണദ്വയൈർഗജാത്
അവരോഹണമിത്യേവം
ദശധാ പരികീർത്തിതം. 27

Digitized By Kerala Sahitya Akademi

പരിഭാഷ:

വാൽ, നാലുകാൽ, മുഖം, രണ്ടുകണ്ണുങ്ങളിരുവാരികം
ഇവററിലൂടെ വഴിപോലിറക്കം പത്തുമാതിരി.

മൂലം:

ഇത്യേവം പാലകാപ്യോ മുനിരിഭചരിതം
വ്യാകരോ ദ്രോമപാദാ-
യാനന്ദാന്ദോളിതാത്മാ നൃപതിരഥ മുനിം
പൂജയന്നർഘ്യപാദ്യൈഃ
അധ്യാസാമാസപൃത്ഥ്വീം ചിരതരമിഭര-
ക്ഷോദ്യതോ f ലം ദയാവാ-
നസ്തപ്രത്യർത്ഥിപൃത്ഥ്വീപതിരഖില ജഗ-
ദ്രക്ഷണേ ജാഗരൂകഃ 28

പരിഭാഷ:

ഈ മട്ടു ദന്തിചരിതം പാലകാപ്യനരുളുയാൽ
സന്തോഷമുററുകൊണ്ടൃഷിയെപ്പൂജിച്ചാനംഗഭൂമിപൻ.
ആരോമപാദൻ മാററാരെയൊക്കവേ കീഴടക്കിയും
ലോകരക്ഷയ്ക്കു ശുഷ്കാന്തിപൂണ്ടും വാണിതു
സൌഖ്യമായ്. 55

മൂലം:

രോമേതി നാമ പദ്മസ്യ
വ്യാഖ്യാതം പൂർവസൂരിഭിഃ
തേനൈവാംകിതപാദത്വാ-
ദ്രോമപാദ ഇതി സ്മൃതഃ 29

Digitized By Kerala Sahitya Akademi

പരിഭാഷ:

രോമമെന്നൊരു പര്യായം താമരപ്പൂവിനുണ്ടുപോൽ
അതുപാദത്തിലുണ്ടാകയാലിവൻ രോമപാദനായ്.

മൂലം:

പാലനാദ് ഗജ യൂഥസ്യ
കാപ്യോ ഗോത്രേണ വേദ്യതഃ
പാലകാപ്യസ്ത്വസാവേവ
ദിവ്യോക്ത്യാ f ഭ്രൽ തദാഹ്വയഃ 30

പരിഭാഷ:

ഗജൌഘപാലനത്താലും കവി വംശ്യതയാലുമേ
ആ മുനിയ്ക്കരുളീ പാലകാപ്യനെന്നുള്ള പേർ ബുധർ. 51

മൂലം:

മുനീന്ദ്രോദിതമാതംഗ-
ശാസ്ത്രാഗാധാർണ്ണവാന്മയാ
അല്പാ മാതംഗ ലീലേതി
ലബ്ധേയം ശോധ്യതാം ബുധൈഃ

Digitized By Kerala Sahitya Akademi

വള്ളത്തോൾ കൃതികൾ

ഋഗ്വേദതർജ്ജമ (3 വാല്യം) 60 00
(ഒന്നാം വാല്യമില്ല)

വാല്മീകി രാമായണം
1 സെററു് (7 കാണ്ഡം) 60 00

മാർക്കണ്ഡേയ പുരാണം
(മഹാകവിയുടെ 4 പുരാണ തർജ്ജമ
കളിൽ ഇതൊന്നേ ഇപ്പോൾ കിട്ടാനുള്ളു) 25 00

സംസ്കൃതനാടക തർജ്ജമകൾ
(ഭാസ-കാളിദാസ-ഭാസ്കര-വത്സരാജ
കൃതികൾ) 30 00

മഗ്ദലനമറിയം 3 00

മേൽകാണിച്ച ഇനങ്ങൾ എല്ലാം വളരെ കുറച്ചു കോപ്പികളേ സ്റ്റോക്കുള്ളു. പുതിയ പതിപ്പിന്നു കാത്തിരുന്നാൽ, ഇതിന്റെ ഇരട്ടിവിലയ്ക്കു കിട്ടാൻ പ്രയാസമാകും.

വള്ളത്തോൾ സ്മാരകോപഹാരങ്ങൾ
4—87, 90, 95, 100 ജന്മദിനങ്ങളിൽ
പ്രസിദ്ധീകരിച്ചതു്. ഓരോന്നും ഓരോ
റഫ്രൻസ് ഗ്രന്ഥം. ഓരോന്നിന്നും 10 00

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi